No. 237 NOVEMBER 2012

# KERALA PRIVATE COLLEGE TEACHER

a monthly journal of the all kerala private college teachers' association



## Hridayakumari Committee Report

## Higher Education in Peril

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 237 November 2012




EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar
*Managing Editor*
Dr. G. S. Suresh
*Assistant Editor*
Dr. M.S.Vasanthakumar

*Members*
Prof. P. Mammed
Dr. K. Sreevalsan
Dr. K. P. Sukumaran Nair
Dr. P.S. Geetha Kumari
Prof. R. Mohanakrishnan
Dr. Mathew J. Muttath
Dr. V. Rajendran Nair
Prof. A.G. Oleena
Dr. K.Biju kumar
Prof. Promod Vallachal
Prof. Ajith. G. Krishna
Prof. M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Prof. N. Vipin Chandran
Dr. Soju



AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org


## inside 237


A Cavalier Review and
a Hidden Agenda
Thomas Joseph

ഭാഷയ്ക്കായൊരു സർവ്വകലാശാലയും
വിശ്വമലയാള സമ്മേളനവും
എൻ.കെ.സുനിൽകുമാർ

Possibilities
of Another Colleg(e)ate Scam
Dr. K. Krishnadas

ദലിത ജീവിതം ആഖ്യാനം ചെയ്യപ്പെടുമ്പോൾ
ഡോ.സി. ഉണ്ണികൃഷ്ണൻ

ലക്ഷ്മി ദീദിക്ക് ലാൽ സലാം'
ഡോ.എൻ.എം.സണ്ണി

From Women Empowerment
To Food Security The Kerala Model
Dr. V.T. Sheeba

Dress Code and Identity
Dr. Vinitha Mohan

Don Quixote
Vinodkumar Edachery


- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- ജഡ്ജ്മെൻറ്
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- പുസ്തകലോകം
- സർക്കാർ ഉത്തരവുകൾ



*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

Chief Editor's Desk





# ഇത് രാജ്യദ്രോഹം


രണ്ടാം യു.പി.എ സർക്കാർ അഴിമതിയിലും ജനദ്രോഹ നടപടികൾ നടപ്പിലാക്കുന്നതിലും സർവ്വകാല റെക്കോഡ് നേടിയിരിക്കുകയാണ്. ഇന്ത്യയിലെയെന്നല്ല ലോകത്തിലെ തന്നെ ഒരു ഭരണകൂടവും ഇത്രയേറെ അഴിമതിയും പൊതുസ്വത്തിന്റെ കൊള്ളയടിയും നടത്തിയിട്ടുണ്ടാവില്ല. തങ്ങൾക്കെതിരെ ശക്തമായ ജനവികാരം വളർന്നു വരുന്ന ഘട്ടത്തിലും അഴിമതിയും ജനതാത്പര്യങ്ങൾക്ക് വിരുദ്ധമായ നടപടികളും ശക്തമാക്കി മുമ്പോട്ടുപോവുകയാണ് മൻമോഹൻ സിംഗിന്റെ സർക്കാർ. ഈ വിധത്തിൽ പ്രവർത്തിക്കുവാൻ രാജ്യദ്രോഹികൾക്കും ജനവഞ്ചകർക്കും മാത്രമേ കഴിയൂ!

ടുജി, ത്രീജി സ്പെക്ട്രം അഴിമതി സംബന്ധിച്ച് രാജ്യത്തെ മാധ്യമങ്ങളും ജനകീയ പ്രസ്ഥാനങ്ങളും കേന്ദ്ര സർക്കാരിനെതിരെ അതിശക്തമായ വിമർശനവും പ്രതിഷേധവുമാണ് ഉയർത്തിക്കൊണ്ടു വന്നത്. 122 ൽ പരം വരുന്ന തങ്ങൾക്ക് പ്രിയപ്പെട്ട സ്വകാര്യ കമ്പനികൾക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ സ്പെക്ട്രം ലൈസൻസ് നൽകിക്കൊണ്ട് പൊതു ഖജനാവിൽ വന്നു ചേരേണ്ട കോടിക്കണക്കിന് രൂപ കൊള്ളയടിക്കാൻ അനുവദിച്ചതിനെ സി. ആന്റ് എജിയും സുപ്രീംകോടതിയും ശക്തമായ ഭാഷയിൽ വിമർശിക്കുകയുണ്ടായി. എന്നാൽ സുപ്രീംകോടതി റദ്ദാക്കിയ മേൽപ്പറഞ്ഞ ലൈസൻസുകൾ പുനഃസ്ഥാപിച്ചു കിട്ടുന്നതിനായി കോടതിയിൽ റിവ്യൂ ഹർജി നൽകുവാനാണ് സർക്കാർ തീരുമാനിച്ചത്. ഏത് കോർപ്പറേറ്റ് ശക്തികളുടെ താൽപര്യത്തിനു വേണ്ടിയാണോ സർക്കാർ ഈ അഴിമതിയ്ക്ക് കൂട്ടു നിന്നത് അതേ കോർപ്പറേറ്റുകളുടെ താൽപര്യമാണ് നൂറ്റിയിരുപതിൽപ്പരം കോടി വരുന്ന ഇന്ത്യയിലെ സാധാരണക്കാരുടെ താല്പര്യത്തേക്കാൾ തങ്ങൾക്ക് പ്രധാനമെന്ന് സർക്കാർ ആവർത്തിച്ച് വ്യക്തമാക്കിയിരിക്കയാണ്. എന്നാൽ സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ച് പ്രസ്തുത കേസിൽ നൽകിയ വിധിന്യായം വളരെ ശ്രദ്ധേയമായിരുന്നു. സെപ്തംബർ 27 ന് പുറത്തു വന്ന വിധിയിൽ സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയിൽ പരമോന്നത നീതിപീഠം സംശയം പ്രകടിപ്പിച്ചിരിക്കയാണ്. രാജ്യത്തിന്റെ പ്രകൃതിസമ്പത്ത് എന്തു ചെയ്യണമെന്ന് തീരുമാനിക്കുവാൻ ജനകീയ സർക്കാരിന് അധികാരമുണ്ട്. എന്നാൽ അത് നീതിപൂർവ്വവും സുതാര്യവുമായിട്ടുമായിരിക്കണം ചെയ്യേണ്ടത്. നയം നടപ്പാക്കുന്നതിന്റെ പേരിൽ അന്യായമോ നീതികരിക്കാൻ കഴിയാത്തതോ ആയ കാര്യങ്ങൾ ചെയ്യാൻ സർക്കാരിന് അധികാരമില്ല എന്നാണ് കോടതി വിധിച്ചത്. പക്ഷെ, ഈ കോടതി വിധിയെപ്പോലും തങ്ങൾക്കനുകൂലമാക്കി വ്യാഖ്യാനിക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ടു ജി സ്പെക്ട്രം അഴിമതിയുടെ പേരിലുണ്ടായ കോലാഹലങ്ങൾ കെട്ടടങ്ങുന്നതിന് മുമ്പു തന്നെ അതിലുമെത്രയോ ഭീകരമായ അഴിമതികൾക്ക് സർക്കാർ കൂട്ടുനിന്നതിന്റെ കഥ പുറത്തു വന്നിരിക്കുകയാണ്. കൽക്കരിപ്പാട

ങ്ങളുടെ സ്വകാര്യവൽക്കരണത്തിലൂടെ പൊതുഖജനാവ് കൊള്ളയടിച്ചതിന് പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ കൂട്ടുനിന്നത് വ്യക്തമായ തെളിവുകളോടെ പുറത്തു വന്നിരിക്കുകയാണ്. എസ്.ബാന്റ് കുംഭകോണവും എണ്ണപ്പാടങ്ങൾ റിലയൻസ് കമ്പനിക്കും മറ്റും തീറെഴുതിയ ഇടപാടും ഡൽഹി വിമാനത്താവളത്തിന്റെ പിന്നിൽ നടന്ന അഴിമതിയും മഹാരാഷ്ട്രയിലെ ആദർശ് ഫ്ളാറ്റ് അഴിമതിയും ഡൽഹിയിലെ കോമൺവെൽത്ത് ഗെയിംസിലെ അഴിമതിയും കർണ്ണാടകത്തിലെ ഇരുമ്പ് അയിർ ഖനനത്തിലെ അഴിമതിയും തുടങ്ങി എത്രയെത്ര അഴിമതികളാണ് ആരോപിക്കപ്പെട്ടത്. ഭരണത്തിലേറി രണ്ടു വർഷത്തിനിടയിൽത്തന്നെ ഇത്രയും അഴിമതികൾ നടന്നിട്ടും പാർലമെന്റിൽ വ്യക്തമായ ഭൂരിപക്ഷമില്ലാതിരുന്നിട്ടും യാതൊരു കുലുക്കവുമില്ലാതെ പ്രധാനമന്ത്രിയും കൂട്ടാളികളും രാജ്യത്തെ വിറ്റു തുലയ്ക്കുന്ന നടപടികൾ തുടരുകയാണ്. പ്രധാനമന്ത്രി മുതൽ സൽമാൻ ഖുർഷിദ് വരെ 18 ൽ പരം കേന്ദ്രമന്ത്രിമാരാണ് ഇതുവരെ ആരോപണവിധേയരായത്. ഇതിനിടയിലാണ് കർഷകരെപ്പറ്റിച്ചും നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിയും ഹരിയാണയിലെയും ഡൽഹിയിലെയും മറ്റും കോൺഗ്രസ് സർക്കാരുകളുടെ സഹായത്തോടെയും കുറുക്കുവഴികളിലൂടെയും റിയൽഎസ്റ്റേറ്റ് കച്ചവടം നടത്തി റോബർട്ട് വധേര ക്ഷണനേരം കൊണ്ട് ശതകോടീശ്വരനായി തീർന്ന കഥ പുറത്തു വരുന്നത്. വധേരയ്ക്കോ കോൺഗ്രസ് വക്താക്കൾക്കോ ഈ ആരോപണങ്ങളെ ശരിയാം വിധം പ്രതിരോധിക്കാൻ കഴിഞ്ഞിട്ടില്ല. വധേരയ്ക്കെതിരെയുള്ള അരോപണത്തിന്റെ കുന്തമുന നീളുന്നത് രാജ്യം ഭരിക്കുന്ന പാർട്ടിയുടെ പ്രസിഡന്റിനു നേർക്കാണ് എന്നത് ശ്രദ്ധേയമാണ്.

ജനതയുടെ ഉത്കണ്ഠയും നിസ്സഹായതയും വർദ്ധിക്കുന്നത് ഈ അഴിമതികളെയും കുംഭകോണങ്ങളെയും ആത്മാർത്ഥതയോടെ എതിർക്കുവാൻ രാജ്യത്തെ മുഖ്യപ്രതിപക്ഷമായ ബി.ജെ.പി.യ്ക്കോ കൂട്ടാളികൾ ചേർന്ന എൻ.ഡി.എയ്ക്കോ കഴിയുന്നില്ല എന്നതിലാണ്. ഇപ്പോൾ പ്രതിപക്ഷമായിരിക്കുന്ന എൻ.ഡി.എ ഭരണത്തിലിരുന്ന കാലത്തും ഇങ്ങനെയൊക്കെത്തന്നെയായിരുന്നുവെന്നും പൊതുമുതലും പ്രകൃതിവിഭവവും വിറ്റു കാശാക്കാൻ അവരും മുൻപന്തിയിലായിരുന്നുവെന്നുമുള്ള വസ്തുത ഈ നിസ്സഹായാവസ്ഥ കൂടുതൽ വർദ്ധിപ്പിക്കുകയാണ്. ബി.ജെ.പിയുടെ അധ്യക്ഷൻ നടത്തിയ കൃഷിഭൂമി കുംഭകോണം സംബന്ധിച്ച ആരോപണവും പുറത്തു വന്നിരിക്കയാണ്. യു.പി.എ. – എൻ.ഡി.എ ശിങ്കങ്ങൾക്കെതിരെ കെജ്രിവാൾ അഴിമതിയാരോപണങ്ങളുടെ മാലപ്പടക്കം പൊട്ടിച്ചിരിക്കയാണ്. കെജ്രിവാളും അന്നാഹസാരെയും സംഘങ്ങളും നടത്തുന്ന അഴിമതി വിരുദ്ധ സമരം അരാഷ്ട്രീകരണ പ്രചരണത്തിന്റെ പ്രതിഫലനമാണുണ്ടാക്കുന്നതെങ്കിലും ജനശ്രദ്ധ നേടുവാനിടയാക്കുന്നുണ്ട്. അവരുടെ പ്രവർത്തനങ്ങൾ മാധ്യമങ്ങൾ ഘോഷിക്കുന്നതും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന നിരവധി സന്നദ്ധപ്രസ്ഥാനങ്ങൾക്കും ലഭിക്കാത്ത പ്രാധാന്യം അവർക്ക് ലഭിക്കുന്നതും സംശയാസ്പദം തന്നെ. അതാര്യമായ ചില ശക്തികളുടെ പിൻബലം അവർക്ക് ലഭിക്കുന്നുണ്ടെന്നു വേണം ഇതിൽ നിന്ന് സംശയിക്കാൻ. എങ്കിലും അഴിമതിയ്ക്കെതിരെ സധൈര്യം അവർ നടത്തുന്ന പ്രചാരണം വിലമതിക്കാവുന്നതാണ്. അഴിമതിയ്ക്കെതിരെ മാത്രമല്ല ഈ സർക്കാർ നടത്തുന്ന ജനദ്രോഹ നടപടികൾക്കും നയങ്ങൾക്കുമെതിരെയും അവർ പ്രതികരിക്കാൻ തയ്യാറാകണം. കോർപ്പറേറ്റുകൾക്കു വേണ്ടി പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില കൂട്ടിക്കൊണ്ട് ജനജീവിതം ദുസ്സഹമാക്കുന്ന അവസ്ഥയും കരിഞ്ചന്തയും പൂഴ്ത്തിവയ്പും പ്രോത്സാഹിപ്പിക്കുന്ന നയങ്ങളും പൊതുമേഖലയെ തകർത്തുകൊണ്ടും പൊതു വിതരണ സംവിധാനം ഇല്ലാതാക്കിക്കൊണ്ടും വിലക്കയറ്റം സൃഷ്ടിക്കുന്ന ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾക്കെതിരെ യോജിച്ച സമരം ഉയർന്നു വരേണ്ടതാണ്. മുഖ്യപ്രതിപക്ഷ ശക്തികൾ മടിച്ചു നിൽക്കുന്ന ഘട്ടത്തിൽ ഈ രംഗത്ത് ഇടത് രാഷ്ട്രീയ പാർട്ടികളും പൗരസമൂഹത്തിലെ സന്നദ്ധ പ്രസ്ഥാനങ്ങളും ആവുന്നത്ര മേഖലകളിൽ യോജിച്ചു കൊണ്ടുള്ള ശക്തമായ ജനകീയ പോരാട്ടത്തിന് തയ്യാറാകേണ്ടതുണ്ട്. ബഹുജനങ്ങളുടെ ജീവൽ പ്രശ്നങ്ങളിൽ ഇടപെട്ടു കൊണ്ട് സുധീരം പ്രവർത്തിക്കുന്ന നിരവധി സന്നദ്ധപ്രസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഒറ്റപ്പെട്ട അത്തരം പ്രസ്ഥാനങ്ങളുടെ ഒരു പൊതുവേദി ഉയർത്തിക്കൊണ്ടു വരാനുള്ള ഉത്തരവാദിത്തം രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. അതാണ് കാലഘട്ടം ആവശ്യപ്പെടുന്ന പ്രധാന കടമ.



> The hidden agenda of restricting access to qualitative higher education is masked under the cavalier recommendations of the committee. The committee argues that both CBCSS and traditional systems have failed and half heartedly suggests that a mix of the two could provide a better alternative. In practice, this would bring about structural diversity and academic uniformity across universities, which is contrary to the very concept of CBCCSS.

Hridayakumari Committee Report

# A Cavalier Review and a Hidden Agenda


Thomas Joseph

*Former National President, AIFUCTO and Former President AKPCTA*




Choice-based- course- credit-semester system (CBCCSS) and grading was introduced at the undergraduate level in the universities in the State in 2009 on the basis of the recommendations of a seven member expert committee of renowned academics chaired by Dr. M. Vijayan of IISC, Bangalore. The State Higher Education Council which initiated the reform process in January 2007 held extensive consultations with the stakeholders including teachers, students and non-teaching staff at different stages and conducted both extensive and intensive training programmes at the state, university and college levels, preparatory to the introduction of the reform. The universities were given freedom in regard to the introduction of the system and in implementing it at their own pace, with local level modifications, if necessary, without disturbing the overall state level framework. Accordingly Mahatma Gandhi, Calicut and Kannur Universities introduced CBCCSS in 2009 and Kerala University in 2010, with minor variations from university to university in curriculum structure and major variations in the choice of courses, course content and implementation strategies.

The experience of the implementation of the new curriculum varies from university to university, subject to subject, college to college and classroom to classroom. While there has been a celebration of diversity in course content and pedagogic practices in all universities, the administration of the new system has not been foolproof everywhere. Mahatma Gandhi

University has been surprisingly successful in administering the new system without any hassles in respect of admissions, holding classes, conducting examinations and bringing out results on schedule. But the experiences of other universities have not been so salutary. Since the first batch of students in the new system have already passed out, it is appropriate now to hold a comprehensive review of the curriculum and its implementation. Therefore the review undertaken by the Hridayakumari Committee appointed by the Higher Education Council is timely.

But going by the sketchy report and self-contradictory recommendations of the committee, it appears that the committee has not taken its work seriously. This is surprising as most of the members of the committee represent the Higher Education Council/ syndicates of different universities in the State which will be entrusted with the task of implementing these recommendations. The report makes no systematic analysis of the objectives and relevance of the CBCCSS and its implementation at the academic and administrative levels in different universities. The report is only a haphazard statement of subjective impressions of the members of the committee, most of whom had gone on record opposing the very concept of CBCCSS when it was originally implemented three years ago. However, the recommendations made by the committee which have been accepted by the Higher Education Council and approved by the Government are very sweeping and potentially destructive. If implemented, they would not only dismantle the new curriculum lock, stock and barrel, but also bring into existence a strange amalgam of a curriculum incorporating some features of the annual and semester systems, the implementation of which would cut off the State's higher education system from the rest of the country and the world. The consequences are bound to be disastrous, especially in terms of the quality of higher education imparted in the State and the prospects of employment for our young people outside the State.

Before going into the details of the implied assumptions and stated recommendations of the Hridayakumari Committee, it would be pertinent to look at the social and academic objectives that prompted Dr. Vijayan committee to recommend the introduction of CBCCSS and the curricular and pedagogic strategies adopted by it for the realization of these objectives. The most important social objective of introducing CBCCSS at the undergraduate level in the affiliating universities in the State, involving large numbers of students, was to provide "quality education for all" with a view to maximizing and equalizing opportunities for social and economic empowerment in a world which is increasingly being dominated by cutting edge knowledge, created and disseminated by higher education systems. The committee was of the view that the CBCCSS would combine the advantages of structural uniformity and academic diversity that would catapult Kerala's higher education system into the orbit of national and international higher education systems, facilitating large scale academic collaboration and employment opportunities across the globe. The new system would provide choices within a multi-disciplinary framework for promoting interdisciplinary explorations at the post-graduate and research levels, leading to the creation of new knowledge which often emerges at the meeting point of apparently unrelated disciplines. In a world where existing knowledge becomes outdated and new knowledge is created at an exponential pace, the committee wanted to provide a system that would help learners "learn to learn" and to prepare them for life-long learning instead of cramming up and memorizing outdated facts and figures. The pedagogic strategies recommended by the committee are such as would provide space for developing critical thinking, communicative competence, capacity for collaborative learning and creativity. There is ample space for analysis,

evaluation, assimilation and synthesis. The learner would be placed at the centre-stage of the learning activity, learning a lot by himself and in collaboration with her peers, with the teacher playing the role of an intelligent and understanding facilitator. Assignments, seminars, field trips, dissertations etc. would increasingly replace the monologue of the teacher in the classroom. The physical space of the class room would undergo drastic changes in course of time to incorporate the new features fully. The evaluation process would be more reliable and less taxing, depending more and more on internal continuous evaluation and less and less on external evaluation. The system of awarding numerical marks with their unrealistic claims for making finer distinctions would be replaced by a more realistic and less taxing system of direct grading.

The report of the Hridayakumari committee gives no indication that these questions were discussed and debated before recommending drastic changes in CBCCSS which has incorporated these features. There is no mention of the social and educational principles that moved the Hridayakumari committee to make its recommendations either. It appears that there was a conspiracy to keep the public in the dark about the basic principles that form the basis of the review report. The procedures adopted by the committee do not appear



to have been as transparent as they are claimed to be. Consultation has been selective and reporting biased. If at all a survey was held, it does not appear to have been followed up with a systematic analysis with the help of statistical tools. The committee, it appears, had a divided mind prompting the chairperson to present her dissenting views . However, the members of the committee were united in their disapproval of the CBCCSS .The solution suggested by the committee that CBCCSS should be robbed of its substance and retained in form as any deviation from the national pattern could be problematic for the universities and the State Government is not only academically cancerous, but socially and politically dishonest.

What are the implications of the recommendations of the Hradayakumari Committee? The Higher Education Council has identified eleven items for immediate implementation and the Government has "authorized" the Council to pursue its implementation in the universities. Obviously, other recommendations of the committee which have been accepted "in principle" would be taken up for implementation in due course. The implementation of the eleven strategic recommendations is the first step ,the real objective of which is to bring about total chaos in the higher education system of the State. That would set the stage for dismantling the CBCCSS in affiliated colleges and prepare the ground for the implementation of the more controversial recommendations like restricting CBCCSS to a few selected autonomous colleges across the State where quality education could be imparted to the select few, leaving the large majority in the lurch. That such a step would run contrary to the 12th plan objective as set out by the Planning Commission which has adopted a holistic approach to the issues of expansion, equity and excellence by providing for improvement quality in every educational institution

and access to all sections of society, particularly the disadvantaged, is obviously no concern of the Higher Education Council/State Government.

The hidden agenda of restricting access to qualitative higher education is masked under the cavalier recommendations of the committee. The committee argues that both CBCSS and traditional systems have failed and half heartedly suggests that a mix of the two could provide a better alternative. In practice, this would bring about structural diversity and academic uniformity across universities, which is contrary to the very concept of CBCCSS. The cavalier approach of the committee betrays itself at several places in the report. Generic issues common to all systems are identified as issues specific to CBCCSS. Without ensuring a reasonable teacher- student ratio, no active learning can take place, whether it is in the annual system or semester system or trimester system. The committee's finding that numbers do not matter in the annual system is a measure of its academic indifference. The committee has not bothered to examine the distinctions between curriculum and syllabi and between paper and course which perhaps explains its fundamental failure to understand the working of the CBCCSS. A curriculum is an overall structural framework and a syllabus is an autonomous unit within the general framework. The syllabi of a particular course can be good /bad /indifferent, whatever be the curricular framework. The criticism of the committee of the methodology course has to be understood in this context. Scrapping the methodology course from the curriculum on the ground that it is too difficult for undergraduate students would considerably detract from the project of "learning to learn" which CBCCSS promotes. The committee's finding that a course is but a 'slice of a paper' shows its misunderstanding of the nature and structure of a course under the semester system which is as much an autonomous unit as a paper under the annual system. The assumption that a paper would provide ample space for in-depth study while a course would only facilitate peripheral learning arises from an inadequate understanding of the implications of studying a subject in depth on the one hand and the importance of multidisciplinary studies at the undergraduate level.

The committee also raises some imaginary woes. That the climatic conditions prevailing in Kerala do not permit split vacations is too simplistic an argument to be incorporated in an academic review of the CBCCSS. The exclusive concern expressed by the committee for maintenance of standards in English betrays its mistaken belief that higher education is all about fluency in speaking and writing Queen's English. The committee's preoccupation with British History has little relevance in the context of a general review of the CBCCSS. However it brings out the colonial mindset that continues to govern English studies in the country. It is necessary to distinguish between learning English as a language of international communication and learning British English and British literature as expressions of British culture. One is an imperative; the other only a matter of choice.

The committee dismisses direct grading introduced as part of CBCCSS without analyzing its implications. Though direct grading is not an essential component of the CBCCSS, it has been introduced to make the evaluation process more transparent and realistic than the system of awarding marks with numerical numbers. The committee appears to have been indifferent to the qualitative difference between direct and indirect grading while preferring the latter for the former. While direct grading is an academic exercise, indirect grading is only an administrative intervention for ironing out inaccuracies in evaluation. Direct grading would sort out imperfections in the tools of evaluation at the academic level itself, making the evaluation process more reliable. While both systems are internationally acceptable, they serve different purposes. Indirect grading would only keep in check unhealthy competition

among children; direct grading, in addition, would also make the evaluation process more realistic and less taxing.

The Higher Education Council and the State Government will have to contend with several questions before advising the universities to implement the Hridayakumari Committee report. What are the social and academic objectives of the changes proposed in CBCCSS? What is the rationale of Hridayakumari committee recommendations that run contrary to the recommendations of national level committees/bodies (Yash Pal Committee/ National Knowledge Commission/ UGC/Planning Commission)? Has the Council framed a State specific vision of higher education and strategy for its realization which are contrary to national goals and strategies? Pending review of the State Policy on Higher Education framed by the previous Council, would it not be more appropriate to review CBCCSS in accordance with the new policy which is in the offing? Why is the Council putting the cart before the horse by reviewing CBCCSS first and policy later? Does the UDF approve of policies and strategies in higher education contrary to national objectives and strategies? Has the Congress which claims to lead the Government succumbed to the compulsions of coalition politics and in the process compromised national level goals and strategies in higher education?

ज्ञान - विज्ञानं विमुक्तये

Dr. K. P. Singh
Joint Secretary

UNIVERSITY GRANTS COMMISSION
BAHADUR SHAH ZAFAR MARG
NEW DELHI-110 002
Phone: 011-2323 9597
Fax : 011-2323 6347

**BY SPEED POST**

D.O. No. F. 1 -2/2008 (XI Plan) 16th October, 2012

*Subject:* **Action Plan for Academic and Administrative Reforms,**

Dear Sir / Madam,

This is in continuation of this office letters of even number dated January 31, 2008 and March 30, 2009 regarding academic and administrative reforms for promotion of quality and excellence in higher education in keeping with the country's long experience with various academic models and practices.

The UGC had prepared an Action Plan for Academic and Administrative Reforms as a new initiative during the XI Plan. This Action Plan was to be implemented in a time bound manner subject to a maximum of two years. The Action Plan comprised of recommendations on the following aspects:

- Semester system
- Choice - based credit system,
- Curriculum development
- Admission procedures
- Examination reform

It is proposed that during the XII Plan, the implementation of UGC Action Plan on Academic and Administrative Reforms will be linked with accreditation as well as UGC funding. Also, these reforms are necessary for the promotion of quality education. Implementation of these reforms has also been included in the UGC's Action Plan for the year 2012-13

You arc once again requested to implement the Action Plan without any further delay and inform UGC of the status of its implementation latest by 30.11.2012.

With kind regards,

Yours sincerely,

**(K.P. Singh)**

19th October 2012

THE TIMES OF INDIA

# UGC Wants credit system in colleges by November 30

THIRUVANTHAPURAM: The University Grants Commission has reminded all colleges in the state to implement the choice-based credit and semester system (CBCSS) at the earliest, as it would be linked with accreditation as well as UGC funding.

Incidentally, a committee appointed by the Kerala State Higher Education Council to study the implementation of CBCSS, had recommended a partial rollback to the annual system, the UGC has reminded the colleges that the CBCSS should be implemented at the earliest as it will be linked with accreditation as well as UGC funding.

The letter, sent by joint secretary of the UGC to all colleges on October 16, said the UGC's action plan for academic and administrative reforms during the XIth Plan should be implemented at the earliest. The action plan comprised aspects like semester system, choice-based credit system, curriculum development, admission procedures and examination reforms.

"It is proposed that during the XII Plan, the implementation of UGC action plan on academic and administrative reforms will be linked with accreditation as well as UGC funding. Also these reforms are necessary for the promotion of quality education," the letter read.

The UGC has further asked the colleges to implement the system by November 30. The KSHEC recommendations, based on the report of Hridayakumari Committee, which was set up to study the working of the system and to suggest improvements, had given 11 recommendations based on its findings. It had also asked the government to modify the system.

The government had issued an order, according in-principle sanction to the KSHEC's recommendations which created a ruckus in a syndicate members' meeting convened to discuss the recommendations on Wednesday. The teaching community, led by All Kerala Private College Teachers' Association and All Kerala Government College Teachers' Association, have been opposing the recommendations. "Though the CBCSS may not be foolproof, but it is well %on track.


Even the UGC is praising the system. The system does not require a total makeover," K L Vivekanandan, state secretary of AKPCTA said.

The Hridayakumari Committee had suggested several changes to the CBCSS, including limiting the system to a select few colleges.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

2012 -13 വർഷത്തെ മെമ്പർഷിപ്പ് തുക
അടിയന്തിരമായി സംസ്ഥാന ട്രഷററെ നേരിട്ടോ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയോ
എത്തിക്കേണ്ടതാണ്.

ട്രഷററുടെ മേൽവിലാസം
**പ്രൊഫ. ആർ.മോഹനകൃഷ്ണൻ**
ടി.സി.10/1967 (2), കെ.ആർ.ഡബ്ല്യു.എ -70
ശിവാരം, വട്ടിയൂർക്കാവ്, തിരുവനന്തപുരം -695013
**മൊബൈൽ: 9497592458**



# എ.കെ.പി.സി.ടി.എ സംസ്ഥാന പ്രവർത്തക ക്യാമ്പ്

## റിപ്പോർട്ട്

എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രവർത്തക ക്യാമ്പ് 2012 സെപ്തംബർ 22, 23 തീയതികളിൽ ആലുവ വൈ. എം സി എ ക്യാമ്പ് സൈററിൽ വച്ച് നടന്നു. ഉദ്ഘാടന സമ്മേളനം, പ്രവർത്തന രേഖ, ഉന്നത വിദ്യാഭ്യാസ രംഗത്തെ സമകാലിക പ്രശ്നങ്ങൾ, ഗ്രൂപ്പ് ചർച്ച, സംഘടനാ ചരിത്രം എന്നിവ വിവിധ സെഷനുകളിലായി നടന്നു.

ആദ്യദിനം പ്രവർത്തക ക്യാമ്പ് ആരംഭിച്ചത് ഉദ്ഘാടന സമ്മേളനത്തോടെയായിരുന്നു. ഈ സമ്മേളനം എളമരം കരീം എം എൽ എ ഉദ്ഘാടനം ചെയ്തു.

കേന്ദ്രസർക്കാരിൻെറ നയങ്ങൾ തൊഴിലാളി വർഗ്ഗത്തെ വലിയ പ്രക്ഷോഭങ്ങളിലേക്കും സമരത്തിലേക്കും കൊണ്ടുവരുന്നു. 2012 ഫെബ്രുവരി 28 ന് ഇന്ത്യയിൽ നടന്ന പൊതുപണിമുടക്കിൽ 10 ലക്ഷം പേരാണ് പങ്കെടുത്തത്. ഇതു നമ്മുടെ രാജ്യത്തെ ചരിത്ര സംഭവമാണ്. കേന്ദ്ര സർക്കാരിൻെറ നയങ്ങൾക്കെതിരെ പുതിയ പ്രക്ഷോഭങ്ങൾക്ക് തൊഴിലാളി വർഗ്ഗം രൂപം നല്കിവരുകയാണ് ഇപ്പോൾ.

കേന്ദ്ര സർക്കാരിൻെറ പുതിയ സാമ്പത്തിക പരിഷ്കരണ പരിപാടികളിൽ പല ഘടക കക്ഷികളും അസന്തുഷ്ടരാണ്. അതുകൊണ്ടാണ് യു പി എ സർക്കാരിൽ നിന്നും തൃണമൂൽ കോൺഗ്രസ് പിൻമാറിയത്. രാജ്യത്തെ ജനങ്ങളുടെ വികാരം മാനിച്ച് ഈ പുതിയ നടപടികളിൽ നിന്നും സർക്കാർ പിൻതിരിയുവാൻ തയ്യാറാകണം.

നവലിബറൽ നയങ്ങൾ ലോകത്തെയാകെ ജനങ്ങളുടെ ജീവിതം അനിശ്ചിതത്തിലാക്കുന്നു എന്നതാണ് സമകാലിക സംഭവങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഇത് കാണുവാൻ ഭരണവർഗ്ഗം തയ്യാറാകുന്നില്ല എന്നത് ഖേദകരമാണ്. ലോകത്താകെ തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നു. ഇന്നു ലോകരാഷ്ട്രങ്ങളുടെയിടയിൽ കാണുന്ന പ്രവണത job less ൽ നിന്നും job loss ലേക്കു മാറുന്നതായാണ്. നമ്മുടെ രാ

ജ്യത്തും ഈ അവസ്ഥ നില നിൽക്കുന്നു. പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി തൊഴിൽ മേഖലയിൽ തൊഴിൽ വർദ്ധിക്കുന്നില്ല.

ലോകത്താകമാനം പ്രതിസന്ധി സൃഷ്ടിക്കുന്ന മുതലാളിത്ത നയങ്ങളാണ് ഇന്ത്യയിലും 1991 മുതൽ ഭരണ കർത്താക്കൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക നയം മുഖേന സമ്പന്നമാകുന്നത് കോർപ്പറേറ്റുകളാണ്. സാധാരണ ജനങ്ങൾക്ക് ജി ഡി പി വളർച്ചയുടെ ഗുണം ലഭിക്കുന്നില്ല. ഇന്നു സർക്കാർ ഒരു facilitater ആയി മാത്രം പ്രവർത്തിക്കാനാണ് തയ്യാറാകുന്നത്.

കാർഷിക മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാർ ഒരു പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ നയങ്ങൾ തന്നെയാണ് കേരളത്തിലെ സർക്കാരും പിൻതുടർന്നു വരുന്നത്. കേരളത്തിലെ രാഷ്ട്രീയ സമരങ്ങളും സാമൂഹ്യ പ്രക്ഷോഭങ്ങളും സംസ്ഥാനത്ത് കഴിഞ്ഞ കാലത്ത് വലിയ മാററങ്ങൾക്ക് കാരണമായിട്ടുണ്ട്. ഇതൊന്നും കണ്ടില്ലെന്നു നടിക്കുകയാണ് ഇപ്പോഴത്തെ സർക്കാർ.

സംസ്ഥാന സർക്കാരിന്റെ നയങ്ങൾ പലതും പുന:പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ Emerging Kerala യിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്നത്.

വികലമായ വിദ്യാഭ്യാസ നയങ്ങളാണ് കേരളത്തിലെ സർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്നത്. സർവ്വകലാശാല സിൻഡിക്കേററുകളെ പിരിച്ചുവിടുക, കാലിക്കററ് സർവ്വകലാശാലയിൽ ഭൂമി കുംഭകോണം നടത്തുക, തുടങ്ങിയവ ഈ സർക്കാരിന്റെ കുത്സിത നടപടികളിൽ ചിലത് മാത്രമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ വികലമായ നയങ്ങൾക്കെതിരെ യോജിച്ചുള്ള പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുവാൻ എ.കെ.പി.സി.ടി.എ പദ്ധതികൾ ആവിഷ്കരിക്കണമെന്നും അദ്ദേഹം സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് കോളജ് അധ്യാപകരോട് ആഹ്വാനം ചെയ്തു.




മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. ജോയ് ജോബ് കുളവേലിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഇന്ത്യയിലെ രാഷ്ട്രീയ സാഹചര്യങ്ങൾ വിവരിക്കാതെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കില്ല. ഒരു കോർപ്പറേററ് സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നത്. ഇന്ത്യൻ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പുതിയ സാമ്പത്തിക നയങ്ങൾക്കാവില്ല. അലുവാലിയ, ചിദംബരം- മൻമോഹൻ ചിന്തകളാണ് നവലിബറൽ പരിഷ്കാരങ്ങൾ.



ഡോ. ജോയ് ജോബ് കുളവേലി

ഉന്നത വിദ്യാഭ്യാസ രംഗത്തെ നവലിബറൽ നയങ്ങൾ വിവിധ ഘട്ടങ്ങളായി ചിത്രീകരിക്കുവാൻ കഴിയും. A decade of turmoil,Faculty Assumptions, Undesirable outcomes, Questionable Approches എന്നിവയാണവ. നവലിബറൽ പരിഷ്കാരങ്ങളാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ തകർച്ചയ്ക്ക് കാരണം. കോടതി വിധികളും ആഗോളീകരണത്തെ ശക്തിപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 1991 ഓടെ ഉന്നവിദ്യാഭ്യാസ രംഗത്ത് നിന്നും സർക്കാർ പിൻവാങ്ങൽ ധ്യതഗതിയിലായി ഇപ്പോൾ ജി ഡി പിയുടെ 0.40 ശതമാനം മാത്രമാണ് ഉന്നതവിദ്യാഭ്യാസത്തിന് കേന്ദ്ര സർക്കാർ ചിലവിടുന്നത്.

1995 ൽ കേന്ദ്രസർക്കാർ സ്വകാര്യ സർവകലാശാലകൾ എന്ന ആശയം കൊണ്ടു വന്നു. 2000 ൽ കോർപ്പറേററുകളായിരുന്ന അംബാനി- ബിർള എന്നിവരുടെ റിപ്പോർട്ട് കൊണ്ടു വരികയും അതിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള

ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ കേന്ദ്രസർക്കാർ നടപ്പാക്കുന്നത് നാരായണമൂർത്തി കമ്മിററി നിർദ്ദേശങ്ങളാണ്. കോർപ്പറേററുകൾ സർവകലാശാലകൾ ആരംഭിക്കുന്നതാണ് രാജ്യതാല്പര്യത്തിന് അഭിലഷണീയം എന്ന നാരായണമൂർത്തി കമ്മിററി നിർദ്ദേശം അലുവാലിയ തുടങ്ങിയവർ സ്വാഗതം ചെയ്തിട്ടുണ്ട്. 2008 ഒന്നാം യു പി എ സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യവൽകരണ നടപടികൾക്ക് തുടക്കം കുറിക്കുവാൻ വിദേശ മൂലധനത്തെ ക്ഷണിക്കുവാനുമുള്ള നടപടികൾ ആരംഭിച്ചിരുന്നു. ഇടതുപക്ഷ കക്ഷികളുടെ ശക്തമായ എതിർപ്പിനെ തുടർന്നത് നടപ്പാക്കിയില്ല. എന്നാൽ ഇന്നു ഈ നടപടികൾ ശക്തമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് രണ്ടാം യു പി എ സർക്കാർ. വിദേശ മുടക്കുമുതൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുന്നതോടെ രാജ്യത്തെ 30% വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കും എന്ന സർക്കാരിന്റെ നിഗമനം അസംഭവ്യമാണ്.

അമേരിക്കയിൽ പോലും 75% സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ ധനസഹായത്തോടെയാണ് പ്രവർത്തിച്ചു വരുന്നത്. അവിടെ അതൊരു പ്രൈവററ് ഗുഡ് അല്ല. ഒരു സോഷ്യൽ ഗുഡ് ആയിട്ടാണ് ഇപ്പോഴും കണക്കാക്കുന്നത്. ശാസ്ത്ര- സാങ്കേതിക രംഗത്ത് 1990 കളിൽ ഇന്ത്യയുടെ സ്ഥാനം രണ്ടാമതായിരുന്നു. നമ്മൾ ഇപ്പോൾ മൂന്നാം സ്ഥാനത്തേക്ക് പോയിട്ടുണ്ട്. ശാസ്ത്ര ഗവേഷണ രംഗത്ത് നമ്മൾ പുറകോട്ട് പോവുകയാണ് ഇപ്പോൾ. 50കളിൽ നാം ആരംഭിച്ച വികസന മാതൃക തകർക്കുന്ന നയമാണ് ആഗോളവൽകരണത്തിലൂടെ നടപ്പാക്കുന്നത്. ഇന്ത്യയിലെ സാഹചര്യവും കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുരോഗമന പ്രസ്ഥാനങ്ങൾ നടത്തിയ പോരാട്ടങ്ങളും നമ്മൾ നമ്മുടെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ ഇനിയും വൈകരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിൽ പ്രസിഡൻറ് പ്രൊഫ. പി. മമ്മദ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ. പി . തോമസ് മാത്യു നന്ദിയും രേഖപ്പെടുത്തി.



ഡോ. എ.പി. കുട്ടികൃഷ്ണൻ

തുടർന്നു ഡോ. കെ ശ്രീവത്സൻ- സംഘടന പ്രവർത്തന രേഖ,പ്രൊഫ. ആർ. മോഹന കൃഷ്ണൻ- സാമ്പത്തിക രേഖ, ഡോ. യു ഹേമന്ത് കുമാർ- അക്കാദമിക രേഖ,പ്രൊഫ. എ ജി ഒലീന- വനിതാ പ്രവർത്തന രേഖ, പ്രൊഫ. കെ. എസ് ജയചന്ദ്രൻ- സർവ്വീസ് വിഷങ്ങൾ, ഡോ. എസ്. ജയരാജ് കുമാർ- ജേർണൽ എന്നിവ അവതരിപ്പിച്ചു.

ഉച്ചകഴിഞ്ഞ് ആരംഭിച്ച സെഷന്റെ വിഷയം *ഉന്നത വിദ്യാഭ്യാസ രംഗത്തെ സമകാലിക വിഷയങ്ങൾ* എന്നതായിരുന്നു. കണ്ണൂർ സർവ്വകലാശാല പ്രൊവൈസ് ചാൻസലർ ഡോ. എ. പി കുട്ടികൃഷ്ണൻ, എം ജി സർവ്വകലാശാല പ്രൊവൈസ് ചാൻസലർ ഡോ. രാജൻ വർഗ്ഗീസ് എന്നിവർ ഉന്നത വിദ്യാഭ്യാസ രംഗത്തെ വിഷയങ്ങളെ ആസ്പദമാക്കി സംസാരിച്ചു.

2009-10 അക്കാദമിക് വർഷം 1500 ൽ അധികം അധ്യാപകരുടെ വേക്കൻസികൾ ഉണ്ടാക്കുകയും അതിൽ നിയമനം നടത്തുകയും ഉണ്ടായി. ഇത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാററം കൊണ്ടുവരുന്നതിനു വളരെയധികം സഹായിച്ചിട്ടുണ്ട്. ഈ ഒഴിവുകളിൽ നിയമനം നടത്തുവാൻ സംഘടനയുടെ ദീർഘകാലത്തെ പ്രവർത്തനവും പ്രക്ഷോഭങ്ങളും സഹായിച്ചിട്ടുണ്ട്. ഇങ്ങനെ വരുന്ന അധ്യാപകരെ നമ്മുടെ അംഗത്വത്തിലേക്ക് കൊണ്ടുവരുവാൻ ബോധപൂർവ്വമായ പ്രവർത്തനം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം. കണ്ണൂർ സർവ്വകലാശാലയാണ് ക്രെഡിററ് സെമസ്റ്റർ സമ്പ്രദായം ആദ്യമായി നമ്മുടെ കോളജുകളിൽ നടപ്പാക്കിയത്. ഈ സംവിധാനത്തിന്റെ പരിമിതികൾ സർവ്വകലാശാലയിലെ കോളജുകളിൽ ഒഴിവാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സെമസ്റ്റർ സംവിധാനം കാര്യക്ഷമമായി ഇനിയും മുന്നോട്ട് കൊണ്ടു പോകുന്നതിന് നമ്മുടെ അക്കാദമിക് പ്രവർത്തനം ഗൗരവമായി മുന്നോട്ട് കൊണ്ടു പോകണമെന്ന് ഡോ. എ. പി. കുട്ടികൃഷ്ണൻ പറഞ്ഞു.

തുടർന്നു ഡോ. രാജൻവർഗ്ഗീസ് ഉന്നത വിദ്യാഭ്യാസ രംഗത്തെ വിഷയങ്ങളും മഹാത്മാഗാന്ധി സർവ്വകലാശാല പരിധിയിലുള്ള കോളജുകളിൽ കഴിഞ്ഞ 4 വർഷമായി നടക്കുന്ന അക്കാദമിക് പ്രവർത്തനങ്ങളും വിവരിച്ചു. ഡിഗ്രി തലത്തിൽ സെമസ്റ്റർ ക്രെഡിററ് സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കു

വാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ പരിപാടി നടപ്പാക്കുന്നതിന് സർവ്വകലാശാല-കോളജ് അധ്യാപകരുടെയും സർവ്വകലാശാല ജീവനക്കാരുടെയും പൂർണ്ണമായ പിൻതുണ ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സർവ്വകലാശാലകളുടെ നിലവാരത്തിൽ 26 - ാം സ്ഥാനം കൈവരിക്കുവാൻ സർവ്വകലാശാലക്ക് കഴിഞ്ഞിട്ടുണ്ട്. സർവ്വകലാശാലയിൽ നടക്കുന്ന ഗവേഷണ പഠനത്തിൻെറ ഗുണമേന്മ ഉയർത്തുന്നതിനും കഴിഞ്ഞ നാളുകളിൽ നമ്മുടെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്. ക്രെഡിററ് സെമസ്റ്റർ സമ്പ്രദായം അട്ടിമറിക്കാനുള്ള ഏത് പരിശ്രമവും നമ്മൾ ചെറുക്കണം. ഇത് എ കെ പി സി ടി എ ക്ക് കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.


ഉന്നത വിദ്യാഭ്യാസ രംഗത്തെ സമകാലിക വിഷയങ്ങൾ എന്ന സെഷൻസിൽ വൈസ് പ്രസിഡൻറ് കെ. പി സുകുമാരൻ നായർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറിമാരായ ഡോ. കെ. എൽ വിവേകാനന്ദൻ സ്വാഗതവും ഡോ. ഡി കെ ബാബു നന്ദിയും പറഞ്ഞു.



ഡോ. രാജൻ വറുഗീസ്

തുടർന്നു ക്യാമ്പിൽ അവതരിപ്പിച്ച വിവിധ പ്രവർത്തന രേഖകളെ സംബന്ധിച്ച് ക്യാമ്പിൽ പങ്കെടുത്ത അധ്യാപകർ കേരള, എം ജി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലാ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി.

രണ്ടാം ദിവസം രാവിലെ വിവിധ സർവ്വകലാശാലയിൽ നിന്നും ഗ്രൂപ്പ് ചർച്ചയിൽ വന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ഗ്രൂപ്പ് തെരഞ്ഞെടുത്ത അധ്യാപകർ വിവിധ വിഷയങ്ങൾ റിപ്പോർട്ട് ചെയ്തു. കേരള സർവ്വകലാശാല അധ്യാപകരുടെ അഭിപ്രായങ്ങൾ ഡോ. ടി ആർ മനോജ്( എം എസ് എം കോളജ്, കായംകുളം)പ്രൊഫ. വിജയകുമാരി (എസ് എൻ വനിതാ കോളജ്, കൊല്ലം) എന്നിവർ റിപ്പോർട്ട് ചെയ്തു. എം ജി സർവ്വകലാശാല അധ്യാപകരുടെ അഭിപ്രായങ്ങൾ പ്രൊഫ. ജോജി അലക്സ്(സെൻറ് തോമസ് കോളജ്, പാല) ഡോ. വി പി മാർക്കോസ് (യു സി കോളജ്, ആലുവ) എന്നിവരും കോഴിക്കോട് സർവ്വകലാശാല പ്രദേശത്തെ അധ്യാപകരുടെ അഭിപ്രായങ്ങൾ പ്രൊഫ. ദേവദാസ്( എസ് എൻ കോളജ്, ആലത്തൂർ) കണ്ണൂർ സർവ്വകലാശാല പ്രദേശത്തെ അധ്യാപകരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഡോ. പി സി ലക്ഷ്മണൻ ( പി ആർ എൻ എസ് കോളജ്, മട്ടന്നൂർ) പ്രൊഫ. ഇ. ഹരികൃഷ്ണൻ( പയ്യന്നൂർ കോളജ്, പയ്യന്നൂർ) എന്നിവർ റിപ്പോർട്ട് ചെയ്തു.



ഗ്രൂപ്പ് റിപ്പോർട്ടിംഗിൽ വന്ന വിവിധ വിഷയങ്ങൾക്ക് ജനറൽ സെക്രട്ടറി ഡോ. കെ ശ്രീവത്സൻ വിശദമായി മറുപടി പറഞ്ഞു.

സംഘടന ചരിത്രം എന്ന വിഷയത്തെ ആസ്പദമാക്കി മുൻജനറൽ സെക്രട്ടറി പ്രൊഫ. വി എൻ മുരളി ക്ലാസെടുത്തു. വൈസ് പ്രസിഡൻറ് ഡോ. പി എസ് ഗീതകുമാരി അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ്കുമാർ സ്വാഗതവും ജില്ലാ സെക്രട്ടറി ഡോ. കെ കൃഷ്ണദാസ് നന്ദിയും രേഖപ്പെടുത്തി.

കേരളത്തിലെ സ്വകാര്യ കോളജ് അധ്യാപകരുടെ സമരേതിഹാസം തന്നെയാണ് അവരുടെ സംഘടിത പ്രസ്ഥാനമായ എ കെ പി സി ടി എയുടേയും ചരിത്രം. 1932 ൽ പ്രൊഫ. എം പി പോളിൻെറയും സഹപ്രവർത്തകരുടേയും ശമ്പളം തൃശൂർ സെൻറ് തോമസ് കോളജ് മാനേജ്മെൻറ് ഒരു കാരണവുമില്ലാതെ വെട്ടിക്കുറച്ചു. ഇതിനെതിരെ പ്രൊഫ. എം പി പോൾ പ്രതികരിച്ചു. ഇതാണ് കേരളത്തിലെ സ്വകാര്യ കോളജ് അധ്യാപക പ്രസ്ഥാനം തുടക്കം കുറിച്ച മുഹൂർത്തം എന്നു പറയാം. കേരളത്തിൽ നാലോ അഞ്ചോ സ്വകാര്യ കോളജുകളും 100 ൽ താഴെ അധ്യാപകരുമാണ് അന്ന് ആകെയുണ്ടായിരുന്നത്. ഊർജസ്വലമായ ഒരു സംഘടിത പ്രസ്ഥാനം ഉടലെടുത്തിട്ടില്ലാത്ത അക്കാലത്ത് പ്രൊഫ. എം പി പോളിന് മാനേജ്മെൻറിൻെറ ധിക്കാരത്തെ ചെറുത്തു തോല്പിക്കുവാനുള്ള സാഹചര്യം ഇല്ലായിരുന്നു. വ്യവസായ മുതലാളിമാരുടെ ഹീനമായ ലാഭതൃഷ്ണയെ കവച്ചുവെയ്ക്കുന്ന പണക്കൊതിയും അവരനുവർത്തിക്കുന്ന തൊഴിലാളിവിരുദ്ധ പ്രവർത്തനങ്ങളെ അതിശയിപ്പിക്കുന്ന അധ്യാപക മർദ്ദനവും സവിശേഷ സ്വഭാവങ്ങളായിട്ടുള്ള സ്വകാര്യമാനേജ്മെൻറുകൾക്ക് ഒരു പേടി സ്വപ്നമായി തന്നെ നമ്മുടെ സംഘടന വളർന്നു വികാസം കൊണ്ടിരിക്കുന്നു.

1958 ഡിസംബർ 21-ാം തിയതി എറണാകുളം സെൻറ് ആൽബർട്സ് കോളജിൽ വച്ചാണ് എ കെ പി സി ടി എ രൂപീകരിക്കപ്പെട്ടത്. 1932 ൽ തിരുവിതാംകൂർ യൂണിവേഴ്സിററി പ്രൈവററ് കോളജ് ടീച്ചേഴ്സ് യൂണിയൻ രൂപീകരിച്ചു. ഇത് പിന്നീട് ട്രാവൻകൂർ യൂണിവേഴ്സിറ്റി പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി. 1957 ൽ തന്നെ മലബാർ കൊച്ചി പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നൊരു സംഘടന നിലവിൽ വന്നു . ഈ രണ്ടു സംഘടനകളും സംയോജിച്ചാണ് 1958 ൽ എ കെ പി സി ടി എ ജന്മമെടുത്തത്. പ്രൊഫ. പി സി ജോസഫ്, പ്രൊഫ. കെ വേലായുധൻ നായർ, പ്രൊഫ. വി. ആർ സുബ്രഹ്മണ്യം എന്നിവരാണ് എ കെ പി സി ടി എ യുടെ ആരംഭകാല നേതാക്കൾ.



പ്രൊഫ. പി.മമ്മദ്



ഡോ. ശ്രീവത്സന്

സ്വാകാര്യ കോളജ് അധ്യാപകരുടെ പോരാട്ടങ്ങളെ രണ്ടായി തിരിക്കാം. ഒന്ന്, ശമ്പള പരിഷ്കരണത്തിനു വേണ്ടിയുള്ള സമരങ്ങൾ, രണ്ട്, സേവന വേതന ഭദ്രതയ്ക്കു വേണ്ടിയുള്ളവ

1961 ലാണ് സ്വകാര്യ കോളജ് അധ്യാപകർ ആദ്യമായി തെരുവിലിറങ്ങിയത്. 1966 ൽ ഡയറക്ട് പെയ്മെൻറ് എന്ന ആശയം സ്വകാര്യ കോളജ് അധ്യാപകർ മുന്നോട്ട് വച്ചു. തുടർന്നുള്ള പ്രക്ഷോഭസമരങ്ങളുടെ ഫലമായി 1972 ൽ ഡയറക്ട് പെയ്മെൻറ് നിലവിൽ വന്നു. സ്വകാര്യ കോളജ് അധ്യാപകർക്ക് 1976 ൽ പെൻഷൻ സമ്പ്രദായം നിലവിൽ വന്നു. 1981 ൽ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ യു ജി സി ശമ്പളത്തിനു വേണ്ടിയുള്ള പണിമുടക്ക് നടന്നു. തുടർന്നുള്ള കാലങ്ങളിലും നാം ഐതിഹാസികമായ പല സമരങ്ങൾ നടത്തിയിട്ടുണ്ട്.

സേവന ഭദ്രതയ്ക്ക് വേണ്ടി നാം നടത്തിയ വിവിധ സമരങ്ങളും ചരിത്രത്തിൻെറ ഭാഗമാണ് ഈ സമരങ്ങളുടെ ഫലമായാണ് കേരള സർവ്വകലാശാല നിയമത്തിൽ ചാപ്ററർ 8 നിലവിൽ വരുന്നത്. ഇത് സ്വകാര്യ കോളജ് അധ്യാപകരുടെ മാഗ്നാകാർട്ടയായി കണക്കാക്കുന്നു. വിവിധ സമരങ്ങളിലൂടെയാണ് നാം സേവന സ്ഥിരതയിൽ എത്തിയത്. നാം നടത്തിയ പല സമരങ്ങളിലും നാം പരാജയപ്പെട്ടിട്ടുണ്ട്. പക്ഷെ പിൽക്കാലത്ത് നമ്മുടെ ആവശ്യങ്ങൾ നമുക്ക് നേടിയെടുക്കുവാനും കഴിഞ്ഞിട്ടുണ്ട് എന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. നമ്മളെ നശിപ്പിക്കുവാൻ മാനേജുമെൻറുകൾക്ക് കഴിയില്ല എന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത് എന്ന് പ്രൊഫ. വി. എൻ മുരളി പറഞ്ഞു.

ദ്വിദിന സംസ്ഥാന പ്രവർത്തന ക്യാമ്പിൽ പങ്കെടുത്ത അംഗങ്ങളുടെ വിശദാംശങ്ങൾ അടങ്ങുന്ന ക്രഡൻഷ്യൽ റിപ്പോർട്ട് എറണാകുളം ജില്ലാ പ്രസിഡൻറ് പ്രൊഫ. ബക്ഷി പോൾ അവതരിപ്പിച്ചു.



# ബിരുദതല പുനഃസംഘാടനവും പ്രൊഫ.ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടും

## അക്കാദമിക് സെമിനാർ

എ.കെ.പി.സി.ടി.എ. യുടെ ആഭിമുഖ്യത്തിൽ ബിരുദതല പുനഃസംഘാടനവും പ്രൊഫ. ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടും എന്ന വിഷയത്തിൽ 2012 ഒക്ടോബർ 13 ശനിയാഴ്ച കോട്ടയം സി.എം.എസ് കോളജ് ഗ്രേറ്റ് ഹാളിൽ വച്ച് സംസ്ഥാനതല അക്കാദമിക് സെമിനാർ നടന്നു.

കേരളത്തിലെ സർവ്വകലാശാലകളുടെ കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളജുകളിൽ ബിരുദതലത്തിൽ വിജയകരമായി നടപ്പാക്കിയ ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം ദേശീയതലത്തിൽ പരക്കെ അംഗീകാരം നേടിക്കഴിഞ്ഞിരിക്കുകയാണ്. യു.ജി.സി യുടെയും കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെയും നിർദ്ദേശാനുസരണം നൂതന പരിഷ്കാരങ്ങൾ ഉൾപ്പെടുത്തി ദീർഘവീക്ഷണത്തോടെ ജനാധിപത്യപരമായി എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണിതു നടപ്പാക്കിയത്.

യു.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറ്റങ്ങളും കുറവുകളും പരിഹരിക്കാനെന്ന വ്യാജേന പ്രൊഫ. ഹൃദയകുമാരി അധ്യക്ഷയായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പലതും അശാസ്ത്രീയവും സി.ബി.സി.എസ്.എസ്. ന്റെ അടിസ്ഥാനതത്ത്വങ്ങൾ ബലികഴിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടിലെ അപാകതകളെക്കുറിച്ചാണ് പ്രധാനമായും ചർച്ച നടന്നത്.

സെമിനാർ ഉദ്ഘാടനം ചെയ്തത് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. രാജൻ ഗുരുക്കളാണ്. വിദ്യാഭ്യാസരംഗത്തെ സ്വകാര്യവല്ക്കരണത്തിനും കച്ചവടവല്ക്കരണത്തിനും എതിരെയും ധനമൂലധന ശക്തികളുടെ ആസൂത്രിതമായ തന്ത്രങ്ങൾക്കെതിരെയും ജാഗരൂകരാകേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

അറിവ് innovation ആണ്. എന്നാൽ ഗോത്രവർഗ്ഗക്കാരിൽ നിലനിന്നിരുന്ന പരമ്പരാഗത അനുഷ്ഠാനങ്ങളെയും സമ്പ്രദായങ്ങളെയും ethnographic practice ആക്കി അറിവിനെ വില്പനചരക്കാക്കി (commodity) മാറ്റുകയാണ്. അറിവ് എന്താണ് എന്നതല്ല അത് എങ്ങനെ പ്രവർത്തിക്കുന്നു എന്നതാണ് അവർ ആവിഷ്ക്കരിക്കുന്ന പ്രധാന തന്ത്രം. Corporatocracy ആയി മാറുന്ന ഭരണവർഗ്ഗം സാധാരണ ജനങ്ങളിൽനിന്നും വളരെ അകന്നു നില്ക്കുന്നു. സാധാരണക്കാർക്ക് സംഘടിതരായി വിലപേശാനറിയില്ല. IIT കളിൽ നിന്നും പഠിച്ചിറങ്ങുന്ന പ്രഗത്ഭരായ എൻജിനീയറന്മാരെ അന്താരാഷ്ട്രഭീമന്മാർ വിലക്കെടുക്കുകയും രാപ്പകൽ ഭേദമന്യേ മണിക്കൂറുകളോളം Software repairing, Trouble shooting programme കളിൽ ജോലി ചെയ്യുവാൻ നിർബന്ധിക്കുകയും ചെയ്യുന്നു. കോർപ്പറേറ്റ് മുതലാളിത്തത്തിൽ മനുഷ്യാവകാശലംഘനമാണ് നടക്കുന്നത്. ഈ അടിച്ചമർത്തലിനെതിരെയുള്ള പ്രക്ഷോഭമാണ് യുവജന

ങ്ങളെ വർഗ്ഗസമരങ്ങളിലേക്ക് നയിക്കുന്നത്. ചൂഷണം മാത്രം മുഖമുദ്രയാക്കിയ ഒരുതരം അപ്രത്യക്ഷീകൃത ഹിംസയാണവിടെ നടക്കുന്നത്. സാമൂഹിക നീതിയും ഗുണമേന്മയും ഉറപ്പുവരുത്തി യുവതലമുറയെ അന്താരാഷ്ട്ര ബൂർഷ്വാസിയോട് മത്സരിക്കാൻ പ്രാപ്തരാക്കണം. Social preparation Strategy യും new innovative practice ഉം ഉറപ്പാക്കണം. ദക്ഷിണകൊറിയ പോലുള്ള രാജ്യങ്ങളിൽ 98% വിദ്യാർത്ഥികളും ഉന്നത വിദ്യാഭ്യാസമേഖലയിൽ പ്രവേശിക്കുമ്പോൾ കേരളത്തിൽ 18-22% പേർ മാത്രമേ അക്കാദമിക്കായി ഉയരങ്ങളിൽ പ്രവേശിക്കുന്നുള്ളൂ. ലോകകമ്പോള സമ്മർദ്ദങ്ങളെ അതിജീവിച്ച് ചൂഷണതന്ത്രങ്ങളിൽനിന്നും മോചനം നേടണം. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം സെപ്റ്റംബർ 19 ന് പുറപ്പെടുവിച്ച ഉത്തരവ് (7.3.0) കോർപ്പറേറ്റുകൾക്ക് അറിവിനെ ചരക്കാക്കി കച്ചവടം നടത്താൻ അനുമതി നൽകുന്നു. ഇതിനെതിരെ സംഘടിക്കണം. സാം പിത്രോഡയെപ്പോലെ വൻകിട മൂലധനലോബികൾക്കുവേണ്ടി വിദ്യാഭ്യാസനയത്തെ വികലമായി കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കുന്നവരുണ്ട്. സർക്കാരിനു മേൽ വലിയ സ്വാധീനവും തങ്ങളുടെ താല്പര്യസംരക്ഷണത്തിനായി തീരുമാനമെടുപ്പിക്കാനുള്ള കഴിവും ഇവർക്കുണ്ട്. ഇവരോട് ഏറ്റുമുട്ടിയാലും ഇല്ലെങ്കിലും നഷ്ടം സാധാരണ ജനങ്ങൾക്കു മാത്രം. ഗുണനിലവാരം ഉറപ്പാക്കാനുള്ള വെല്ലുവിളി ഏറ്റെടുത്ത് അഴിമതി തടയണം. യഥാർത്ഥത്തിൽ ചെയ്യേണ്ടതു ചെയ്ത് തിരുത്തൽ ശക്തിയായി നിലകൊള്ളുകയാണു വേണ്ടതെന്ന് ഡോ.രാജൻ ഗുരുക്കൾ പറഞ്ഞു. ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലമിതാണെന്ന് ഡോ.ഗുരുക്കൾ ഓർമ്മിപ്പിച്ചു.



എ.കെ.പി.സി.ടി.എ. മുൻ സംസ്ഥാന പ്രസിഡന്റും ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുൻ മെമ്പർ സെക്രട്ടറിയും ഐഫക്ടോ മുൻ പ്രസിഡന്റുമായ പ്രൊഫ.തോമസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി.


ബിരുദതല പുന:സംഘാടനത്തിന്റെ ഭാഗമായി നടപ്പിലാക്കിയ സി.ബി.സി.എസ്.എസ്. വിദ്യാർത്ഥികളുടെ വ്യക്തിത്വവികാസവും ബൗദ്ധികമായ ഉന്നമനവും ലക്ഷ്യമാക്കിയുള്ളതാണ്. From structural uniformity to academic diversity, Interdisciplinary courses, Imagination process, Not academic but administrative methodology ഇവയൊക്കെ നടപ്പാക്കിയത് യു.ജി.സി. യുടെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ്. ഗ്രേഡിങ്, സെമസ്റ്റർ സമ്പ്രദായം, നിരന്തര ആന്തരിക മൂല്യനിർണ്ണയം, വിദ്യാർത്ഥി കേന്ദ്രീകൃത പഠനരീതി ഇവയൊക്കെ, ഐ.ഐ.ടി. കളിലും മെഡിക്കൽ എൻജിനീയറിംഗ് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിലും നിലവിലുള്ളതാണ്. കുറച്ച് കോളജുകൾക്ക് സ്വയംഭരണാവകാശം നൽകി അറിവിന്റെ കേന്ദ്രമാക്കി അവിടെമാത്രം സെമസ്റ്റർ സമ്പ്രദായം നിലനിർത്തിയാൽ മതിയെന്നും മറ്റുള്ള കോളജുകളിൽ വാർഷിക പരീക്ഷാ സമ്പ്രദായം മതിയെന്നുമുള്ള കമ്മിറ്റിയുടെ ശുപാർശ സാമൂഹിക നീതിക്കു നിരക്കാത്തതാണ്.

മൂല്യനിർണ്ണയത്തിന് ഒരു ക്ലാസ്സ് പരീക്ഷ മതി Core നും English നും മാത്രം പ്രാധാന്യം നൽകി അവയ്ക്ക് മാത്രം വാർഷിക പരീക്ഷ മതി, കോംപ്ലിമെന്ററി, ഓപ്പൺ, അഡീഷണൽ ലാംഗ്വേജ് എന്നിവയ്ക്ക് സെമസ്റ്റർ പരീക്ഷയാകാം എന്നൊക്കെയുള്ള ശുപാർശകൾ പരീക്ഷാസമ്പ്രദായം അവതാളത്തിലാക്കാൻ മാത്രമേ ഉപകരിക്കൂ.

Methodology കോഴ്സ് ഭാഷാ-ശാസ്ത്ര, മാനവിക വാണിജ്യ പ്രോഗ്രാമുകളിൽ തികച്ചും വ്യത്യസ്തമായിരിക്കും. അതുകൊണ്ട് Methodology ക്ക് പ്രാധാന്യം നൽകേണ്ടതാണ്. വിവരസാങ്കേതിക വിദ്യയുടേതായ ആധുനിക കാലഘട്ടത്തിൽ Informatics കോഴ്സ് അധ്യാപകർക്ക് പരിചിതമല്ലെന്നു പറഞ്ഞ് ഒഴിവാക്കുന്നത് മൗഢ്യമാണ്. മോഡറേഷൻ നൽകുന്നത് മൂല്യനിർണ്ണയത്തിലെ അസ്ഥിരതയും പരിമിതിയും ഒഴിവാക്കാനാണെന്നതിനാൽ നിലനിർത്തേണ്ടതാണ്.

ഏപ്രിൽ, മെയ് മധ്യവേനലവധി





യായി പുന:ക്രമീകരിക്കുന്നത് ബാലിശവും യുക്തിരഹിതവുമായിരിക്കും. പി.ജി. പഠനം ഇപ്പോൾതന്നെ സെമസ്റ്റർ രീതിയിൽ നടക്കുന്നത് അട്ടിമറിക്കാനേ ഇതുപകരിക്കുകയുള്ളൂ. അക്കാദമിക് പരിഷ്കാരത്തെ ശക്തിപ്പെടുത്താൻ വേണ്ടി പ്രൊഫ. ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ട് പുന:പരിശോധിക്കണമെന്ന് പ്രൊഫ. തോമസ് ജോസഫ് പറഞ്ഞു.

സെമിനാറിൽ എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ.കെ.പി.സുകുമാരൻ നായർ അധ്യക്ഷനായിരുന്നു. എ.കെ.ജി.സി.ടി. ജനറൽ സെക്രട്ടറി പ്രൊഫ. കെ.ജയകുമാർ, കേരള സർവ്വകലാശാല സിൻഡിക്കേറ്റംഗം പ്രൊഫ. പി.രഘുനാഥ്, മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് കെ. ഷറഫുദ്ദീൻ, അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.യു.ഹേമന്ത്കുമാർ എന്നിവർ സംസാരിച്ചു. എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി ഡോ.കെ.ശ്രീവത്സൻ സ്വാഗതവും കോട്ടയം ജില്ലാ സെക്രട്ടറി പ്രൊഫ. ടോമിച്ചൻ ജോസഫ് നന്ദിയും പറഞ്ഞു.

*With best compliments form :*

**COSMOBOOKS**


**Al-ameen Building, Railway station**
**Linkroad, Kozhikode - 673002**
**Ph : 0495 2703487**
**Email: cosmobooks@airtelmail.in**

Publishers and Distributors for
Engineering, Medical, Pharmacy books History, Politics,
psychology, Sociology, Politics, History, Economics,
Commerce , Mathematics, Botany, Zoology, Chemistry,
Physics, Computer,, Veterinary, Agriculture,
Malayalam books etc

Head Office
Mangala Tower
Paliyam Road
North Bus Stand Trichur
Ph :0487-2335292
cosmobooks@asianetindia.com

Branch
Press Club Road
Kochi

Ph : 0484 2343848.



# ഭാഷയ്ക്കായൊരു സർവ്വകലാശാലയും വിശ്വമലയാള സമ്മേളനവും

എൻ.കെ.സുനിൽകുമാർ
മഹാത്മാഗാന്ധി കോളജ്
തിരുവനന്തപുരം



ഭാഷ, ജനസംസ്കൃതിയുടെ ആധാരശിലകളിലൊന്നാണ്. കല, സാഹിത്യം, ആചാരാനുഷ്ഠാനങ്ങൾ, നാട്ടുനടപ്പ്, ജ്ഞാനത്തിന്റെ സഞ്ചിതശേഖര രൂപീകരണം എന്നിങ്ങനെ സംസ്കാരത്തിന്റെ നേർപ്രതീകങ്ങളായ പ്രതിഭാസങ്ങളൊക്കെ പ്രത്യക്ഷവൽക്കരിക്കപ്പെടുന്നത് ഭാഷയിലൂടെയാണ്. എഡ്വേഡ് ബി ടൈലറിനെപ്പോലുള്ള സമൂഹശാസ്ത്രജ്ഞരും, നോം ചോംസ്കിയെ പോലുള്ള ഭാഷാ ചിന്തകരുമൊക്കെ ഭാഷ ഒരു സാംസ്കാരിക മുദ്രണമാണെന്ന് (Cultural registration) അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്വന്തം ലിപിയും, സാഹിത്യവും, ചരിത്ര പശ്ചാത്തലവും മാനദണ്ഡമാക്കി യുനസ്കോ തയ്യാറാക്കിയ ഭാഷാ പട്ടികയിൽ അന്താരാഷ്ട്ര തലത്തിൽ 26-ാം സ്ഥാനമാണ് നമ്മുടെ മലയാളത്തിന്! മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സൗഭാഗ്യമായ തുഞ്ചത്ത് തുഞ്ചത്ത് രാമാനുജനെഴുത്തച്ഛന്റെ നാമധേയത്തിൽ ഇക്കഴിഞ്ഞ നവംബർ 1 - ാം തീയതി തിരൂർ കേന്ദ്രമായി കേരളത്തിൽ ഒരു സർവ്വകലാശാല കൂടി സ്ഥാപിതമായിരിക്കുന്നു. നേരത്തേ നിലവിലുണ്ടായിരുന്ന കേരള, കോഴിക്കോട്, മഹാത്മാഗാന്ധി, സംസ്കൃത, കണ്ണൂർ, കൊച്ചി, കാർഷിക, മെഡിക്കൽ സർവ്വകലാശാലകൾക്കും, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയ്ക്കും, കോഴിക്കോട് എൻ.ഐ.ടി, ഐ.ഐ.എം തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുറമെയാണ് മലയാള ഭാഷയുടെ ഉന്നമനത്തിനായി തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല കൂടി നിലവിൽ വന്നിരിക്കുന്നത്. ടി.എൻ. ജയചന്ദ്രൻ, ആർ. രാമചന്ദ്രൻ നായർ തുടങ്ങിയ ഐ.എ.എസ് തലത്തിലെ വൈസ് ചാൻസലർമാരായിരുന്നവർക്ക് കെ. ജയകുമാറിലൂടെ തുടർച്ച വന്നിരിക്കുന്നു. പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പഠന വിഭാഗങ്ങൾ ഇവയാണ്, 1. മലയാള ഭാഷാ പഠനാലയം, 2. സാഹിത്യ പഠനാലയം, 3. താരതമ്യ സാഹിത്യ പഠനാലയം, 4. പരിഭാഷാ പഠനാലയം, 5. രംഗ പഠനാലയം, 6. ദൃശ്യ കലാ-വാസ്തുവിദ്യാ പഠനാലയം, 7. സാംസ്കാരിക പഠനാലയം, 8. മാധ്യമ പഠനാലയം, 9. വിജ്ഞാന പൈതൃക പഠനാലയം. ആദ്യഘട്ടത്തിലെ നിർദ്ദിഷ്ട കോഴ്സുകൾ ബിരുദാനന്തര ബിരുദ തലത്തിലെ പന്ത്രണ്ട് എം.എ കോഴ്സുകളാണ്. ഈ സർവ്വകലാശാലയ്ക്ക് കീഴിൽ അഫിലിയേറ്റഡ് കോളജുകൾ ഉണ്ടാവുകയില്ല എന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഭാഷാ പഠനത്തിന് സവിശേഷമായി സ്ഥാപിതമായിരിക്കുന്ന കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല. സംസ്കൃത സർവ്വകലാശാല, കാലടി കേന്ദ്രമാക്കി വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചപ്പോൾ നമ്മുടെ ഭാഷാസ്നേഹികൾ ആ ശ്രേഷ്ഠഭാഷയുടെ വികേന്ദ്രീകരണവും പ്രചാരവും സ്വപ്നം കണ്ടിരുന്നു. പക്ഷെ മിടുക്കരായ കുട്ടികളെ പ്രായോഗിക കോഴ്സുകൾക്കയച്ച് പിന്നാക്കം നിന്നവരെ തിരഞ്ഞു പിടിച്ച് പരിശീലിപ്പിക്കുന്ന

സ്ഥാപനം എന്നതിൽ കവിഞ്ഞ് വളരാൻ നമ്മുടെ ഭരണകൂടം പ്രസ്തുത യൂണിവേഴ്സിറ്റിയെ അനുവദിച്ചില്ല.

രണ്ടായിരമാണ്ടിൽ ഡോ. കെ.കെ.എൻ. കുറുപ്പ് വൈസ് ചാൻസലറായിരിക്കെ, കാലിക്കറ്റ് സർവ്വകലാശാല, വടകര നഗരസഭയുടെ സഹായത്തോടെ അവിടെ സർവ്വകലാശാലയുടെ ഉപകേന്ദ്രം തുടങ്ങുകയും, പശ്ചിമേഷ്യൻ പഠനം, താരതമ്യ സാഹിത്യം, ഫോക്‌ലോർ എന്നീ വിഷയങ്ങളിൽ എം.എ കോഴ്സും ആറോളം ഐച്ഛിക വിഷയങ്ങളിൽ ബി.എഡ് കോഴ്സും ആരംഭിക്കുകയുണ്ടായി. എന്നാൽ പിന്നീട് വന്ന സർക്കാരും, യൂണിവേഴ്സിറ്റി അധികാരികളും പ്രസ്തുത കോഴ്സുകളുടെ ആശാവഹമായ തുടർച്ചയ്ക്ക് ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയില്ല. ഫലമോ, ഗ്രാമീണ മേഖലയിലെ മിടുക്കരായ കുട്ടികൾക്കായി വിഭാവനം ചെയ്യപ്പെട്ട വകുപ്പുകൾ ആളില്ല എന്ന കാരണത്താൽ ചില വകുപ്പുകളിൽ ലയിപ്പിച്ചും, പുനഃക്രമീകരിച്ചും തേഞ്ഞിപ്പാലം ക്യാമ്പസിലെത്തി.

ഇക്കഴിഞ്ഞ ഒക്ടോബർ അവസാനം സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി ഉപകേന്ദ്രത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി സ്ഥലം എം.എൽ.എ കെ.ദാസനും വൈസ് ചാൻസലർ ഡോ. പ്രസാദും ചേർന്ന് ഒരു യോഗം വിളിക്കുകയുണ്ടായി. ഇത്തരം യത്നങ്ങൾ ജനാധിപത്യപരമായ അക്കാദമിക് നവീകരണങ്ങൾക്കും വിദ്യാഭ്യാസ വ്യാപനത്തിനും ഉതകുമെന്നുള്ളതിന് നല്ലൊരു മാതൃകയാണ്.

പുതിയ സർവ്വകലാശാലയുടെ ഉദ്ഘാടന വേളയിൽ നമ്മൾക്ക് ആലോചിക്കാവുന്നത് അടിസ്ഥാന വിദ്യാഭ്യാസം മാതൃഭാഷയിലൂടെ എന്നത് ഉറപ്പാക്കുമെന്നുള്ള ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ ഒന്നര വർഷം പഴക്കമുള്ള പ്രഖ്യാപനമാണ്. മലയാളം ഒന്നാം ഭാഷയാക്കാനുള്ള തടസ്സങ്ങൾ നീക്കുകയാണ് ഇപ്പോഴും സർക്കാർ! നീങ്ങുമെന്ന് ഉറപ്പില്ല താനും. ഒരു വശത്ത് ഒരു സർവ്വകലാശാല ഭാഷയ്ക്കായി സ്ഥാപിക്കുമ്പോഴും മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഭരണകൂടത്തിന് കഴിയുന്നില്ല. തൊണ്ണൂറുകളുടെ ആദ്യം മുതൽക്കു തന്നെ അൺ എയ്ഡഡ് വിദ്യാലയങ്ങൾ ഇഷ്ടാനുസരണം ആരംഭിക്കാൻ ആർക്കും അനുമതി നൽകിയ ഭരണകൂട തുടർച്ചയാണ് ഇന്ന് കേരളത്തിലുള്ളത്. ഒറ്റത്ത് ഇംഗ്ലീഷ് മാധ്യമമാക്കിയുള്ള പ്രാഥമിക വിദ്യാഭ്യാസത്തിന് സർവ്വ പിന്തുണയും നൽകി എതിരറ്റത്ത് മാതൃഭാഷാ സ്നേഹവും, ശ്രേഷ്ഠ ഭാഷാപദവിയും ഉരുവിടുന്ന രാഷ്ട്രീയ കാപട്യം നമ്മൾ തിരിച്ചറിയണം. നിക്ഷേപസമാഹരണത്തിനായി നാടിന്റെ അമൂല്യമായ സംസ്കാരവും, പരിസ്ഥിതിയും ഇതര ഘടകങ്ങളും ആർക്കും തീറെഴുതാൻ മടിയില്ലാത്ത ഭരണപക്ഷ നിഗൂഢതകൾക്കാണ് കഴിഞ്ഞ ഒന്നര വർഷമായി കേരളം സാക്ഷിയാകുന്നത്. വൻകിട സ്വഭാവമുള്ള സ്വകാര്യ മൂലധനശക്തികൾക്ക് നമ്മുടെ വൈജ്ഞാനിക മേഖലകളും പൊതുഇടങ്ങളും കാഴ്ചവയ്ക്കുകയും സാംസ്കാരിക തനിമകളെക്കുറിച്ച് വാതോരാതെ സംസാരിക്കുകയും ചെയ്യുന്നയാളാണ് മുഖ്യമന്ത്രി. നമ്മുടെ പ്രൈമറി - സെക്കൻററി തലങ്ങളിൽ നിയമനങ്ങളിലുണ്ടായ ഭാഷാധ്യാപകരുടെ കുറവ്, ഒന്നാം ഭാഷയായി മലയാളം പഠിക്കാനവസരം കിട്ടാതിരിക്കുന്ന അവസ്ഥ എന്നിങ്ങനെയുള്ള അടിസ്ഥാന പ്രശ്നങ്ങൾ ഗൗരവപൂർവ്വം കാണേണ്ടതാണ്. പ്രാഥമിക - സെക്കൻററി - ഹയർ സെക്കണ്ടറി - ബിരുദ തലങ്ങളിലെങ്കിലും ഭാഷാ - സാഹിത്യ വിഷയങ്ങളിൽ അടിസ്ഥാനം ആർജ്ജിച്ചവരല്ലേ ഇപ്പോൾ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ, ഉപരിപഠനത്തിനായി മലയാള സർവ്വകലാശാലയെ സമീപിക്കേണ്ടതുള്ളു. അത് സാധ്യമാക്കാതെ കതിരിന്മേൽ വളം വയ്ക്കുന്ന ഏർപ്പാട് എത്രത്തോളം ഫലപ്രദമാകുമെന്ന് കണ്ടറിയുക തന്നെ വേണം.

ഈ വർഷത്തെ ട്രെയിനിംഗ് കോളജുകളിലെ വിദ്യാർത്ഥികളുടെ അലോട്ട്മെന്റിന്റെ കാര്യം നോക്കുക. 17 സർക്കാർ - എയ്ഡഡ് കോളജുകളിലെ മെറിറ്റടിസ്ഥാനത്തിലുള്ള പ്രവേശനത്തിൽ അവ്യക്തതകൾ വരുത്തി, സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് അനുമതി നൽകുകയാണ് സർക്കാർ ചെയ്തത്. നേരത്തെ സൂചിപ്പിച്ച കാലിക്കറ്റ് സർവ്വകലാശാലയിലെ വെസ്റ്റേഷ്യൻ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിൽ ലയിപ്പിച്ചതോർക്കുക. മലയാള സർവ്വകലാശാല നല്ലതു തന്നെയാണ്. ഈ ആശയത്തിന്റെ സ്ഥാപനത്തിന്റെയും മുന്നൊരുക്കങ്ങൾ (Pre - requisites) എന്നു പറയാവുന്നത് പ്രാഥമിക - സെക്കൻററി - ഹയർസെക്കൻററി - ബിരുദ തലങ്ങളിലെ ഭാഷാധ്യായനത്തിന്റെ വ്യാപനം തന്നെയാണ്. പ്രാരംഭ ദിശാഘടന നിർണ്ണയിക്കാതെ ലക്ഷ്യം നിർണ്ണയിക്കുന്നതെങ്ങനെ?

നമ്മുടെ സർക്കാർ ഇക്കാലയളവിൽ തന്നെ കൊട്ടിഘോഷിച്ച് കൊണ്ടാടിയ വിശ്വ മലയാള സമ്മേളനം തന്നെ നോക്കുക. വെളുക്കാൻ തേച്ചത് പാണ്ടായതുപോലെ, പ്രസ്തുത പരിപാടിയുടെ ഓരോ ഘട്ടത്തിലും സാംസ്കാരിക മന്ത്രിക്ക് മാപ്പപേക്ഷിക്കാനേ നേരമുണ്ടായിരുന്നുള്ളൂ. സാസ്കാരിക ഇടങ്ങൾ ഏതെന്നോ, ഭാഷാ - സാഹിത്യാദി കലകളുടെ ബഹുജന സ്വാധീനം എവ്വിധമെന്നോ ആശയതലത്തിൽ ദാർഢ്യം ഉള്ളവർക്കേ ഇത്തരം യത്നങ്ങൾ കൈകാര്യം ചെയ്യാനാവുകയുള്ളൂ. കൃതഹസ്തരായ എഴുത്തുകാരെ, ചിന്തകരെ ഒതുക്കാനുള്ളതായിരുന്നല്ലോ മേൽപ്പറഞ്ഞ മഹോത്സവം. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും ഉയർന്ന നിലവാരത്തിലുള്ള, നൂതനമായ പഠന - ഗവേഷണ പരിപാടികളാണ് ഈ സർവ്വകലാസാലയിലൂടെ ഉരുത്തിരിഞ്ഞുവരേണ്ടത്. അത്തരത്തിലുള്ള ഗ്രന്ഥശേഖരവും അടിസ്ഥാന സൗകര്യങ്ങളും അവിടെ ഉണ്ടാകേണ്ടതുമാണ്. സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസ ഭിക്ഷാംദേഹികൾ അവരുടേതെന്ന് കരുതുന്ന ഒരു സർക്കാരിൽ നിന്ന് ഭാഷാ പഠനം പോലുള്ള ഒരു യത്നം കാര്യക്ഷമമായി നടക്കുമോയെന്നത് നമുക്ക് കാത്തിരുന്നു കാണാം. വരാനിരിക്കുന്ന സ്വകാര്യ നിക്ഷേപകരോട് നികത്തപ്പെടുന്ന പാടങ്ങൾക്ക് പറയാനുണ്ടാവുക മാതൃഭാഷയിലൂടെയുള്ള പരിദേവനങ്ങൾ തന്നെയായിരിക്കും.



Currently India has the largest number of universities and colleges in the world. But a country like India cannot even achieve a GER of 20 %. Really the HRD minister can flaunt invalidated GER numbers, but the issue of quality, equity and excellence are of more importance than a mere play with statistics.

# Possibilities of Another Colleg(e)ate Scam


**Dr. K. Krishnadas**
*Sree Sankara College, Kalady*
*Convenor, AKPCTA Legal Cell*




The HRD minister Kapil Sibil declared that " There is an impressive increase in GER from 15 per cent in 2009-10 to 18.8 per cent in 2010-11." There is a sudden jump of 3.8 percent with in a year! He was releasing the interim report of the All India Survey on Higher Education which was based on information collected from 448 universities , 8123 colleges and 4076 stand alone institutions , until July 31. The survey shows that the enrolment of women has increased substantially from 12.7 percent to 16.5 per cent as against that of men where the increase has been from 17.1 per cent to 20.9 per cent This is even when only 1 per cent of the universities and 9 per cent of the colleges are meant exclusively for girls.

Of the students in the Higher Education OBC students comprise 27.1 % with 27.3 %being male and 26.8 % being female. The SC students make up only10.2 % of the total enrolment with 10.3 per cent male and 10.1 percent female. While the ST students enrolment is extremely low at 4.4% with male and female almost at par. There is reservation for all these categories in higher education institutions. Twenty seven per cent seats are reserved for OBC students , 15 percent for the Scheduled Castes and 7.5 percent for the Scheduled Tribes. These quotas are applicable only in central educational institutions. India has the highest number of students in colleges after the United States of America according to the minster. The survey has also suggested that while the number of private Un Aided colleges accounts for a major share of the total number of colleges (57%), the enrolment in such colleges is only 38% of the total enrolment. The number of students per college under private unaided is the lowest, with just 529. Only 22 percent of the total colleges are under government sector.

Thirty six percent of the responding universities and 48 percent of the colleges and 56 percent of the stand alone institutions are located in rural areas. Of the 621 universities only 448 universities participated and out of 27468 colleges in India only 8123 colleges have participated in the survey. The minster also claims that by 2020 his government plans to raise the enrolment ratio to 30 percent !!

**What is the GER?**

The Gross Enrolment Ratio(GER) or Gross Enrolment Index (GEI) is a statistical measure used by the education sector and by The UN in its education index to determine the number of students enrolled at different grade levels like elementary. Secondary and tertiary (Higher education) level and examine it to analyze the ratio of the number of students who live in that country to those who qualify for the particular grade level. The UNESCO describes "Gross Enrolment Ratio' as the total enrolment with in the country in a specific level of education, regardless of age expressed as a percentage of the population in the official age group corresponding to this level of education.

An elementary formula used by most countries to calculate the Gross Enrolment Ratio is that, the country divides the number of individuals who are actually enrolled in schools by the number of children who are of the corresponding enrolment age. Gross Enrolment Ratio of primary schools considers children between the age of 6-11. Gross Enrolment Ratio of Secondary is between the age of 12-17. The gross Enrolment Ratio of Tertiary or Higher education is the age group between 17-22.

GER= Number of actual student enrolled / number of potential students A high GER generally indicates a high degree of participation , whether the people belonging to official age group or not. A GER value approaching 100% indicates that a country is in principle , able to accommodate all parts of the population who wishes to have higher education. Bu t the story of India is different. It has only 18.8 percent, which is the lowest even among counties having less GDP than India. . The UGC, the highest regulatory body of higher education in the country has launched massive student aid programmes under the 12 th five year plan(2012-17) with a target of 30 percent by 2020. Out of 119 million students in the cohort age group of 17-22 , only 20 million are enrolled now and by 2020 the enrollment will increase to 29 million. The present GER of India is lower than the world average. But at the same time, in developed pockets of the country the GER is 42 percent against 6 percent in backward areas. This clearly shows that "something is rotten in the stae of Denmark''. There are regional imbalances in the enrollment ratio. According to Justice Markandey Katju (chairman of the Press Council Of India) "One of the reason for this is very little money is being spent on the education sector. Kothari Committee Report clearly states that " a minimum of 6 per cent of the GDP should be spent for education". But very little money is being spent on education sector especially in primary and secondary levels especially in the rural areas where the foundation of the education is laid . There are few facilities such as proper seats to sit and write . books, class rooms and even sanitation facilities. Teachers are not appointed on merit but on extraneous considerations like caste, religion and money etc. Indian mass is suffering from poverty , massive unemployment, sky rocketing prices, problems of health , shelter etc. , and hence they are not eager to listen to the issues of education and enrollment. The purpose of education is to help raise the standard of living of the masses. But in India it seems that its purpose is to raise the standard of living of the handful of powerful people.


Even if we admit the minster's claim that by 2020 we will reach 30 percent GER, for argument sake , the government has enormous task of bringing it to 30 percent. If we have not achieved this growth rate we will continue to remain divided not only in terms of wealth distribution but also in the mere fundamental aspects like education and

health. In order to achieve the target of 30 percent by 2020 , we have to start at least 800 new universities and 50,000 more colleges for 400 million students to opt for higher education by 2020. The stake holders of higher education- the students, the teachers , the parents and the finally the society are taking this piece of information with 'a pinch of salt'. The UPA government will try its level best to achieve this target by the short cut method of privatizing the higher education which will surely bring another 'COAL GATE' like scam in granting permission to 'Deemed Universities and unaided institutions'. As about universities already existing in our country,many of them lack the primary infrastructure . The government has to build a social structure such as that the primary and secondary education should be strongly supported as that sufferers from acute shortage of schools, teachers and the drop out ratio is alarming . Another important concern is that the quality of basic school education is the lowest among 74 countries . We do not have a single institution of higher learning featuring in the world top 50 list.

**What measure should be taken by us?**

- Making Higher Education accessible:

The human development index for the year 2009 ranked India at 134 which is one of the lowest among the



League of Nations. Also, India has been ranked 120&128 in adult literacy rate and GDP per capita parameters. It indicates that not only do we require more institutions to address the issue of accessibility but also we need to provide higher education at an affordable cost . While the cost of education is going up, the access opportunities for deserving candidates belonging to economically backward communities is not increasing in a commensurate pace. There is a need for merit- based scholarship schemes and also availability of easier and cheaper financial aids to the weaker sections.

- Generation of funding requirement:

The budgetary allocation for higher education by the Government of India has been increased from 2,225 crores (2004) to 9600 crores (2010). But the support of the government to education, particularly higher education is significant compared to some other countries including China. The government should seriously consider increasing the support to education.

- Requirement of Teaching Staff

This is a crucial issue. In a knowledge organization like an education institution, teachers are at the core both agents of knowledge creation as well as dissemination. As of today, around 35 % posts are vacant in Central Universities :33.33% in National Institute of Technology and 35% in other central education institutions. There is an overall shortage of 25% of faculty in higher education. The quality of faculty members need to be addressed by proper focus on faculty development initiatives at all levels- central, state and institutional levels.

- Social Preparation strategy

Currently India has more than 621 universities and 27468 colleges but in order to achieve this 30% growth of GER, we need minimum 1500 universities and more than 50,000 colleges. But we have only 27 % colleges in the government sector. Under the scheme there are special development grants for colleges in backward and rural areas, and establishment of new colleges in government-aided sector where the present GER was perceived to be dismal, say less than 10%. Efforts should be set afoot to start new universities where equity and excellence are the criteria for the students and the teaching faculty.

When Mr. Kapil Sibal says that "India has the highest number of students enrolled in colleges after United States" it is nothing but simply exaggerating and mis- interpreting. He also says that we have the largest number of universities and colleges in the world. But the fact remains that in the Quacqurelli Symonds (QS) world rankings for 2012, "India remains the only BRICS nation without a university in the 200 list. Two of the institutions, IIT-Delhi (212) and IIT- Kanpur (278) have improved their positions". In the Asia Ranking as well India has only 11 institutes in the top 300 while China, Singapore and South Korea continued to surge ahead. China has seven institutes in the 200 list.The enrolment ratio of China is 20 percent , USA is 82 percent. The access to higher education is less than the minimum international threshholdlevels.However enrolment was largely concentratrd in public universities, further enrolment was oconventional disciplines.There is regional ibalance in the enrolment.The UPA government would do well to privatise the higher education in a large scale.As a result, higher education will become costlier than ever and the quality, equity and excellence are at stake. Currently India has the largest number of universities and colleges in the world. But a country like India cannot even achieve a GER of 20 %. Really the HRD minister can flaunt invalidated GER numbers , but the issue of quality , equity and excellence are of more importance than a mere play with statistics.

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

വാർഷിക വരിസംഖ്യ 100 രൂപ മാത്രം

ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിറററുടെ വിലാസം*
ഡോ. എസ്. ജയരാജ്കുമാർ
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004. Mob: 9447140004


*മാനേജിംഗ് എഡിറററുടെ വിലാസം*
ഡോ.ജി.എസ്.സുരേഷ്
ദേവിപ്രിയ, ടി.സി.36/403(1),
പാൽക്കുളങ്ങര, തിരുവനന്തപുരം- 695 024
ഫോൺ: 0471-2452225

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35 Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com www.akpcta.org



# ദലിത ജീവിതം ആഖ്യാനം ചെയ്യപ്പെടുമ്പോൾ

ഡോ.സി. ഉണ്ണികൃഷ്ണൻ
*ദേവസ്വംബോർഡ് കോളജ്, ശാസ്താംകോട്ട*



ദലിത് സാഹിത്യത്തെക്കുറിച്ചുള്ള ചിന്തകൾ പുതുഭാവുകത്വത്തോടെ കടന്നുവരുന്ന ഒരു കാലഘട്ടമാണിത്. ദലിത് എന്ന സാമ്പ്രദായിക കല്പന തന്നെ ചോദ്യം ചെയ്തു തുടങ്ങിയിട്ടുണ്ട്. ജന്മം കൊണ്ടാണോ കർമ്മം കൊണ്ടാണോ ദലിതനെ തരംതിരിക്കുന്നതെന്ന ചോദ്യത്തിന്റെ ചുവടുപിടിച്ചുയരുന്ന സംവാദത്തിൽ, പലപ്പോഴും സമൂഹത്തിന്റെ സൂക്ഷ്മമായ മനോവ്യാപാരങ്ങൾ മറയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ജന്മം കൊണ്ടാണ് ഒരാൾ ദലിതനാകുന്നതെന്ന് സ്ഥാപിക്കുന്ന പാരമ്പര്യദലിതിസ്റ്റുകളും, കർമ്മംകൊണ്ട് പീഡിതരായവരെല്ലാം വന്നു ചേരുന്നതാണ് ദലിതത്വം എന്ന് സ്ഥാപിക്കുന്ന മാർക്സിസ്റ്റുകളും ഒരേ സമയം പ്രത്യക്ഷമായ യാഥാർത്ഥ്യത്തെയോ സ്ഥൂലമായ സാമൂഹ്യക്രമത്തെയോ മാത്രം കണ്ടുകൊണ്ട് ആശയങ്ങൾ രൂപപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് വിരുദ്ധധ്രുവങ്ങളിലാണെങ്കിലും . വിപ്ലമാർഗത്തിലൂടെ ദലിതത്വത്തെ തകർക്കാനാവൂ എന്ന് ഇരുകൂട്ടരും ചിന്തിക്കുന്നത്. സാഹിത്യം അതിനുള്ള ആയുധമാണെന്ന് ഇരുകൂട്ടരും ഒന്നുപോലെ വാദിക്കുന്നതും. സാഹിത്യത്തേയും ഇത്തരമൊരു പരികല്പനയിൽ നിന്ന് രൂപപ്പെടുത്തിയതിനാൽ ദലിത്-മാർക്സിസ്റ്റ് സാഹിത്യങ്ങൾക്കു തമ്മിൽ വലിയൊരന്തരം ഉണ്ടായിരുന്നില്ല. ഇതിനൊരു മാറ്റം സമകാലിക സാഹിത്യത്തിൽ വിശേഷിച്ചും കഥയിൽ പ്രകടമാകുന്നു എന്നതാണ് എടുത്തുപറയേണ്ട സവിശേഷത. സാമ്പ്രദായിക പരികല്പനകൾകൊണ്ട് ദലിതത്വം ഒരു പാരമ്പര്യമാണെന്ന് വിശ്വസിക്കുന്നവരിന്നുമുണ്ട്. എന്നാൽ ഈ പദം വ്യവഹാരരൂപം കൈക്കൊണ്ട് ആദ്യനാളുകളിൽ പൊതുപ്രവേശമില്ലാത്തവരായും പൊതുജീവിതം നിഷേധിക്കപ്പെട്ടവരായും മാനുഷിക നീതി നഷ്ടപ്പെട്ടവരായുമെല്ലാം നിർവ്വചിക്കപ്പെട്ടു പോന്നിരുന്നു. നവോത്ഥാന മൂല്യങ്ങൾ എന്നു നാം കൊണ്ടാടപ്പെടുന്നവയെല്ലാം ഒരർത്ഥത്തിൽ ഇവയ്ക്കുള്ള പരിഹാരമായിക്കാണുന്നവരുണ്ട്. നവോത്ഥാനത്തിലൂടെ യഥാർത്ഥത്തിൽ ദലിതത്വത്തെ അതിജീവിക്കാൻ കഴിഞ്ഞിരുന്നുവോ എന്ന ചിന്ത പുതിയകാല സാഹിത്യം മുന്നോട്ടുവെയ്ക്കുന്നുണ്ട്. ദലിതത്വം ഊട്ടിയുറപ്പിക്കപ്പെട്ട ഒരു മനോഭാവമായിമാറുന്നു. അത് ജനായത്തത്തിന്റെ പ്രത്യക്ഷ സ്ഥലികളിൽ നിന്നകന്ന് പൊതുസമൂഹത്തിന്റെ വ്യാപന കേന്ദ്രങ്ങളിൽ പരോക്ഷമായി പ്രവർത്തിക്കുന്നു. വ്യവസ്ഥയും അതിന്റെ ഉപധാനങ്ങളും മാറുമ്പോഴും, കീഴാളത്വത്തിനു മാത്രമായ ഒരു ഇടം സൃഷ്ടിച്ചെടുക്കാൻ സമൂഹം അതീവ താൽപ്പര്യം പുലർത്തുന്നുണ്ട്. ഈ സാമൂഹ്യാവസ്ഥയെ സൂക്ഷ്മമായി ആലേഖനം ചെയ്യാൻ പുതിയ കഥാസാഹിത്യത്തിന് കഴിയുന്നു.

എബ്രഹാം മാത്യുവിന്റെ *വാക്കുകൾ ഇല്ലാതെ എന്ന കഥയിൽ* കീഴാളത്വം പകർന്നുതരുന്ന അസ്വാസ്ഥ്യത്തിന്റെ സൂക്ഷ്മമായ തലം അനാവരണം ചെയ്യുന്നുണ്ട്. ഐ. ടി പ്രൊഫഷണലായ ശശിക്കും അന്നക്കും പണമുണ്ട് , ചെലവാക്കാൻ മനസ്സുണ്ട്, ജോലിയുണ്ട്, കനം കൂടിയ ശമ്പളമുണ്ട്. പക്ഷേ എന്തോ.... എല്ലാം ഉണ്ടെന്നു പറയുമ്പോഴും, എന്തോ ഇല്ല എന്ന് ആരോ കൂട്ടിച്ചേർക്കുന്നു. പണവും സെക്സും ആ

വശ്യത്തിനുള്ള അവർക്ക് പക്ഷേ ഐഡന്റിറ്റിയില്ലാ എന്നൊരാ സ്വാസ്ഥ്യം വേട്ടയാടുകയാണ്. കൈ നിറയെ പണമുണ്ടായിട്ടും ചെലവഴിക്കാനാവുന്നില്ല. ലഹരിയുടെ തികട്ടൽ അയാൾ കോരുന്നത് ആയിരം രൂപയുടെ നോട്ടുകൊണ്ടാണ് . അവർ നേരിടുന്ന അലട്ടലുകൾക്കുള്ള പരിഹാരമായി അന്ന തന്നെ നിർദ്ദേശിക്കുന്നത് അധികമാരും തിരിച്ചറിയാത്ത വൻ നഗരങ്ങളിലേക്കുള്ള പലായനമാണ്.

ഡാ, നമ്മളെന്നാത്തിനാടാ ഈ കൊച്ച് കേരളത്തിക്കെടന്ന് ഐഡന്റിറ്റി ക്രൈസിസിനെക്കുറിച്ച് വിലപിക്കുന്നെ?. ഡാ, യു. എസ്സിലോ കാനഡയിലോ പൊയ്ക്കൂടായോ? ബാംഗ്ലൂർ സാച്ചുറേറ്റഡ് ആയെങ്കിലും പൊയ്ക്കൂടായോ? ഡാ, അങ്ങനെ ഈ കോപ്പിലെ സ്ഥലം വിട്ടുപോവാൻ നോക്കെടാ.......... എടാ, ഇവിടം വിട്ടാ എന്നാ ഐഡന്റിറ്റിയാ? ആർക്കുവേണമെടാ, ആ സാധനം? ആൾക്കൂട്ടങ്ങളിലേക്കുള്ള മുഖം പൂഴ്ത്തൽ തങ്ങളനുഭവിക്കുന്ന കീഴാളത്വത്തിൽ നിന്നുള്ള മുക്തിയാണെന്ന് ശശിയും അന്നയും കരുതുന്നു. അവിടെ എല്ലാവരും തുല്യരാണെന്ന് അവർ ചിന്തിക്കുന്നു. ഐഡന്റിറ്റി ക്രൈസിസില്ലാത്ത നാഗരിക ജീവിതത്തിൽ എല്ലാവരും സ്വതന്ത്രരാണെന്ന് അവർ തെറ്റിധരിക്കുന്നു. ഭിന്ന വിചിത്രങ്ങളായ നഗരത്തിന്റെ ഗഹനതയിൽ ദലിതജീവിതം നയിച്ച് കൊഴുക്കുന്ന ജാതീയതയുടെ അടരുകൾ അവർക്ക് കാണാൻ കഴിയുന്നില്ല. കാരണം അവർക്ക് വായനയില്ല. അവർ *ബുക്ക്ലെസ് ജനറേഷനിൽ*പ്പെട്ടവരാകുന്നു.

നമ്മുടെ തലസ്ഥാനനഗരത്തിന്റെ സമകാലിക ഉള്ളറകൾ തേടിയ എം. മുകുന്ദൻ, തന്റെ ദൽഹിഗാഥ കളിൽ ഇന്നും തുടരുന്ന ജാതീയമായ തിന്മകൾ എടുത്തുകാട്ടുന്നുണ്ട്. നഗരത്തിന്റെ പെരുക്കം ഏറും തോറും നാഗരികന്റെ പരിഷ്ക്കാരത്തോടൊപ്പം അവന്റെ ജാതീയമായ ചിന്തകളും ഏറുകയാണ് ചെയ്യുന്നത്. നെന്മണ്ട വാസവപണിക്കർ എന്ന വാസു പ്രശസ്തിയോ സ്ഥാനമാനങ്ങളോ എന്തിന് ജീവിക്കാൻ ആവശ്യമായ പണം പോലുമോ കൊതിക്കാത്ത യഥാർത്ഥ കലാകാരനാണ്. വിശക്കുന്നവന് ജാതിയോ മതമോ എന്തിന് ആത്മാഭിമാനം പോലും ഇല്ലെന്ന് വിശ്വസിക്കുന്നവനാണ് ഈ മികച്ച ചിത്രകാരൻ (വരയൻ). നെന്മണ്ട ശ്രീകണ്ഠപ്പണിക്കർ എന്ന ഡപ്യൂട്ടികളക്ടറുടെ മകനായിരുന്ന അയാൾക്ക് കലാകരന്റെ യഥാർത്ഥ സ്വാതന്ത്ര്യമായിരുന്നു ആവശ്യം . മലവും മൂത്രവും ഉള്ളിൽപേറി നടക്കുന്ന മനുഷ്യന് ബാഹ്യമായ യാതൊരു വൃത്തിയും ആവശ്യമില്ലെന്നായിരുന്നു അയാളുടെ പക്ഷം . വേശ്യാവൃത്തി അനുഷ്ഠിക്കുന്ന റോസിലിയോടൊപ്പം താമസിക്കുന്നതിനും അയാൾക്ക് യാതൊരു അഭിമാനക്കുറവും ഉണ്ടായിരുന്നില്ല. യഥാർത്ഥകലാകാരനായ അയാളുടെ സൃഷ്ടികളുടെ വിപണനസാധ്യത മനസ്സിലാക്കിയ ഹരിലാൽ ശുക്ല വാസുവിന്റെ സ്പോൺസർഷിപ്പി ഏറ്റെടുക്കുന്നു . എന്നാൽ വാസുവിന്റെ ജീവിതരീതിക്ക് കാരണം ഒരു കലാകാരന്റെ മഹത്വമല്ല അയാൾ ഒരു കീഴ്ജാതിക്കാരനായതുകൊണ്ട് മാത്രമാണെന്ന് വിശ്വസിക്കാനാണ് ഹരിലാൽ ശുക്ലയുടെ സവർണമനസ്സ് തയാറാകുന്നത്. അതിനാൽ വാസുവിലൂടെ ഏറെലാഭം നേടിയിട്ടും അയാളെ സ്പർശിക്കാതിരിക്കാൻ ശുക്ല ശ്രദ്ധിക്കുന്നുമുണ്ട്. രവീന്ദ്രഭവൻ ഗ്യാലറിയിൽവെച്ച് ഒരു കേരളക്കാരനെ പരിചയപ്പെടുമ്പോൾ കേരളത്തിലെ പണിക്കർ ഒരു കീഴ്ജാതിക്കാരനാണോ എന്ന് അയാൾ ആരായുന്നുമുണ്ട്.

തിലക് നഗറിലെ ബർസാത്തിയിൽ വെച്ച് ഒരു താണ ജാതിയിൽപ്പെട്ട തൂപ്പുക്കാരിയെ തൊട്ടതായി അറിഞ്ഞ ഹരിലാൽ ശുക്ല വല്ലാതെ അസ്വസ്ഥനാകുന്നു. തന്റെ ദേഹത്ത് ജാതീയ ബാക്ടീരിയകൾ വ്യാപിക്കുന്നതായാണ് അയാൾക്കു തോന്നിയത്. ക്ഷയരോഗത്തിന്റെ ബാക്ടീരിയകളെയോ ഫ്ളൂവിന്റെ വൈറസുകളെയോ അയാൾ പേടിക്കുന്നില്ല. ജാതീയ ബാക്ടീരിയകളെ തടയാൻ പെട്ടെന്നു തന്നെ അയാൾ ഡെറ്റോളും പീയേഴ്സ് സോപ്പും ഉപയോഗിച്ച് കുളിക്കുന്നുണ്ട്.

വംശീയതയുടെ ഭ്രാന്തും ജാതീയതയുടെ ഉന്മാദവും നഗരജീവിതത്തിലേറിവരുന്നതിന്റെ ചിത്രം ദൽഹിഗാഥകളിൽ ദർശിക്കാം. ആര്യസമാജ് റോഡിൽ താമസിക്കുവാനെത്തിയ അബ്ദുൾ അബ്ദുന്നിസാറിന്റെ ദുരനുഭവം ഇതിന് തെളിവാണ് . തന്റെ ആജന്മസുഹൃത്തായ രഘുനാഥിന്റെ ഫ്ളാറ്റിൽ കഴിഞ്ഞ അബ്ദുന്നിസാറിനെ ഫ്ളാറ്റിന്റെ ഉടമസ്ഥനും ഗുണ്ടകളും ചേർന്നു തല്ലിയിറിക്കുന്നുണ്ട്. മുസൽമാനായിപ്പോയി എന്ന ഒറ്റ കുറ്റമേ അയാൾ ചെയ്തിട്ടുള്ളൂ. മതേതരത്വം മനസ്സിൽ എന്നും കൊണ്ടു നടന്ന അയാൾ വനജയെന്ന സഹദേവന്റെ സഹോദരിയെയാണ് വിവാഹം കഴിച്ചത്. മൂന്നു മക്കൾക്കും മൂന്നുമതക്കാരുടെ പേരാണ് നൽകിയത്. ഇസ്ലാമിൽ വിശ്വസിക്കുകയും ഇന്ത്യൻ മതേതരത്വത്തിൽ അഭിമാനിക്കുകയും ചെയ്യുന്ന അയാൾക്കുനേരേയുണ്ടായ അക്രമം, ജാതി മതങ്ങൾ എങ്ങനെയാണ് ഇന്നും നമ്മുടെ സാമൂഹികാവസ്ഥയെ നയിക്കുന്നത് എന്നതിന്റെ തെളിവായിക്കാണണം.

ദളിത ജീവിതത്തിന്റെ ദയനീയ മുഖം അനാവരണം ചെയ്യുന്ന ഒരു കഥയാണ് വി. ദിലീപിന്റെ മലിനവസ്ത്രം . ആത്മാർത്ഥമായി ജോലിചെയ്യുന്ന ഇറച്ചിവെട്ടുകാരനായ ഒരു യുവാവിന്റെ കഥയാണിത്. കേവലം അനാഥനായ അയാൾക്ക് ചെന്നെത്താവുന്ന പട്ടിക തീർച്ചയായും ദളിതന്റേതായിരിക്കും. നല്ല സംഗീത ബോധമുള്ള, ജോലിക്കിടയിലും കല്യാണിരാഗം ആലപിക്കുന്ന അയാൾക്ക് ഒരു കൗമാരക്കാരിയോട് താല്പര്യം. അവൾക്കും ഇഷ്ടക്കുറവില്ല. പക്ഷേ അവൾ പറഞ്ഞു. ഇറച്ചിവെട്ടുകാരാ നീ കുളിക്കണം. വൃത്തിയുള്ള വസ്ത്രം ധരിക്കണം. എനിക്കുവേണ്ടി അടിമയെ സ്നേഹിച്ച രാജകുമാരിയുടെ കഥ ഓർത്തുപോയ അയാൾ അവളെ അനുസരിക്കാൻ തീരുമാനിച്ചു. രാമച്ചവും കുന്തിരിക്കവും തുളസിയിലകളുമെല്ലാം കൊണ്ട് തന്റെ ഗന്ധം മാറ്റിയെടുക്കാൻ അയാൾ ശ്രമിച്ചു. കഴുകിക്കളയാൻ ശ്രമിക്കുന്തോറും കൂടുതൽ ആർജ്ജവത്തോടെ തന്റെ ഗന്ധത്തിന്റെ വ്യാപനം അയാൾ തിരിച്ചറിഞ്ഞു. ഒരു ദലിതസ്വത്വത്തിന്റെയഥാർത്ഥപൊരുളാണ് അയാൾ മനസ്സിലാക്കിയത്. കാലങ്ങളായി എറ്റുവാങ്ങിയ യാതനയുടെ ആകാരത്തെ ഒരു കുളി കൊണ്ട് മാറ്റാനാവില്ല എന്നയാൾ മനസ്സിലാക്കി. മനസ്സിൽ നിറയുന്ന അവന്റെ സംഗീതത്തെയോ, നന്മയെയോ, അയാളെ സ്നേഹിക്കാൻ തയാറായ പെൺകുട്ടിക്കെന്നല്ല, ആർക്കും ഉൾക്കൊള്ളാൻ കഴിയില്ല. കേവലം മലിനവസ്ത്രമായ ആ ശരീരം സ്നേഹത്തിനുവേണ്ടി ഉപേക്ഷിക്കാൻ അയാൾ തയ്യാറാവുകയാണ്.

കീഴാളത്വം പേറുന്ന തന്റെ ശരീരം സ്നേഹം പോലെയുള്ള മാ

നുഷിക ഭാവങ്ങൾക്ക് വിലങ്ങാകുമ്പോൾ ശരീരം എന്ന അഴുക്കുവസ്ത്രം ഉപേക്ഷിച്ച് മനസ്സുമാത്രം സമ്മാനിക്കുന്ന മലിനവസ്ത്രത്തിലെ യുവാവിൽനിന്ന്, സന്തോഷ് എച്ചിക്കാനത്തിന്റെ പന്തിഭോജനത്തിലെത്തുമ്പോൾ ദലിതത്വം വലിയൊരു മാനസിക പ്രശ്നമായി വളരുകയാണ്. ഉറച്ചുപോയ വഴക്കങ്ങളിൽനിന്ന് ഒട്ടും മാറാത്ത ഒരു ഉപരിവർഗ പരിസരത്തിൽ ദലിതന്റെ നിലയെന്തെന്ന അന്വേഷണം ഈ കഥ നടത്തുന്നു. സവർണ്ണ- അവർണ്ണ ഭേദം കുറയ്ക്കാനുള്ള രാഷ്ട്രീയ സമരമായി ഒരു കാലത്ത് പന്തിഭോജനം കൊണ്ടാടപ്പെട്ടിരുന്നു. അതിന്റെ നിഷ്പ്രയോജനത നമ്മുടെ കഥാസാഹിത്യം എടുത്തുകാട്ടിയിട്ടുമുണ്ട്. സന്തോഷ് എച്ചിക്കാനത്തിന്റെ കഥയ്ക്കു മുമ്പേ സി. വി. ശ്രീരാമൻ എഴുതിയ പന്തിഭോജനം എന്ന കഥ നോക്കുക. കല്ലേറ്റുങ്കരവാസുവിന്റെയും, എൻ. എസ്. മാധവന്റെയും പുലപ്പേടികൾ നമ്മുടെ കഥാചരിത്രത്തിൽ കീഴാളജീവിതത്തിന്റെ അസ്പൃശ്യതകളെ നന്നേ എടുത്തുകാട്ടുന്നവയാണ്.

കേവലം നിറത്തിനും ജീവിത പരിമിതികൾക്കുമപ്പുറം ദലിതത്വത്തിന്റെ ശിഖരങ്ങൾ നീളുകയാണ്. അത് മനോവിചാരങ്ങളോടൊപ്പം രുചിയുടെയും ഗന്ധത്തിന്റെയും തലത്തിലേക്കും പടരുകയാണ്. നീതിയും നിയമവും വിളയാടുന്ന കോടതി പരിസരങ്ങളിൽ കീഴാളത്വത്തെ എത്ര സൂക്ഷ്മമായാണ് നിലനിർത്തിപ്പോകുന്നതെന്ന് എച്ചിക്കാനത്തിന്റെ പന്തിഭോജനം ചൂണ്ടിക്കാട്ടുന്നു. നല്ല കൈപ്പുണ്യമുള്ള സൂസൻ ഇമ്മാനുവലിന്റെ പോർക്കിറച്ചി, രമ്യാനായരുടെ കോവയ്ക്കാ മെഴുക്കുപുരട്ടിയും മുളകുകൊണ്ടാട്ടവും, സംഗീതാ നമ്പൂതിരിയുടെ മാമ്പഴപ്പുളിശ്ശേരിയും ഉപ്പുമാങ്ങയും എല്ലാം ചേരുന്ന ബാർ അസ്സോസ്സിയേഷൻ ഹാളിലെ അഭിഭാഷകമാരുടെ പന്തിഭോജനത്തിൽ പക്ഷേ പബ്ലിക്പ്രോസിക്യൂട്ടറാണെങ്കിലും ദലിതയായ രുക്മിണിക്ക് പ്രവേശമില്ല. പാചകത്തിൽ അതിന്റെ ചേരുവകൾ പോലെ തന്നെ അതിന്റെ ഉപജ്ഞാതാക്കളുടെ ജാതിയും മതവുമെല്ലാം കലരുന്നുവെന്നാണ് സംഗീതനമ്പൂതിരിയുടെ പക്ഷം. ഓരോ കറിയുടെ രുചിയും നിറത്തിനുമൊപ്പം അജിനോമോട്ടോപോലെ ഹെറിഡിറ്ററിയും ഉണ്ട്. കറി കണ്ടാൽ ജാതി തിരിച്ചറിയാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. ഓരോ ജാതിക്കും പാരമ്പര്യമായ വിശേഷ കറികളുണ്ട്.

നമ്പൂതിരി = മാമ്പഴപ്പുളിശ്ശേരി, ഓലൻ

നായർ = കൂട്ടുകറി, മെഴുക്കുപുരട്ടി, മൊളൂഷ്യം, അവിയൽ

ഈഴവ = മുതിരക്കറി, കടലക്കറി

ക്രിസ്ത്യൻ = താറാവ്മപ്പാസ്, പോർക്ക് വരട്ടിയത്.

മുസ്ലീം = ബീഫ് ബിരിയാണി, കോഴിബിരിയാണി

ഒരു കറിയുടെയും ഉടമസ്ഥാവകാശത്തിന് ദലിതന് അർഹതയില്ല. എന്നുമാത്രമല്ല ദലിതയായ രുക്മിണിയുടെ ചേറ്റുമീനിന് ഉളുമ്പിയ മണമുണ്ടെന്നും അത് ഹെറിഡിറ്റി കൊണ്ടാണെന്നും അവർ നിരീക്ഷിക്കുന്നുമുണ്ട്.

സാഹചര്യങ്ങളുടെ സമ്മർദ്ദവും കാര്യലാഭവും ചിലപ്പോൾ പന്തിഭോജനങ്ങളെ സൃഷ്ടിക്കാം. കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന ഇത്തരം പന്തിഭോജനങ്ങൾ ദലിതന്റെ അധികാരത്തെ ചൂഷണം ചെയ്യാൻ വേണ്ടി മാത്രമുള്ളതാണ്. സംഗീതാ നമ്പൂതിരി ആദ്യമായി ഇന്റിപെൻന്റായി വാദിക്കാൻ പോകുന്ന പട്ടികജാതി പീഡനകേസ് അവർക്ക് വിജയിക്കണം. സി. പി. ഗോപാലമേനോന് സ്വന്തം പറമ്പിലൂടെ ലോറിയിൽ സാധനം അടിക്കാമെന്നിരിക്കെ കാപ്പക്കുട്ടിന്ന് പേരുള്ള പട്ടികജാതിക്കാരന്റെ കിടപ്പാടത്തിനരികിലൂടെ നിരന്തരം ലോറികയറ്റുന്നു . പൊറുതിമുട്ടിയ കാപ്പക്കുട്ടി ലോറി തടഞ്ഞു. കീഴ്ജാതിക്കാരനായ കാപ്പക്കുട്ടിയെ ജാതിപറഞ്ഞ് ആക്ഷേപിക്കുകയും കമ്പിവടികൊണ്ട് തലയ്ക്കടിക്കുകയും ചെയ്ത മേനോന് ശിക്ഷ ഉറപ്പാണ്. തെളിവുകളും സാക്ഷികളും അയാൾക്കെതിരാണ്. ഇനി അയാളെ രക്ഷിക്കാൻ പ്രോസിക്യൂട്ടറായ രുക്മിണിക്കേ കഴിയൂ. അതിനായി ഒരു പന്തിഭോജനം ഒരുക്കുന്നു. രുക്മിണിയുടെ കാമുകനായ സതീശ് ശർമ്മയെ സ്വാധീനിച്ച് രുക്മിണിയെക്കൊണ്ട് സമ്മതിപ്പിക്കുന്നു. ബാർ അസോസിയേഷൻ ഹാളിലെ മേശപ്പുറത്ത് നാനാജാതി വിഭവങ്ങൾ നിരന്നു. രമ്യാനായർ അവിയൽ എല്ലാവർക്കും വിളമ്പി. സംഗീത തന്റെ മാമ്പഴപ്പുളിശ്ശേരി രുക്മിണിയുടെ ചോറിൽ ഒഴിച്ചുകൊടുത്തു. രുക്മിണി മുളകുചാറിൽ വാലിട്ടിളക്കുന്ന ഒരു ചേറ്റുമീനിനെ പിടിച്ച് അന്തർജ്ജനത്തിന് കൈമാറി. അങ്ങനെ ഏതോ കാന്തിക ബലത്താൽ ആകർഷിക്കപ്പെട്ട് വട്ടമേശയ്ക്കു മുകളിൽ പരസ്പരം ഒട്ടിച്ചേർന്നു.

ഗോപാലമേനോനെ കോടതി വെറുതെവിട്ടു.

എന്നാൽ പന്തിഭോജനം കഴിഞ്ഞെല്ലാവരും പിരിഞ്ഞപ്പോൾ സംഗീതനമ്പൂതിരി ശ്വാസം കിട്ടാതെ ഛർദ്ദിച്ചു. തന്റെ ഉള്ളിലുള്ള ചേറ്റുമീനുകളെ പുറത്തിട്ട് വാഷ്ബേസിനിലൂടെ അവർ ഒഴുക്കിക്കളഞ്ഞു. മനസ്സിന് പിടിക്കാത്തതു കഴിച്ചതുകൊണ്ടാ ഈ ഛർദ്ദിൽ . - അതേ, ഇനിയും ദളിത ജീവിതം മനസ്സിന് പിടിക്കാത്തവിധം അകലെയാണെന്ന് ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

ദലിതത്വത്തിന്റെ പേരിലും മറ്റും സ്ഥാനമാനങ്ങൾ നേടുന്നവർക്ക് എങ്ങനെയും ദലിതത്വത്തിൽ നിന്ന് സ്വയം രക്ഷപെടണമെന്ന താല്പര്യമേയുള്ളൂ. ദലിത് പ്രസ്ഥാനങ്ങൾ യാഥാർത്ഥത്തിൽ നേരിടുന്ന പ്രതിസന്ധിയും പന്തിഭോജനം മുന്നോട്ട് വെയ്ക്കുന്നു. പഠനകാലത്ത് തീപ്പൊരിയായിരുന്ന രുക്മിണി പബ്ലിക് പ്രോസിക്യൂട്ടർ ആകുന്നതോടെ അവരുടെ സങ്കല്പവും മാറുകയാണ്. ബന്ധുവായിട്ടും വംശീയാക്ഷേപത്തിന് ഇരയായ കാപ്പക്കുട്ടിയെ അവർ സഹായിക്കുകയല്ല, പന്തിഭോജനത്തിന്റെ പ്രലോഭനത്തിൽപ്പെട്ട് മേനോനെ രക്ഷപ്പെടുത്തുകയാണ് ചെയ്യുന്നത്. സവർണത്വം മനസ്സിൽ സൂക്ഷിക്കുന്ന സതീശ് ശർമ്മയെയാണ് അവർ കാമുകനാക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

1. അന്യായീനപ്പെടുത്തപ്പെട്ട സമൂഹം കാലത്തിന്റെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടുകയും ദുസ്സഹമായ ആ കാഴ്ച കണ്ട് പൊട്ടിത്തെറിക്കുകയോ അതിനെതിരെ ആഞ്ഞടിക്കണമെന്ന് ആഹ്വാനം നൽകുകയോ ചെയ്ത ഹൃദയശാലികൾ, സാഹിത്യത്തെ അവരുടെ ആയുധമായി ഉപയോഗിക്കുകയും ചെയ്ത കാലം മുതൽ ദലിത് സാഹിത്യമുണ്ടായി. കവിയൂർ മുരളി, കേരളത്തിൽ ദലിത് സാഹിത്യവും അവയ്ക്കുള്ള സ്വാധീനവും, ദലിത് ദർശനം, ചരിത്രം, ദൈവശാസ്ത്രം, രാഷ്ട്രീയം, പുറം: 103
2. എബ്രഹാം മാത്യു, രാത്രിയുടെ ഉടൽ എന്ന സമാഹാരം, ഡിസി. ബുക്സ് - കോട്ടയം, 2009



# ലക്ഷ്മി ദീദിക്ക് ലാൽസലാം

**ഡോ.എൻ.എം.സണ്ണി**
*മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്*



സരസ്വതിമാരുടെ രൂപം, മാനവികതയുടെ പര്യായം, വാർദ്ധക്യത്തിന്റെ സൗന്ദര്യം, കാലത്തിന്റെ താരുണ്യം, ആസാദ് ഹിന്ദ് ഫൗജിന്റെ പെൺ കരുത്ത്, സ്വാതന്ത്ര്യ സമര പോരാളി, നേതാജി സുഭാഷ്ചന്ദ്ര ബോസിന്റെ അനുയായി, ആതുര സേവനത്തിന്റെ ഉദാത്ത മാതൃക. ഈ വിശേഷണങ്ങൾ പദ്മവിഭൂഷൺ ക്യാപ്ടൻ (ഡോ) ലക്ഷ്മി സഹഗലിന്റെ വ്യക്തിത്വത്തെയും കർമ്മമണ്ഡലത്തെയുമാണ് അടയാളപ്പെടുത്തുന്നത്.

നേതാജി സുബാഷ്ചന്ദ്ര ബോസിന്റെ ആസാദ് ഹിന്ദ് ഫൗജിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തി റാണി ഝാൻസി റജിമെന്റ് സ്ഥാപിക്കുകയും അതിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്ത ക്യാപ്ടൻ ലക്ഷ്മി ഉത്തമയായ ദേശ ക്തയും സമർപ്പിതയായ സാമൂഹ്യ പ്രവർത്തകയുമായിരുന്നു.ഭാരതത്തിൽ അങ്ങോളമിങ്ങോളം ആ വീരപുത്രിയുടെ ത്യാഗത്തിന്റെയും തപസ്യയുടെയും സുഗന്ധം വ്യാപിച്ചു കിടപ്പുണ്ട്. തനിക്ക് ലഭ്യമായിരുന്ന ജീവതത്തിലെ മുഴുവൻ സുഖ സൗകര്യങ്ങളും ഉപേക്ഷിച്ച് ദളിതർക്കും, നിർധനർക്കും, തൊഴിലാളികൾക്കും, സ്ത്രീകൾക്കും വേണ്ടി ജീവിച്ച് മരിച്ച ക്യാപ്ടൻ ലക്ഷ്മി ആയിരക്കണക്കിനാളുകൾക്ക് ആരോഗ്യത്തിന്റെയും, സുരക്ഷയുടെയും, ധൈര്യത്തിന്റെയും, ആത്മവിശ്വാസത്തിന്റെയും മാർക്ഷ ദീപമായായിരുന്നു.

ഇന്ത്യാ വിഭജനത്തോടനുബന്ധിച്ച് ഉത്തരേന്ത്യയിൽ എല്ലായിടത്തും ലഹള പൊട്ടി പ്പുറപ്പെട്ടപ്പോൾ കാൺപുരിലും രണ്ടു സമുദായങ്ങൾക്കിടയിൽ അതിന്റെ കോളിളക്കങ്ങൾ ഉണ്ടായി. ആ സന്ദർ ത്തിൽ ധൈര്യസമേതം അവർക്കിടയിലേക്ക് കടന്നു ചെന്ന് അവരെ സാന്ത്വനിപ്പിക്കുകയും കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയും, മുറിവേറ്റവരെ ചികിത്സി ക്കുകയും ചെയ്ത് മാനവികതയുടെ ആൾ രൂപമായി മാറിയ ക്യാപ്റ്റൻ ലക്ഷ്മിയുടെ സേവനം നിശ്ചയമായും പുതു തലമുറക്ക് മാതൃകയാണ്. തൊഴിലാളി സമരങ്ങളുടെ മുൻ നിരയിൽ നിന്ന് നിരത്തിലുറങ്ങുന്നതു മുതൽ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതുവരെയുള്ള ക്യാപ്ടൻ ലക്ഷ്മിയുടെ ജീവിതം പോരാട്ടത്തിന്റെയും ദേശസ്നേ ഹത്തിന്റെയും ജ്വലിക്കുന്ന ഓർമ്മകളാണ്.

1914 ഒക്ടോബർ 24ന് പ്രശസ്തനായ അഭിഭാഷകൻ എസ്. സ്വാമിനാഥന്റെയും സാമൂഹ്യ പ്രവർത്തകയും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന അമ്മുക്കുട്ടിയുടെയും മകളായി മദ്രാസിൽ ജനിച്ച ലക്ഷ്മി സ്വാമിനാഥനാണ് പിൽക്കാലത്ത് ലോകം ആദരിക്കുന്ന വ്യക്തിത്വത്തിനുടമയായ ക്യാപ്ടൻ ലക്ഷ്മി സഹഗലായി വളർന്നത്. 1938 ൽ മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ് പാസ്സായതിന് ശേഷം 1943 ജൂലായ് 2 ന് നേതാജി സുബാഷ് ചന്ദ്രബോസിന്റെ ആസാദ് ഹിന്ദ് ഫൗജിൽ ചേർന്നു. പിന്നീട് റാണി ഝാൻസി റജിമെന്റിന്റെ കമാൻഡറായി ചുമതലയേറ്റു. മദ്രാസ്, സിംഗപ്പൂർ, റംഗൂൺ,

ബർമ്മ, കോൽക്കത്ത, ദില്ലി, കാൺപുർ എന്നിവടങ്ങളായിരുന്നു പ്രധാന പ്രവർത്തന മണ്ഡലം. 1971ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1998ൽ രാഷ്ട്രം പദ്മവിഭൂഷൻ നൽകി ആദരിച്ചു.

1941ൽ യുദ്ധത്തിന്റെ കാർമേഘം ലോകത്തെ ഗ്രസിച്ചിരുന്ന നാളുകളിൽ ലക്ഷ്മി സഹഗൽ സിംഗപ്പൂരിൽ മലായാകാടുകളിൽ തൊഴിലാളികളെ ചികിത്സിക്കുകയാ യിരുന്നു. യുദ്ധഭീതിയിൽ ആളുകൾ സ്വന്തം നാട്ടിലേക്ക് തിരികെ പോകുന്നതിന്റെ തിരക്കിലായിരുന്നു. എന്നാൽ ക്യാപ്ടൻ ലക്ഷ്മി അതിന് തയ്യാറായില്ല. യുദ്ധകാലത്ത് അവിടെ തന്നെ ജീവിച്ച് മുറിവേറ്റ സൈനികരെ ചികിത്സിച്ചുകൊണ്ടിരുന്നു. ഇംഗ്ലീഷുകാരെ അപേക്ഷിച്ച് ജപ്പാൻകാർക്ക് ഭാരതീയരോട് സഹാനുഭൂതിയാണ് ഉള്ളതെന്ന് യുദ്ധത്തിന്റെ കെടുതികളോട് പോരാടുന്നതിനിടയിൽ ക്യാപ്ടൻ ലക്ഷ്മി തിരിച്ചറിഞ്ഞു.

1942 ഫെബ്രുവരി 19 ന് നേതാജി ആസാദ് ഹിന്ദ് ഫൗജ് സ്ഥാപിച്ചു. 1943ൽ അദ്ദേഹം സിംഗപ്പൂരിൽ എത്തി. നേതാജിയുടെ പ്രഭാഷണത്തിൽ ആകൃഷ്ടയായ ലക്ഷ്മി അദ്ദേഹത്തിന്റെ ആഹ്വാനമനുസരിച്ച് ആസാദ് ഹിന്ദ് ഫൗജിൽ ചേരുകയായിരുന്നു. 20 സ്ത്രീകളെ സംഘടിപ്പിച്ച് നേതാജിക്ക് ഗാർഡ് ഓഫ് ഓണർ നൽകി. നേതാജി ലക്ഷ്മിയെ മഹിളാ റജിമെന്റിന്റെ ചുമതല ഏല്പിച്ചു. റാണി ലക്ഷ്മിബായി റജിമെന്റ് എന്ന് ആ റജിമെന്റിന് പേരു നൽകി. ഏഷ്യയിലെ തന്നെ സ്ത്രീകൾക്കു വേണ്ടിയുള്ള ആദ്യത്തെ സംരംഭമായിരുന്നു അത്. ലക്ഷ്മിയുടെ ശ്രമഫലമായി റജിമെന്റിൽ സ്ത്രീകളുടെ എണ്ണം പതുക്കെ പതുക്കെ വളർന്ന് 150തിൽ എത്തുകയുണ്ടായി.

ക്യാപ്ടൻ ലക്ഷ്മി നേതാജിയോടൊത്ത് നിരവധി യാത്രകൾ നടത്തിയിട്ടുണ്ട്. ബാങ്കോങ്ങിലേക്കും റംഗൂണിലേക്കും, ഇംഗ്ലണ്ടിലേക്കുമൊക്കെ ആയാത്രകൾ നീണ്ടു പോയി. തായ്ലണ്ടിലെ മഹാറാണിയുമായി കൂടിക്കാണാനുള്ള അവസരവും അതിലൂടെ കൈവന്നു. റംഗൂണിൽ ഭാരതീയരുടെ അംഗബലം കണ്ട ലക്ഷ്മിക്ക് സ്വന്തം രാജ്യത്ത് എത്തിയ പ്രതീതിയായിരുന്നു. അവിടെ വെച്ചാണ് മാനവതി ആര്യയെ കണ്ടുമുട്ടുന്നത്. 1944 ജനുവരി 15 ന് അവർ റംഗൂണിൽ തന്നെ ഒരു ഒരു പുതിയ മഹിളാ റജിമെന്റ് ആരംഭിച്ചു. അവരുടെ ചുറുചുറുക്കും , നിർഭയത്വവും, നേതൃത്വ പാടവവും, ദേശസ്നേഹവും കണ്ട് 1944 മാർച്ച് 30 തിന് റജിമെന്റിന്റെ കമ്മീഷന്റ് ഓഫീസറായി നിയമിച്ചു. ആ റജിമെന്റ് ഇംഗ്ലീഷ് സൈന്യവുമായി നേരിട്ട് പോരാടിയിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനിക്ക് പരാജയമേറ്റപ്പോൾ ലക്ഷ്മിക്ക് ബർമ്മയിലേക്ക് പോകേണ്ടി വന്നു. 1945 ജൂൺ 1 ന് ഇംഗ്ലീഷുകാർ അവരെ അറസ്റ്റ് ചെയ്ത് വീട്ടു തടങ്കലിലാക്കി. എന്തൊക്കെ പ്രയാസങ്ങളുണ്ടായിട്ടും ലക്ഷ്മി തളർന്നില്ല. സാഹചര്യങ്ങൾ മാറി. നേതാജി വിമാനാപകടത്തിൽ മരിച്ചു എന്ന് വാർത്ത പരന്നു. അത് അവർക്ക് ശരിക്കും ഒരു ആഘാതം തന്നെ ആയിരുന്നു, എങ്കിലും ധൈര്യം കൈവിടാതെ മുന്നോട്ട് പോയി. അതിന് ശേഷം അവർ മദ്രാസിൽ തിരിച്ചെത്തി. 1947ൽ കേണൽ പി.കെ.സഹഗലിനെ വിവാഹം കഴിച്ചു. കാൺപുരിലെത്തി ക്ലിനിക്ക് ആരംഭിച്ച് ആതുരസേവന രംഗത്തേക്ക് തിരിഞ്ഞു. ശൈശവ വിവാഹത്തിനും, സ്ത്രീധനത്തിനും, വിധവാ വിവാഹ നിരോധനത്തിനും എതിരെ ക്യാപ്ടൻ നിരന്തരം പോരാടിയിരുന്നു.

1971ൽ ബംഗ്ലാദേശ് യുദ്ധകാലത്ത് വെസ്റ്റ് ബംഗാളിലെ അ യാർത്ഥികൾക്കിടയിലും 1984 ൽ ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെ തുടർന്ന് അരങ്ങേറിയ സിഖ് കൂട്ടക്കൊലയുടെ സന്ദർഭത്തിൽ സിഖ്കാർക്കിടയിലും, 1984ലെ ഭോപ്പാൽ ഗ്യാസ് ദുരന്തവേളയിൽ ദുരന്ത ബാധിതർക്കൊപ്പവും ക്യാപ്റ്റൻ ലക്ഷ്മി ഒരു മാലാഖയെപ്പോലെ അവരുടെ രക്ഷക്കായി എത്തി. തന്റെ ക്ലിനിക്കിനടുത്തുള്ള സിഖ്കാരുടെ സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾ ക്കും സംരക്ഷണം നൽകുന്നതിന് അവർ നേതൃത്വം നൽകി. 1992ൽ ബാബറിമസ്ജിദ് തകർക്കപ്പെട്ട സന്ദർഭത്തിലും ക്യാപ്ടൻ ലക്ഷ്മി ജനങ്ങൾക്കൊപ്പം നിന്ന് അവർക്ക് സഹായ ഹസ്തം നീട്ടി.

ഗ്രാമഗ്രാമന്തരങ്ങളിലും നഗരപ്രദേശങ്ങളിലും കറങ്ങി തൊഴിലാളികൾക്കും, ദളിതർക്കും, രോഗികൾക്കും, പീഡിതർക്കും വേണ്ടി ജീവിക്കുന്നതിലായിരുന്നു ക്യാപ്ടൻ ലക്ഷ്മിക്ക് ആനന്ദം. മതവൈരത്തിനും അന്ധവിശ്വാസത്തിനും, ജാതീയതക്കും എതിരെ അവർ നിരന്തരം പോരാടി കൊണ്ടിരുന്നു. ആ പോരാട്ടത്തിന് കരുത്ത് പകരുന്നതിന് വേണ്ടി അവർ ഇടതു പക്ഷത്തിനോട് ചേർന്ന് നിന്നു. എഡ്ഗാർ സ്നോയുടെ റെഡ് സ്റ്റാർ ഓവർ ചൈനയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് അവരെ ആകർഷിച്ച പ്രധാന പുസ്തകം. 2002 ൽ 87-ാം വയസ്സിൽ ഇന്ത്യയുടെ പ്രസിഡണ്ട് സ്ഥാനാർത്ഥി ആയി എ.പി.ജെ അബ്ദുൾ കലാമി നെതിരെ അവർ മത്സരരംഗത്ത് വന്നു. 57-ാമത്തെ വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിക്കൊണ്ട് അവർ പറഞ്ഞത് ഇങ്ങനെയാണ് എന്റെ ചിന്തകൾ എക്കാലത്തും ഒരു കമ്മ്യൂണിസ്റ്റിന്റേതായിരുന്നു. കൂടുതൽ ധനം സമ്പാദിക്കണ മെന്നോ, കൂടുതൽ സ്വത്തുണ്ടാക്കണമെന്നോ, കൂടതൽ സമ്പാദ്യം കരുതി വെക്കണമെന്നോ ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ല . ശരോജിനി നായിഡുവിന്റെ സഹോദരിയായിരുന്ന സുഹാസിനി നമ്പ്യാർ, കെ.പി.കേശവ മേനോൻ, എസ്.സി.ഗുഹ, എൻ രാഘവൻ എന്നിവരുമായുള്ള സമ്പർക്കം അവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. സമര മുഖങ്ങളിൽ എല്ലായ്പ്പോഴും തൊഴിലാളികൾക്കൊപ്പമായിരുന്നു അവർ നിലകൊണ്ടത്. ദരിദ്രരായ സ്ത്രീകളുടെ പ്രശ്നങ്ങൾ സ്വന്തം പ്രശന്ങ്ങളായി കണ്ട് അതിന് പരിഹാരം കാണാൻ പരിശ്രമിച്ചു. 1981 ൽ സഖാവ് ഇ.എം.എസിന്റെ നിർദ്ദേശ പ്രകാരം ജനാധിപത്യ മഹിളാ അസോസിയേഷന്റെ സ്ഥാപകരിൽ ഒരാളയും അതിന്റെ ഉപാദ്ധ്യക്ഷയായും, രക്ഷാധി കാരിയായും പ്രവർത്ഥിച്ചു. ക്യാപ്ടൻ ലക്ഷ്മി മതമൗലികവാദത്തെ ശക്തിയായി എതിർക്കുക മാത്രമല്ല അത് സമൂഹത്തിന്റെ ഏറ്റവും വലിയ ശത്രു ആണെന്ന് കരുതുകയും ചെയ്തിരുന്നു.

അവർ രാജ്യത്തിന്റെ അധികാര കേന്ദ്രങ്ങളിൽ നിന്ന് ഒന്നും ആഗ്രഹിക്കാത്ത ഒരു ദേശ ഭക്തയായിരുന്നു. ജാതീയത, പ്രാദേശികത, ഭാഷാവാദം എന്നിവയിൽ നിന്ന് അ

കന്ന് നിന്ന് ദരിദ്രർക്ക് വേണ്ടി മാത്രം ജീവിച്ച ക്യാപ്റ്റൻ ലക്ഷ്മി സഹഗലിന്റെ ജീവിതം ത്യാഗ ത്തിന്റെയും തപസ്യയുടേതുമായിരുന്നു.

ജയ് ഹിന്ദ് ന്റെ പര്യായമായ ലക്ഷ്മി യുടെതു പോലുള്ള വ്യക്തിത്വങ്ങൾ ഒരിക്കലും മരിക്കുന്നില്ല. അവർ നമുക്കിടയിൽ എന്നാളും ജീവിക്കും. പ്രശസ്ത എഴുത്തുകാരനായ പദ്മശ്രീ ഗിരിരാജ് കിശോർ അഭിപ്രായപ്പെട്ടു.

ദേശ സ്നേഹത്തിന്റെയും സാഹസത്തിന്റെയും അത്ഭുതകരമായ ഈ ഒത്തു ചേരൽ അത്യ പൂർവ്വമായി മാത്രമെ സംഭവിക്കാറുള്ളു നേതാജിയുടെ സേനയിലെ ഈ വീര പുത്രി യൗവ്വ നകാലത്ത് ഒരു സൈനികയായും, പിന്നീട് സാമൂഹ്യ. പ്രവർത്തകയായ ഡോക്ടറായും, വൃദ്ധാവസ്ഥയിൽ നിരാശ്രയരുടെ വാത്സല്യ നിധിയായ അമ്മയായും ജീവിച്ചു. അവർ മനുഷ്യരെയെന്ന പോലെ മാനവികതയെയും ചികിത്സിച്ചു പ്രശസ്ത സ്വാതന്ത്ര്യ സമര സേനാനിയായ മാനവതി ആര്യയുടെ വാക്കുകൾ ഇങ്ങനെയായിരുന്നു.

ലക്ഷ്മി സഹഗലിന്റെ വിയോഗത്തിലൂടെ രാജ്യത്തിന് ഉന്നത മൂല്യങ്ങളുടെയും നിസ്വാർത്ഥ സേവനത്തിന്റെയും ഒരു ആദർശ വ്യക്തിത്വത്തെയാണ് നഷ്ടപ്പെടുന്നത് എന്ന് പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങ് അഭിപ്രായപ്പെട്ടു.

ലക്ഷ്മിജീ ഞങ്ങളുടെ കുടുംബവുമായി നല്ല സൗഹൃദത്തിലായിരുന്നു. അവരെ ഞങ്ങ ളുടെ കുടുംബത്തിലെ ഒരംഗമായാണ് കണക്കാക്കുന്നത് .അവരുടെ വേർപാട് ഞങ്ങളുടെ കുടുംബപരമായ നഷ്ടം തന്നെയാണ്. സുബാഷ് ചന്ദ്ര ബോസിന്റെ പുത്രവധു പറഞ്ഞു. ക്യാപ്ടൻ ലക്ഷ്മി രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ വിലമതിക്കാനാവാത്ത സംഭാവന നൽകിയിട്ടുണ്ട്. ഞാൻ അവരുടെ ആത്മാവിന്റെ ശാന്തിക്കായി ഈശ്വരനോടു പ്രാർത്ഥിക്കുന്നു എന്നാണ് അമിതാഭ് ബച്ചൻ പറഞ്ഞത്.

രാജ്യത്തിന് മാനവിക മൂല്യങ്ങളും, ധൈര്യവും, സമർപ്പണവും, കൃത്യനിഷ്ഠയുമെല്ലാം ഒത്തുചേർന്ന ഒരു ശ്രേഷ്ഠ വ്യക്തിത്വത്തെ നഷ്ടപ്പെട്ടു. പാരശ്വവൽക്കരിക്കപ്പെട്ട ദളിതരും സ്ത്രീകളു മടങ്ങുന്ന ജനവിഭാഗം എല്ലാക്കാലത്തും അവരെ സ്മരിക്കും കാരണം അവരുടെ അവകാശങ്ങൾക്ക് വേണ്ടിയാണ് ക്യാപ്റ്റൻ ലക്ഷ്മി പോരാടിയത്. പഞ്ചാബ് മുഖ്യമന്ത്രി പ്രകാശ് സിംഗ് ബാദൽ പറഞ്ഞു.

അവരുടെ ഭൗതിക ശരീരം മെഡിക്കൽ കോളേജിന് ദാനം ചെയ്യാനായുള്ള യാത്രയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. ക്യാപ്റ്റൻ ലക്ഷ്മിക്ക് അഭിവാദ്യങ്ങൾ, കാൺപുരിലെ മമ്മിക്ക് ലാൽ സലാം, ലക്ഷ്മി ദീദിക്ക് ലാൽ സലാം, മാനവികതയുടെ മമ്മിക്ക് ലാൽ സലാം എന്ന് അവർ ഏക സ്വരത്തിൽ അഭിവാദ്യങ്ങളർപ്പിച്ചു. അവരുടെ കണ്ണുകൾ മരിക്കാതെ ഇപ്പോഴും ഈ സമൂഹത്തെ നോക്കി കാണുന്നു.16വയസ്സുള്ള ബബലിയുടെയും രാമപ്യാരി എന്ന സ്ത്രീയുടെയും കണ്ണുകളിൽ ക്യാപ്റ്റൻ ലക്ഷ്മിയുടെ കോർണിയകൾ ഡോ. മഹമൂദ് രഹമാനി തുന്നി പിടിപ്പിച്ചു. രാജ്യത്തിന്റെ പുരോഗമന-മതേതര മൂല്യങ്ങൾക്ക് കരുത്തും, ശക്തിയും, ദിശാബോധവും പകർന്നു കൊണ്ട് ആ കണ്ണുകൾ ക്യാപ്റ്റൻ ലക്ഷ്മിയുടെ ആദർശങ്ങൾക്കൊപ്പം നമ്മോടൊത്ത് ജീവിക്കുന്നു.





# From Women Empowerment To Food Security The Kerala Model

**Dr. V.T. Sheeba**
*SVR NSS College, Vazhoor*



Women form 50% of the potential base of any economy. Discrimination against women hinders economic development and reinforces social inequality. Investing in women's capacities and empowering them to exercise their choice contributes to economic growth and overall development. Food security with self sufficiency is one of the most far sighted goal any economy can have. According to the Food and Agricultural Organisation there are 237.7 million malnourished people in India (224.6 million in 2008) , if the malnourished in India formed a country, it would be world's fifth largest country. If we use the minimum calorie- intake norms accepted officially in India, no of Indians who cannot afford the daily minimum could equal entire population of Europe. FAO sources state that by 2040, to secure food security there should be a 70% increase in global food production and for developing countries in particular, there should be a 100% increase in food production.

India's problem is not only to secure food but also food justice-Grains rot in go downs while people die of hunger. Women are more susceptible to poverty and malnutrition and are less likely to receive medical services, clean water and other benefits. With cost of living skyrocketing in the past few years, the most affected and harassed ones have been the women of the country who have to find ways and means to find one square meal for future generations of the country. It has become a daily challenge for the vast majority of women folk in India.

Though according to the UN,117 countries have equal pay laws and 115 countries guarantee women equal property rights, what is written in the statute books does not translate into real progress or equality. The persistence of sharp gender inequalities is a striking aspect of the Indian society. The unfavourable sex ratio and the high proportion of missing women is a proof of this striking inequality. According to World watch institute women produce 50% of food world wide, but only

10-20% own land. In developing countries like India, women produce 60-80% of food, but own less than 2% of land. Today food production is struggling to keep pace with increasing population.

**Table 1**
**MILESTONES IN GLOBAL POPULATION**

| YEAR | POPULATION |
|---|---|
| 1950 | 2.5 billion |
| 2000 | 6 billion |
| 2012 | 7 billion |
| Projection for 2050 | 9 b |

**Table 2**
COMPARISON OF RATE OF GROWTH OF POPULATION AND FOOD PRODUCTION IN INDIA

| YEAR | RATE OF GROWTH OF POPULATION | RATE OF GROWTH OF FOOD PRODUCTION |
|---|---|---|
| 1961-71 | 2.24 | 2.83 |
| 1971-81 | 2.23 | 1.8 |
| 1981-91 | 2.16 | 3.13 |
| 1991-2001 | 1.95 | 1.1 |
| 2001-2011 | 1.65 | 1.03 |

source-Census of India and Economic Survey.

## THE AGRICULTURAL SCENARIO IN KERALA-

The total geographical area of the state is 38,86,287 hectares. The total area under cultivation is 53.49%. The total cultivable wasteland in Kerala is 2.52% which constitute 98014 hectares of land (Dept of Economics and Statistics, Kerala) In India 45 million hectares of land belong to the cultivable waste category. Foodgrain production in Kerala could meet 35-40% of its demand in 1980-81. Now it has come down to a meagre 15%. But the productively of foodgrains and pulses in Kerala is high compared to other states of South India and is also above the Indian average.

**Table -3**
**AVERAGE PRODUCTIVITY OF FOODGRAINS (KG/HECTARE)**

| India/States | Food grains | Pulses |
|---|---|---|
| India | 1898 | 635 |
| Andhrapradesh | 2711 | 821 |
| Karnataka | 1491 | 465 |
| Kerala | 2465 | 979 |
| TamilNadu | 2049 | 309 |

Source –Agricultural Statistics India 2008

It is to be mentioned here that though 44.3% of agricultural land in India is irrigated land, Kerala which is rich in water resources has only 16.8% agricultural land under irrigation. The average consumption of chemical fertilizers in Kerala is only 68.9 kg/hectare as compared to 503.9 in China, 239.9 in Britain and 238.3 in Netherlands.20.8% of electrically consumption in India is for agriculture. Agriculture consumes only 2% of the total electrically consumption in Kerala.

Rice is the staple food of Kerala. Though India is the second largest producer of rice and accounts for 22% of world rice production, Kerala Lags behind in rice production .

Though production of rice is just 5.28 lakh tones, demand is 40 lakh tonnes a year. Rice is imported from other parts of the nation and the price of rice has increased manifold.

### Women empowerment and food security

Launched by the Govt. of Kerala in 1998 for wiping out absolute poverty from the state through community action under local self government, the women empowerment programme in Kerala is known by the name 'Kudumbasree Mission'.

**Table.4**
**AREA UNDER PADDY AND PRODUCTION OF PADDY IN KERALA**

| YEAR | AREA IN LAKH HECTARES | PRODUCTION IN LAKH TONNES |
|---|---|---|
| 1956-57 | 7.62 | 8.87 |
| 1966-67 | 7.99 | 11.24 |
| 1976-77 | 8.54 | 12.95 |
| 1986-87 | 6.63 | 10.33 |
| 1996-97 | 4.31 | 8.71 |
| 2006-07 | 2.64 | 6.42 |
| 2010-11 | 2.13 | 5.28 |

Source-Dept of Statistics and Economics Govt. of Kerala

TABLE NO.5

| No. | Name of Districts | No. of Neighbourhood Groups (NHGS) | No. of families | Area in Acres |
|---|---|---|---|---|
| 1 | TVM | 2019 | 21159 | 2624.38 |
| 2 | Kollam | 1355 | 4208 | 1330.18 |
| 3 | Pathanamthitta | 1796 | 17505 | 2985.44 |
| 4 | Alapuzha | 2346 | 19993 | 3010.75 |
| 5 | Kottayam | 973 | 7908 | 1948.15 |
| 6 | Idukki | 6638 | 61060 | 8099.50 |
| 7 | Ernakulam | 3084 | 30487 | 8237.52 |
| 8 | Thrissur | 510 | 4459 | 678.63 |
| 9 | Palakkad | 2369 | 17906 | 4920.45 |
| 10 | Malappuram | 3126 | 14862 | 3977.50 |
| 11 | Kozhikkode | 2090 | 13284 | 2268.50 |
| 12 | Waynad | 1316 | 1814 | 6562.43 |
| 13 | Kannur | 2308 | 22365 | 2624,58 |
| 14 | Kasargod | 1750 | 12731 | 5245.47 |
| | **Total** | **31680** | **249741** | **54513.48** |

This poverty eradication mission of Govt. of Kerala is a 3-tier community organization. The primary unit is the Neighbourhood Group (NHG) which is federated into Area Development Society (ADS) and these inturn are federated into community Development Society (CDS).

The women empower ment mission today has a network of 4 million women and covers more than 50% of households in Kerala. It is one of the largest women empower ment projects in the country. Based on the three components of Micro credit, entrepreneurship and empowerment, this initiative has succeeded in addressing the basic needs of less privileged women, providing them dignified position and prosperity. The devolution of power and resources to the local level groups with knowledge of local needs and resources can create a just food economy.

The mission has become a boon to the economy which has been struggling hard to raise its food security index. 44,225 collectives of women farmers have sprung across Kerala which lease fallow land, rejuvenate it, farm it and sell or consume the produce. It is expected that in the next three years an additional 60,000 acres of land will be brought under cultivation.

The synergy between civil society and the state has resulted in a collective social experimentation which is unique. Through this women empowerment programme, women earn livelihood with dignity and are also capable of ensuring food security. While women have enjoyed remarkably better levels of literacy, healthcare and maternal health, their public participation had not improved much. This women empowerment programme has caused economic and social stimulation. Agriculture has received a new life at the hands of this programme. The effort to encourage agriculture takes place when farmers elsewhere are forced to exit farming. Connecting food security to livelihood has been an achievement of this programme. local availability of chemical -free organic food is an added attraction. The initiative of collective farming undertaken by this programme helps to increase agricultural production by bringing fallow and cultivable wasteland into agricultural use. This is a positive signal to the major food producing sates like Punjab, West Bengal, Bihar etc. who are experiencing shrinking of agricultural land.

There is shift in the role of women in agriculture from daily wage earner. (Lower than men) to independent producers. Group farming is producing important consequences for MGNREGS (Mahatma Gandhi National Rural Employment Quarantee Scheme) in Kerala, Because of high wage among male workers, MGNREGS has become a predominant space for women (93% of employment to women where as national average is 50). This is due to

# അക്കാദമിക് ധർണ്ണ



പൊതുവിദ്യാഭ്യാസമേഖലയും ഉന്നതവിദ്യാഭ്യാസ മേഖലയും തകർക്കുന്ന സർക്കാർ നടപടികൾക്കും കോടതി വിധികൾക്കുമെതിരെ കേരള വിദ്യാഭ്യാസ സമിതി 2012 നവംബർ 1-ാം തീയതി സെക്രട്ടറിയേററ് നടയിൽ അക്കാദമിക് ധർണ്ണ നടത്തി. കരിമ്പിൻ തോട്ടത്തിൽ കയറിയ കാട്ടാനയെപ്പോലെയാണ് യു. ഡി. എഫ് സർക്കാർ വിദ്യാഭ്യാസമേഖലയെ ചവിട്ടിമെതിക്കുന്നതെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് സി. പി. ഐ (എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറഞ്ഞു. സമിതി ചെയർമാൻ പ്രൊഫ. നൈനാൻ കോശിയുടെ അധ്യക്ഷതയിൽ നടന്ന ധർണ്ണയിൽ സി. പി. ഐ സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ, കോൺഗ്രസ്സ് എസ്. പ്രസിഡൻറ് കടന്നപ്പള്ളി രാമചന്ദ്രൻ, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ സംസാരിച്ചു. ധർണ്ണയിൽ എ. കെ. പി.സി.ടി.എ.യും പങ്കെടുത്തു.

the close synergy between MG NREGS, the people's plan and Kudumbasree.

The main objective behind the setting up of the women-empowerment mission is to help poor women lying below the poverty line. A bank in the courtyard is its goal Every member deposits money with the unit and members are allowed to take loans at concessional rates of interest. In addition to lease-land farming, the units under this mission run business in the fields of consumer products such as Soap-making unit, garments and readymades, mat-weaving unit, curry powder unit, tailoring unit, bakery unit and coir making unit.

Poverty is a multifaced sorry state of deprivation. So it cannot be eradicated or mitigated easily. But the women empowerment schemes like the Kudumbasree Mission undertaken by the Govt. of Kerala has led to a process of social inclusion. It is a source of power for new generation women. Such women empowerment programms help ordinary women of our society to become the part and parcel of all all round development in the family, society and nation as a whole: At the national level, agricultural productivity can be enhanced by utilizing women's potential on a large scale. A positive step in this direction for different states in the country is to bring the cultivable wasteland under cultivation by activating women.

## References:


1. Ananya Mukherjee- "Food security and women empowermen" The Hindu Feb. 01,2012.
2. Shajitha.S "Women's Role in Environmental conser vation- a special reference to Kudumbasree" in A Shaji (Ed), understanding the Environmental History of India June 2012.
3. Kavitha Martin, "Food security-Deciding community's Role", Kerala calling Aug. 2010.
4. Rosamma Mathew, "Kudumb asree for women empower ment", Kerala CallinA. 2010
5. Mary George,"Food production -self sufficiency is a challenge". ' Mathrubhumi daily,Sep. 27,P.4.
6. Agricultural statistics at a glance- Directorate of Economic and Statistics, Ministry of Agriculture, Governement of India



# Dress Code and Identity

Dr. Vinitha Mohan
*NSS College For Women, Karamana*



That ethics is a product of man's experience of the world and his ways of thinking, is a shared view of feminist writings... How does dress position the body and identity in different social and cultural spaces? How does dress signify oppression and/or liberation for women and how might this differ for men? While the French government insist that muslim women do not wear headscarves, in India two men recently tried to, one being Andhra Pradesh's director general of police Dinesh Reddy and the other being Karnataka's child and welfare minister CC Patil who were of the firm opinion that women who dressed in 'flimsy and fashionable' attire were primarily the reason why men harassed and raped women in our part of the world. The men prescribed a 'dress code' for women. And there was also an added insight into the theory of 'why men rape women' by none other than a woman who is supposedly an 'expert' in women –studies. That's not some saffron or green moral police speaking. The erudite lady Dr KK Seethamma ( The Head of the Department of Women Studies in Bangalore University,) said, "I'm against women wearing obscene clothes. With such clothes, they tempt men and that's why they get raped. Even when one


wears saris, long-sleeve blouses must be worn. I tell my students they must wear long kurtas when they wear jeans". She doesn't stop there and goes on to add: "Many women lecturers in BU wear *salwars* and jeans. What respect can they expect from boys? Only a sari with long-sleeve blouses invokes respect for women teachers, nothing else."

Going by Dr KK Seethamma's theory, no woman in India who has worn a long sleeved blouse or a woman clad in pardah should have been raped! .

(It is interesting to share a comment that women teachers have to wear sari, and not chudidar for it would be difficult to distinguish them from the students! But the same logic is not applied to male teachers.)

Now, what exactly is the reason that prompts the different political, religious and other authorities to vehemently argue to legislate so stringently on clothing?

Clearly, violence against women is not only restricted to attacks on her body but more importantly it is a negation of her integrity and personhood. As Sandra Bartky points out, psychological oppression is dehumanizing and depersonalizing; it attacks the person in her personhood'. In the 21st century when we try to untangle the knots of imposed limitations and don'ts, the imposition of dress code with the hidden implications has to be read.




The dress code debate is much more than about clothing. It is a control over a woman's body and sexuality. With the society becoming more goal-oriented, the power structure tightens its grip more rigidly. As Foucault says, the prison system arrives, part of a disciplinary society! Disciplines are enforced everywhere. The body becomes a mechanics of power. Power relations have an immediate hold upon the body; they invest it, mark it, train it, torture it, force it to carry out tasks, to perform ceremonies, to emit signs. Women too play a role in colluding with their oppressors by accepting prevailing definitions of feminity which they translate into their own ideal feminity so that its oppressive nature remains hidden even to them, women allowing patriarchal notions of

feminity to function from within themselves. In her book, the second sex, Simon de Beauvoir argues that women let themselves be called the second sex , allowing that they can and should be treated as 'other' to men and in this handing over of responsibility for themselves, their own bodies bear the consequences. "In a sense her whole existence is waiting...since her justification is always in the hands of others." She internalizes the gaze of the other hand begins to view her body in the manner in which it is sought to be made desirable and perfect to the other. It is a serious allegation and truth.

The very idea of education in a democracy can be abused by inventing rather flimsy excuses; there are certain codes that have been laid down in city colleges in India, in recent times which has drawn the attention of University norm setters. It is not related to education, its improvement, an analysis of quality or any such that could have a productive outcome on the future. It has got to do with dress codes. The largely unopposed move to impose a dress code, with the media or intellectuals expressing a very feeble outcry, may be understood as another side of the most modern attitude of siding the power but projecting their identity as the most modern in their outlook! Of course they are not a hindrance to the market-led, power-determined, consumerist section. It is always the weaker, not empowered that fall prey. In our part of the world, students often are disempowered .The religious, sectarian organizations with their bargaining power have been successful in containing their thought, depoliticizing them. They are being converted to copy cats and dress codes are being imposed on them as the last nail in the coffin. The powerful always had their own justifications; they will find many, but facts are sacred and true. Their thoughts are being restricted, and youth in their most beautiful age, in their most fruitful period are being reduced to just one among the masses without any identity. It curtails their freedom, both physical and psychological. "Forcing unreasonable restrictions on students is not advisable and is equivalent to slowing down or curtailing them from entering adulthood. Students should be allowed to take responsibility for their deportment and face the social consequences, if any. Imposing constraints on them limits their growth and maturity and could render them incapable of handling real life situations," says Fr. Ambrose Pinto, principal of the St. Joseph's Arts and Science College in Bangalore. The intelligentsia seems to be indifferent to this state. Clothing is positioned not in a closed circuit of self-reflection but as a calibrated social act with many possible implications. It is important to fight the dress code which is an outward visible expression of a deeper malignant mind set, which strive to restrict people, condition them in the way they think act and conduct themselves.

Reformists have always fought with the past. They have used powerful weapons, weapons like logical refutation, hostile counter-examples, and on occasion dismissive parody. Taking seriously the Marxist dictum that the point of philosophy is not to understand the world but to change it, an ethic of liberation engages in strategic considerations of effective action for change. that is, in recognizing and exposing constructions of gender, dismantling these as fabrications of human power and locating the places of effective spoken and acted protest of which new social realities may come to be formed. The entrenched cultural ideals of the role and function of women have to be challenged. Such a belief in the possibility of liberation from these structures brings a sense of responsibility for the shape of their own lives, and a committed and determined involvement to change the conditions in which they are living.

*Shocked to listen to the west Bengal's first woman chief minister speaking that rapes take place because men and women mix more freely today than in the past. "Earlier if a man and a woman would hold hands, they would be caught by their parents and scolded, but now everything is so open. It's like an open market with open options..."*



# ഹിഗ്സ് ബോസോൺ അഥവാ ദൈവകണം

ഡോ.എ.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



*ദൈവകണം കണ്ടെത്തി* എന്ന മാധ്യമ വാക്യത്തോട് യോജിക്കാത്തവരാണ് പല ഭൗതിക ശാസ്ത്രജ്ഞരും. ദൈവകണം എന്ന പദപ്രയോഗം അനുചിതമാണെന്ന് അവർ പറയുന്നു. കണ്ടെത്തി എന്ന പ്രയോഗം അതിരുകടന്നതുമത്രെ. ഹിഗ്സ് ബോസൊൺ അല്ലെങ്കിൽ ഹിഗ്സ് പാർട്ടിക്കിൾ എന്നതാണ് ശാസ്ത്രവൃത്തങ്ങളിൽ അതിനുള്ള പേര്. പ്രപഞ്ചത്തിലെ മൗലിക കണങ്ങളെപ്പററി പഠിക്കുന്ന വിജ്ഞാനശാഖയാണ് പാർട്ടിക്കിൾ ഫിസിക്സ്. അതിൽ സ്റ്റാൻഡേർഡ് മോഡൽ എന്നൊരു രൂപരേഖയുണ്ട്. സ്റ്റാൻഡേർഡ് മോഡലിൽ ഉൾപ്പെട്ട ഒരു മൗലിക കണമാണ് ഹിഗ്സ് ബോസൊൺ അല്ലെങ്കിൽ ദൈവകണം

## സ്റ്റാൻഡേർഡ് മോഡൽ

പദാർത്ഥം പ്രപഞ്ചത്തിൽ ഏതുഘടനയോടെ നിലനിൽക്കുന്നു എന്ന് പ്രതിപാദിക്കുന്ന ഒരു രൂപരേഖയാണ് സ്റ്റാൻഡേർഡ് മോഡൽ. അത്, അനേകം ശാസ്ത്രധിഷണകൾ നെയ്ത ഒരു ചിത്രകമ്പളമാണ്. പദാർത്ഥത്തിൽ വിവിധ മൗലിക കണങ്ങൾ അടങ്ങിയിരിക്കുന്നു. അവ പരസ്പരം ഇടപെട്ട് പ്രതിപ്രവർത്തിക്കുന്നുണ്ടത്രെ. ആ പ്രതിപ്രവർത്തനങ്ങൾക്ക് ഇടനിലനിൽക്കുന്ന ബലവിശേഷണങ്ങളത്രെ വിദ്യുത്കാന്തിക ബലം (Electro Magnetic), ദുർബലം (Electro Weak), ശക്തമായ ന്യൂക്ലിയർ ബലം (Strong Nuclear) എന്നിവ.

1960 ൽ ഷെൽഡൻ ഗ്ലാഷോ, ഇലക്ട്രോ മാഗ്നററിക്- ഇലക്ട്രോ വീക്ക് പ്രതിപ്രവർത്തനങ്ങളെ സംയോജിപ്പിക്കാൻ ഒരു വഴി കണ്ടെത്തിയതോടെയാണ് സ്റ്റാൻഡേർഡ് മോഡൽ ഉണ്ടാവുന്നത്. ഹിഗ്സ് ബോസോൺ എന്ന പേര് സ്റ്റാൻഡേർഡ് മോഡലിന്റെ വികാസത്തിനും പരിഷ്കരണത്തിനും സംഭാവനകൾ നൽകിയ പീററർ ഹിഗ്സ് എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞനോടുള്ള ആദരസൂചകമായിട്ടാണ് നൽകിയിട്ടുള്ളത്. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചവർ ആർ. ബ്രൗറ്, എഫ് എങ്കെർട്ട്, ജി എസ് ഗുറൽനിക്, സി ആർ ഹേഗൺ, ററി ഡബ്ളിയു ബി കിബിൾ എന്നിവരാണ്. 61 തരം മൗലിക കണങ്ങൾ അടങ്ങിയ സ്റ്റാൻഡേർഡ് മോഡലിലെ ഒരു കണമാണ് ഹിഗ്സ് നിർദ്ദേശിച്ച ഹിഗ്സ് ബോസോൺ

## ഹിഗ്സ് ബോസോൺ

ദൈവകണം എന്ന പദം ലിയോൺ ലെഡർമാൻ എന്ന ശാസ്ത്രജ്ഞൻ എഴുതിയ *God particle* എന്ന പുസ്തക നാമത്തെ മുൻനിർത്തിയാണ് സ്വീകരിക്കപ്പെട്ടത്. ദൈവത്തെ കണ്ടെത്തി എന്ന ആശയമാണ് മാധ്യമങ്ങൾ ഇളക്കിവിട്ട വാർത്താസുധയിൽ പതഞ്ഞ് പല സാധാരണക്കാരന്റെയും പ്രജ്ഞയിൽ കടന്നത്. ഇതിനോടാണ്

ശാസ്ത്രജ്ഞർക്ക് വിയോജിപ്പ്.

സ്റ്റാൻഡേർഡ് മോഡലിൽ 61 ഇനം മൗലിക കണങ്ങൾ ഉണ്ട്. ബോസോൺ, ഹേഡ്രൺ, ഫെർമിയോൺ, മീസോൺ, ഫോട്ടോൺ, ബാര്യോൺ, ലെപ്റ്റോൺ, ക്വാർക്ക്, ഗ്ലുവോൺ, എന്നീ കണങ്ങളും അവയുടെ തരഭേദങ്ങളും തലമുറകളും പ്രതികണങ്ങളും നിറഭേദങ്ങളും എല്ലാം ചേർന്നാണ് 61 ഇനങ്ങൾ. അവയിൽ ബോസോൺ ഗണത്തിൽ പെടുന്നതാണ് ഹിഗ്സ് ബോസോൺ അല്ലെങ്കിൽ *ഹിഗ്സ്*. ഹിഗ്സ് ബോസോണിന് തര-നിറ-തലമുറ ഭേദങ്ങളില്ല. ഒററ ഇനം മാത്രം. പീററർ ഹിഗ് ഉൾപ്പെട്ട ശാസ്ത്രസംഘമാണ് ഹിഗ്സ് ബോസോണിനെ സങ്കല്പനം ചെയ്തത്.

പിണ്ഡം (mass) കൂടുതലുള്ള ഒരു മൗലിക കണമത്രെ ഹിഗ്ഗ്സ് ബോസോൺ, ആന്തരികമായ ഭ്രമണ സ്വഭാവമില്ലാത്തതിനാൽ (no intrensic spin) ഇതിനെ ബോസോൺ ഇനത്തിൽ പെടുത്തിയിരിക്കുന്നു. വർദ്ധിത പിണ്ഡമായതിനാൽ സൃഷ്ടിക്കപ്പെട്ട നിമിഷം തന്നെ ക്ഷയം സംഭവിക്കുന്ന ഹിഗ്സ് ബോസോണിനെ കണ്ടെത്തുവാൻ ഉയർന്ന വേഗതയുള്ള പാർട്ടിക്കിൾ ആക്സിലറേററർ വേണം.

2010 വരെ ഹിഗ്സ് ബോസോണിനെ കണ്ടെത്തുവാൻ ഇക്കാരണത്താൽ തന്നെ അനുകൂല സാഹചര്യമില്ലായിരുന്നു. ജനീവയിലെ ലോകശാസ്ത്ര സംരംഭമായ ലാർജ്ഹേഡ്രൺ കൊളൈഡർ പ്രവർത്തന ക്ഷമമായതോടെ ഹിഗ്ഗ്സ് ബോസോണെന്ന പിടികിട്ടാപ്പുള്ളി ശാസ്ത്ര നിരീക്ഷണ വലയിൽ അകപ്പെട്ടു. സ്റ്റാൻഡേർഡ് മോഡൽ പ്രകാരം ഫോട്ടോൺ, ഗ്ലുവോൺ എന്നിവ ഒഴികെ എല്ലാ മൗലിക കണങ്ങൾക്കും പ്രസക്തമായ പിണ്ഡമുണ്ട്. മററുള്ളവ ഹിഗ്സ് ബോസോണുമായി പ്രതിപ്രവർത്തിച്ച് പിണ്ഡം ആർജിക്കുന്നു. ഹിഗ്സ് ബോസോണിന് വർദ്ധിച്ച പിണ്ഡമുള്ളതിൻെറ കാരണം, ഹിഗ്സ് ബോസോണുകൾ തമ്മിൽ പ്രതിപ്രവർത്തിച്ച് പിണ്ഡം ആർജിക്കുന്നു എന്നതാണ്

2012 ജൂലൈ 4 ന് ലാർജ് ഹേഡ്രൻ കൊളൈഡറിലെ സി എം എസ്, എ ററി എൽ എ എസ് എന്നീ പരീക്ഷണ വിഭാഗങ്ങളിലെ ശാസ്ത്രജ്ഞർ, തങ്ങൾ വർദ്ധിച്ച പിണ്ഡമുള്ള ഒരു പുതിയ കണത്തെ കണ്ടെത്തി എന്ന് പ്രഖ്യാപിച്ചു. നാനാതല പരിശോധനയിൽ ആ കണം ഹിഗ്സ് ബോസോൺ തന്നെ എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. അതുവരെ കണ്ടെത്തിയിട്ടില്ലാത്ത ഒരു കണം ആണ് അത് എന്നും അവർ മനസ്സിലാക്കി. അതിൻെറ പിണ്ഡം ഏകദേശം 125 $GeV/C^2$ ആണ് എന്ന് അവർ കണക്കാക്കി. നിരീക്ഷിക്കാൻ കഴിഞ്ഞിടത്തോളം അതിൻെറ സ്വഭാവങ്ങൾ സൂചിപ്പിക്കുന്നത് അത് പീററർ ഹിഗ്സ് പ്രവചിച്ച ഹിഗ്സ് ബോസോൺ തന്നെയാണ് എന്ന് വിശ്വസിക്കാം


## സാധ്യതകൾ

മൗലിക കണങ്ങൾ അടങ്ങിയതാണ് പദാർത്ഥം എന്ന യുക്തി, ബി സി ആറാം നൂററാണ്ടിലേതാണ്. ഗ്രീക്ക് ചിന്തകരായിരുന്നു ലൂസിപ്പസ്, ഡെമോക്രിററസ്, എപ്പിക്യൂറസ്, ഇന്ത്യൻ ചിന്തകരായിരുന്ന കണാദൻ, ധർമ്മകീർത്തി, ദിഗ്നാഗ, അറബ് ചിന്തകരായ ഇബ്ൻ അൽഹെയ്ത്തം, ഇബ്ൻസിന, മൊഹമ്മദ് അൽഹസാലി തുടങ്ങിയവർ ആണ് പദാർത്ഥ ഘടനയെ സംബന്ധിച്ച് അക്കാലത്ത് പഠിച്ചത്.


ആദ്യ ആധുനിക ശാസ്ത്രകാരന്മാരായ പിയർഗസെൻറി, റോബർട്ട് ബോയ്ൽ, ഐസക്ന്യൂട്ടൺ ജോൺഡാൾട്ടൺ, റുതർഫോഡ്, റിൽസ്ബോർ മുതലായവർ തങ്ങളുടെ പൂർവ്വികരുടെ *മനനഫലങ്ങൾക്ക്* തെളിവ് സമ്പാദിക്കാൻ പരീക്ഷണങ്ങൾ നടത്തിയവർ കൂടിയാണ്.

അണുഘടനയെ തിരിച്ചറിയാൻ മൗലിക കണങ്ങളുടെ സാന്നിദ്ധ്യവും സവിശേഷതകളും തലനാരിഴ കീറി പരിശോധിച്ച് പഠിച്ച ശാസ്ത്ര വിദുഷികളുടെ മുന്നേററ പരമ്പരകളുടെ ഏററവും പുതിയ ചിത്രമാണ് ഹിഗ്സ് ബോസോണിൻെറ കണ്ടെത്തൽ.

പാർട്ടിക്കിൾ ഫിസിക്സിൻെറ മേഖലയിൽ ഉരുത്തിരിഞ്ഞ സ്റ്റാൻഡേർഡ് മോഡലിനും സ്വാഭാവികമായ അപൂർണ്ണതകൾ ഉണ്ട്. കോസ്മോളജിയിലെ നവീന ആശയമായ *ഡാർക്ക്മാററർ* സ്റ്റാൻഡേർഡ് മോഡലിൽ പൂർണ്ണാർത്ഥത്തിൽ ഇല്ല. ന്യൂട്രിനോ ചാഞ്ചാട്ടങ്ങളെ (Nutrino Oscillations) കൃത്യമായി വ്യാഖ്യാനിക്കുവാൻ സ്റ്റാൻഡേർഡ് മോഡലിന് കഴിയുന്നില്ല. എങ്കിലും മനുഷ്യൻെറ മുന്നിലുള്ള പ്രപഞ്ചസമസ്യകളെ വ്യാഖ്യാനിക്കുവാൻ സ്റ്റാൻഡേർഡ് മോഡൽ നിർണ്ണായകമാണ്. അത് പ്രകാരം പ്രപഞ്ചത്തിൽ നിലനിൽക്കുന്ന ബലങ്ങളുടെ ഇടനിലക്കാരായ മൗലിക കണങ്ങൾ



*പീററർ ഹിഗ്സ്*




(ഫോട്ടോൺ ഇലക്ട്രോമാഗ്നററിക് ബലത്തെ എന്ന പോലെ) ഒരു സമമിതി (Symmetry) അനുസരിക്കുന്നു . അതിനെ ഗേജ് സമമിതി (Gauge Symmetry)എന്നു പറയുന്നു. ഗേജ് -സമമിതി നിലനില്ക്കുമ്പോൾ കണങ്ങളുടെ സ്വാഭാവങ്ങൾ സ്ഥായിയായി നിലനിൽക്കുന്നു.

സ്റ്റാൻഡേർഡ് മോഡൽ, കണങ്ങളുടെ പിണ്ഡം, ആയുസ്സ് എന്നിവ പ്രവചിക്കുന്നില്ല. എന്നാൽ പരീക്ഷണങ്ങളുടെ സഹായത്താൽ അവ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഹിഗ്സ് ബോസോണിന് ഏകദേശം $10^{-21}$ സെക്കൻറിൻെറ ആയുസ്സ് മാത്രമേ ഉള്ളൂ. കണങ്ങളുടെ ഗേജ്- സമമിതി തകർക്കാതെ എങ്ങിനെയാണ് ഹിഗ്സ് ബോസോൺ മററ് കണങ്ങൾക്ക് പിണ്ഡം പകരുന്നത് എന്നത് ഇനിയും ഉത്തരം കിട്ടാത്ത ചോദ്യമത്രെ. ഹിഗ്സ് ബോസോൺ സ്വന്തം വലയം സൃഷ്ടിച്ച് (Higgs field) പിണ്ഡം പകരുന്നത്, സമമിതി തകർക്കാതെ സാദ്ധ്യമാവാം എന്ന ഹിഗ്സിൻെറ നിർദ്ദേശം പ്രസക്തമാണ് (Higgs Mechanism).

ഈ മെക്കാനിസത്തിന് തെളിവ് ലഭിക്കുന്ന പക്ഷം വിപ്ലവകരമായ വൈജ്ഞാനിക തിരുത്തലുകൾ വരും. അവ ഇതപര്യന്തമുള്ള പാർട്ടിക്കിൾ ഫിസിക്സ് ഉൾപ്പെടെയുള്ള നമ്മുടെ വിജ്ഞാനീയങ്ങളെ സാരമായി രൂപാന്തരപ്പെടുത്തുമെന്ന് തന്നെ ഉറപ്പിക്കാം.

*FOR TOP QUALITY BOOKS ...*

# SOBA PUBLICATIONS

*Changanasserry, Kottayam,Kerala 686101*

*... wings of wisdom*

*Our prestigeous books which you can confidently follow ...*

- Taxation, Kerala VAT and CST *(ISBN 978-81-920969-0-1) ₹120*
- Income Tax *(For B. Com / B.B.A) (ISBN 978-81-920969-0-2) ₹190*
- Direct taxes - Law and Practice *(For M. Com / MBA / CA/ ICWA) (ISBN 978-81-920969-0-3) ₹ 390*
- Principles of Insurance *(ISBN 978-81-920969-0-4) ₹100*
- Capital Market *(For B. Com.) (ISBN 978-81-920969-0-5) ₹100*
- Value Added Tax - Concepts and Practices *(ISBN 978-81-920969-0-6) ₹110*
- Indian Financial Markets *(ISBN 978-81-920969-0-7) ₹100*
- Capital Market and Investment Management *(ISBN 978-81-920969-0-8) ₹100*
- Indian Financial System *(ISBN 978-81-920969-0-9) ₹100*

*Attention Authors and Eminent Professors ...*

***We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...***

SOBA PUBLICATIONS

The Manager
175, Manamel, Boat Jetty Road
Changanasserry, Kottayam (Dist) Pin-686 101
Ph. 9496752663 / 9446223651
Website : www.sobapublications.com



# India ranks 132nd in ease of doing biz among 185 economies

Dr. P.S. Mohanakumar




India continues to be a tough place for doing business even as the country has improved regulator processes for starting enterprises and trading across borders, according to World Bank and IFC. In terms of ease of doing business, India is ranked 132nd among 185 countries. The nation's position for 2013 is unchanged from 2012. Singapore is at the top position, followed by 'Hong Kong SAR, China' at second place and New Zealand at third spot. Other nations in the top 10 are the US (4th), Denmark (5th), the UK (7th), Norway (6th), Korea (8th), Georgia (9th) and Australia (10th). India is the lowest ranked among BRIC nations. Brazil (130th), Russia (112nd), China (91th) and 'Taiwan, China" (16th).

India is also below neighbouring Pakistan (107th) and Nepal (108th). Titled 'Doing Business 2013 Smarter Regulations for Small and Medium-Sized Enterprises', the report said that local entrepreneurs in developing countries are finding it easier to do business than at any time in the last ten years. The ease of doing business in the developing world reflects the significant progress that has been, made in improving business regulatory practices worldwide, it added. "India focused mostly on simplifying and reducing cost of regulatory processes in such areas as starting a business, paying taxes and trading across borders," the report said. The rankings are based on various factors — starting a business, dealing with construction permits, getting electricity, registering property, getting credit etc.

## Gender Gap Index 2012 India's position 105

**India has moved up 8 points to 105th position in the global Gender Gap Index of 135 countries for 2012, from 113th position in the previous year, according to the World Economic Forum.** The index, which examines the gap between men and women on the basis of economic participation and opportunities; educational attainment; health and



survival, and political empowerment is topped by Iceland, followed by Finland, Norway, Sweden and Ireland.

Neighbouring China, though slipped in its ranking to 61st, is way ahead of India.


India has fared better than countries like Pakistan, Nepal, Yemen, Saudi Arabia, the United Arab Emirates, Egypt and Turkey among others. About India, the report said the country has performed above average on the political empowerment of women but lags behind in the other three categories.There is also some evidence from India to suggest that women in local government roles make decisions with better outcomes for communities than men when charged with budget decisions. Among other countries in the top 10 are — New Zealand, Denmark, the Philippines, Nicaragua and Switzerland.Notably, the US has bagged the 22nd place in the list, a decline from last year's 17th place.The report said that 32 countries have closed the gap in health and survival, while 20 countries have fully closed the gap in the educational attainment.

## India ranked at 115 on women empowerment scale

Women in India have never let anyone believe that they can lag behind in anything, however the facts are adverse. The global survey called the Third Billion Index shows on its scorecard the depleted position of women in the country which is demanding a change for good. India gets placed at a dismal 115 on a recent global survey on women empowerment out of 128 countries surveyed. India needs to make serious considerations to scale up the meter by employing measures to empower women and establish a world standard in equality among the sexes. Australia tops the list followed by Norway, Finland and Sweden the three Scandinavian countries where the women contribute to the growth of the economy in equal share as the men. Making the bottom of this list are Pakistan, Yemen, Chad and Sudan. The report prepared by the international consulting and management firm Booz & Company ranked India on various parameters like access to work policy,



entrepreneurial support, advancement, and equal pay. It is true that women are sophisticated to play leading parts in the global economy in the future, even than they are not given the required consideration by the government's decision makers and business leaders in many countries.



# നൊബേൽ സമ്മാന ജേതാക്കൾ

ഡോ.എം.ആർ.സുദർശനകുമാർ
എം.ജി.കോളജ്, തിരുവനന്തപുരം



ദ്രവ്യ കണങ്ങളെ കുറിച്ചും പ്രകാശ കണങ്ങളെ കുറിച്ചുമുള്ള ഗവേഷണത്തിൽ മഹത്തായ നേട്ടം കൈവരിച്ച ഫ്രഞ്ചു ശാസ്ത്രജ്ഞനായ Serge Haroche യും അമേരിക്കൻ ശാസ്ത്രജ്ഞൻ David wineland ഉം ഈ വർഷത്തെ ഭൗതിക നൊബേൽ സമ്മാനം പങ്കുവെച്ചു. ഇരുവരും നടത്തിയ മുന്നേററം അതിവേഗതയുള്ള സൂപ്പർ കമ്പ്യൂട്ടറുകളുടേയും അതികൃത്യതയുള്ള ക്ലോക്കുകളുടേയും നിർമ്മാണത്തിനു സഹായകരമായി. പ്രകാശത്തിന്റേയും ദ്രവ്യത്തിന്റെയും അടിസ്ഥാന കണങ്ങളാധാരമായുള്ള ക്വാണ്ടം അവസ്ഥകളെ നിരീക്ഷിക്കുക ദുഷ്കരമാണ്. നിരീക്ഷണത്തിന്റെ ഭാഗമായി അവയുടെ സ്വഭാവ വിശേഷങ്ങൾ മാറിപ്പോകുമെന്നതാണു കാരണം. ഇവർ വികസിപ്പിച്ചെടുത്ത ക്വാണ്ടം ഭൗതികത്തിലെ പുതിയ പരീക്ഷണ സങ്കേതങ്ങൾ ക്വാണ്ടം അവസ്ഥകളെ നിയന്ത്രിക്കുവാനും നിരീക്ഷിക്കുവാനും സഹായകരമായി.

ലേസർ രശ്മി ഉപയോഗിച്ച് അയോണുകളെ വലയിലാക്കി അവയെ പഠന വിധേയമാക്കാനുള്ള സാങ്കേതിക വിദ്യയാണ് wineland ഉം കൂട്ടരും വികസിപ്പിച്ചെടുത്തത്. പ്രകാശകണങ്ങളെ വലയിലാക്കി നിരീക്ഷിക്കുവാനുള്ള മാർഗമാണ് ഒമ്യീരവല യും സംഘവും ആവിഷ്കരിച്ചത്. പാരീസിലെ college de france and Ecole Normalle superlieure ലെ പ്രൊഫസറാണ് Haroche. യു എസ്സിൽ National Institute of standards and Technology (NIST)യിലെ ഗവേഷകനാണ് wineland.

മനുഷ്യശരീരത്തിലെ കോടാനുകോടി കോശങ്ങൾ സംവേദനമെങ്ങനെ ഏററുവാങ്ങുന്നതെന്നു കാണിച്ചുതന്ന അമേരിക്കൻ ശാസ്ത്രജ്ഞരായ Robert Lefkowitz ഉം Brian kolbika യും ഈ വർഷത്തെ രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനത്തിനർഹരായി. കോശങ്ങൾ പുറത്തു നിന്നുള്ള വിവരങ്ങൾ ശേഖ





Serge Haroche



David wineland

രിക്കുന്നതും പരസ്പരം ആശയവിനിമയം നടത്തുന്നതും ഏറെക്കാലം ശാസ്ത്രജ്ഞരുടെ ഗവേഷണ വിഷയമായിരുന്നു. G- protein- coupled receptors (GPCRs) ആണ്. കോശങ്ങളുടെ രാസ സംവേദനത്തിനു കാരണമാകുന്നത്. എങ്ങനെയാണിവ പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയത്. Lefkowitz ഉം Kulbika യുമാണ്. ഇന്ന് നിലവിലുള്ള ഔഷധ പ്രദേശങ്ങളിൽ പകുതിയും ലക്ഷ്യം വെക്കുന്നത് ഈ പ്രോട്ടീനുകളെയാണ്. ഈ രണ്ടു ഗവേഷകരുടേയും സംഭാവനകൾ വൈദ്യശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് നിർണായകമായി.


ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ Sis Jon Gurdon നും ജാപ്പനീസ് ശാസ്ത്രജ്ഞനായ Shinya Yamanaka യും വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം പങ്കിട്ടു. വിത്തുകോശങ്ങളെ കുറിച്ചുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം ലഭിച്ചത്. മനുഷ്യ കോശങ്ങളെ പുനഃക്രമീകരിച്ച് വ്യത്യസ്ത തരത്തിലുള്ള കോശങ്ങളാക്കി മാററാമെന്നാണവർ കണ്ടെത്തിയത്. പാർക്കിൻസൺസ്, പ്രമേഹം എന്നീ രോഗങ്ങളുടെ ചികിത്സക്ക് ഇത് പുതിയ മാർഗങ്ങൾ തുറന്നു തരുമെന്ന് നൊബേൽ സമിതി ചൂണ്ടികാട്ടി



Robert Lefkowitz




Brian kolbika



Sis Jon Gurdon



Shinya Yamanaka



# കേരള സ്ത്രീയുടെ രണ്ടാം സ്വാതന്ത്ര്യസമരം

**എ.ജി.ഒലീന**
*എൻ.എസ്.എസ് കോളജ്,കരമന*



സമീപകാലത്ത് കേരളം കണ്ട സ്ത്രീകളുടെ സമരത്തിൻെറ വിജയഗാഥ രചിക്കലോ ലാഭനഷ്ടകണക്കെടുപ്പോ ഈ കോളത്തിൻെറ ലക്ഷ്യമല്ല. എന്നാൽ ഒക്ടോബർ 2-9 വരെ തലസ്ഥാന നഗരിയിലെ സെക്രട്ടറിയേററു നടയ്ക്കൽ നടന്ന കുടുംബശ്രീ സംരക്ഷണസമിതിയുടെ രാപ്പകൽ സമരം മുന്നോട്ടു വയ്ക്കുന്ന ഒരുപിടി സന്ദേശങ്ങൾ നമുക്കു അവഗണിക്കാനുമാവില്ല. അനുദിനം ദാരിദ്ര്യവല്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മൂന്നാം ലോക രാജ്യങ്ങളിലെ സ്ത്രീകളും വിവിധ രാജ്യങ്ങളിലെ സ്ത്രീപക്ഷ പ്രവർത്തകരും പ്രതീക്ഷയോടെ ഉററു നോക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തിന് 14 വയസ്സ് പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ദാരിദ്ര്യനിർമാർജന പദ്ധതിയെന്ന നിലയിലും സമ്പാദ്യപദ്ധതിയെന്ന നിലയിലും സമൂഹത്തിൽ ഏറെ സ്വീകാര്യത നേടിക്കഴിഞ്ഞതും ഇതിനകം സോഷ്യൽ ആഡിററിംഗിന് വിധേയമായിക്കഴിഞ്ഞതുമായ ഒരു സംരംഭത്തെ അട്ടിമറിക്കാനുള്ള സർക്കാർ നേതൃത്വത്തിലുള്ള ശ്രമത്തിനെതിരെയുള്ള സമരമായിരുന്നു ഒക്ടോബർ ആദ്യവാരം തലസ്ഥാനത്തു നമ്മൾ കണ്ടത്. വീട്ടിനുള്ളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന ലക്ഷക്കണക്കിനു സ്ത്രീകൾക്കു മൈക്രോഫിനാൻസിംഗ് രംഗത്തേക്കു പ്രവേശനം മാത്രമല്ല കുടുംബശ്രീ പ്രസ്ഥാനം പകർന്നു നല്കിയത് മറിച്ച് അവർക്കു സാമൂഹിക ഇടപെടലുകൾക്കുള്ള ഇച്ഛാശക്തി കൂടിയാണ്. സാക്ഷരതാ പ്രസ്ഥാനം പോലെ കേരളത്തിലെ ജനമനസ്സുകളിൽ സ്ഥാനം പിടിച്ച ഒരു ജനകീയ പ്രസ്ഥാനമാണ് കുടുംബശ്രീ സംവിധാനം. മാത്രമല്ല അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി മുന്നോട്ടുവച്ച ആശയങ്ങൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾക്കൊപ്പമാ

> ഇന്ത്യാചരിത്രത്തിൽ സ്ത്രീകൾ നടത്തിയ ആദ്യസ്വാതന്ത്ര്യ സമരമായി രേഖപ്പെടുത്തിയ ചേലാസമരം അഥവാ മേൽമുണ്ടു സമരത്തിൻെറ ഊർജ്ജം ഏററുവാങ്ങിയവരാണ് നമ്മൾ. മാനാഭിമാനത്തിനായിട്ടായിരുന്നു അന്നത്തെ സമരമെങ്കിൽ ഇന്നിവിടെ സ്ത്രീകൾ നടത്തിയത് നിലനില്പിനായുള്ള പോരാട്ടമാണ്. ചരിത്രമിതിനെ കേരള സ്ത്രീയുടെ രണ്ടാം സ്വാതന്ത്ര്യ സമരമായി രേഖപ്പെടുത്തുക തന്നെ ചെയ്യും

ണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ അതിന്റെ പ്രവർത്തനമാരംഭിച്ചത്. വാസ്തവത്തിൽ ഭരണാധികാര വികേന്ദ്രീകരണത്തിന്റെ ആദ്യപടിക്കപ്പുറം സാമ്പത്തികാധികാരത്തിന്റെ വികേന്ദ്രീകരണ സന്ദേശം കൂടി കുടുംബശ്രീ പ്രവർത്തനം പിൻപററുന്നുണ്ട്. അതുതന്നെയാണ് ഭരണകൂടത്തെയും തല്പര കക്ഷികളെയും ഭയപ്പെടുത്തുന്നതും. സാമ്പത്തികാധികാര ഘടനയിൽ പ്രവേശിക്കുന്ന സ്ത്രീ പിന്നീട് ഭരണാധികാരഘടനയിലും രാഷ്ട്രീയാധികാര ഘടനയിലും അനായാസം പ്രവേശിക്കുമെന്നു ഇക്കൂട്ടർക്കു അറിയാം. അതിനാലാണ് കുടുംബശ്രീയെ ചെറുക്കാൻ ശ്രമിക്കുന്നത്. രാഷ്ട്രീയ ബോധമണ്ഡലത്തിൽ പ്രവേശിക്കുന്ന സ്ത്രീ വളരെ വേഗം ശരിയായ ചേരിയിൽ ചെന്നു ചേരുമെന്നും ഇവർക്കറിയാം. അതിനാൽ സ്ത്രീയുടെ സംഘശക്തിയെയും ഇവർ ഭയപ്പെടുന്നു. അത്തരമൊരു ഭയത്തിൽ നിന്നാണ് ഈ പ്രതിരോധം . അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ സ്ത്രീകളുടെ പ്രതിരോധ സമരത്തിന് വർദ്ധിച്ച ജനപിന്തുണ ലഭിക്കുകയും ചെയ്തു

അക്ഷരാർത്ഥത്തിൽ തെരുവോരം കിടപ്പാടമാക്കിക്കൊണ്ട് കേരളത്തിന്റെ നാനാഭാഗത്തുനിന്നും എത്തിയ കുടുംബശ്രീ സഹോദരിമാർക്ക് തലസ്ഥാന നഗരം സമരവീഥിയൊരുക്കുകയായിരുന്നു. വിദ്യാർത്ഥികളും തൊഴിലാളികളും ജീവനക്കാരും വഴിയാത്രികരും ഒരേ മനസ്സോടെ ഒരു സമരം ഏറെറടുക്കുന്നതിന്റെ അപൂർവ്വചരിത്ര സന്ദർഭത്തിനാണ് തലസ്ഥാനം സാക്ഷ്യം വഹിച്ചത്. നിലനില്പിനായി സ്വന്തം സഹോദരിമാർ നടത്തുന്ന ധാർമിക സമരത്തിന് സർവ്വാത്മനാ പിന്തുണ ലഭിക്കുമെന്ന സവിശേഷ സന്ദേശമാണ് ഈ സമരം ആദ്യമായി മുന്നോട്ടുവയ്ക്കുന്നത്. ജനങ്ങൾ ഏറെറടുക്കുന്ന ഒരു സമരത്തിന് നേതൃത്വം നല്കിയ സ്ത്രീകൾ സമരത്തിനൊരു പുത്തൻ രീതി ശാസ്ത്രം കൂടി രചിക്കുകയും ചെയ്തു. സമാധാന പൂർണമായ ഒരു സമരം മുദ്രാവാക്യങ്ങൾക്കൊപ്പം ആട്ടവും പാട്ടും കൊണ്ടു സജീവമായൊരു സമരവേദി. ഇതു മറെറാരു സന്ദേശമാണ്. എവിടെ അടിമത്വത്തിന്റെ ചങ്ങലകളുണ്ടോ അവിടെ സ്വാതന്ത്ര്യത്തിന്റെ ഗീതങ്ങളുതിരുമെന്നു നമുക്കറിയാം. എവിടെ നിലനില്പു ചോദ്യം ചെയ്യപ്പെടുന്നുവോ, എവിടെ സ്വന്തം അധ്വാനത്തിന്റെ മൂല്യത്തിനു വില പറയുന്നുവോ, അപ്പോൾ പ്രതിഷേധത്തിന്റെ ഗാഥകൾ ഉണ്ടാവുമെന്നു നമുക്കറിയാം. എവിടെ നിലനില്പു ചോദ്യം ചെയ്യപ്പെടുന്നുവോ എവിടെ സ്വന്തം അധ്വാനത്തിന്റെ മൂല്യത്തിനു വില പറയുന്നുവോ അപ്പോൾ പ്രതിഷേധത്തിന്റെ ഗാഥകൾ ഉണ്ടാവുമെന്നു നമുക്കറിയാം. പാടത്തും പറമ്പിലും പണിയെടുക്കുന്നവരുടെ വിയർപ്പുതുള്ളികൾക്കൊപ്പം ഉള്ളിലുണരുന്ന താളബോധത്തിൽ നിന്നും കവിതയും കവിതയിലെ വൃത്തവുമുണ്ടാകുമെന്ന ബോധം പകർന്നുതരികയായിരുന്നു കുടുംബശ്രീയിലെ നമ്മുടെ കൂട്ടുകാരികൾ. എന്നാൽ അതു കാണാൻ കഴിയാതെ പോയത് അങ്ങ് ദന്തഗോപുരത്തിലിരുന്ന് എഡിറേറാറിയൽ എഴുതുന്ന വീക്ഷണത്തിന്റെ വീക്ഷണ വൈകല്യത്തിനു മാത്രം. അധോമുഖവാമനന്മാരുടെ ഹൃസ്വദൃഷ്ടിക്കു ചരിത്രം ഉറപ്പുനല്കട്ടെ.

രാത്രികാലങ്ങളിലെ തെരുവുകൾ ഇപ്പോഴും നമ്മൾ സ്ത്രീകൾക്ക് അന്യമായിരിക്കെ, രാപ്പകൽ ഭേദമന്യേ ഒരു സംഘം സ്ത്രീകൾ തലസ്ഥാന നഗരിയിലെ തെരുവു സ്വന്തമാക്കിയത് മറെറാരു വലിയ സന്ദേശത്തിന്റെ സൂചനകൂടിയാകുന്നു. സംഘശക്തിയെ സ്ത്രീയുടെ സംഘശക്തിയെ- ആക്രമിക്കാൻ ആരും ധൈര്യപ്പെടില്ല. ഒപ്പം സ്ത്രീ വർഗപ്പോരാട്ടത്തിൻ പങ്കുചേരാനായി മുന്നോട്ടെത്തിയ രാഷ്ട്രീയ പാർട്ടികളും വർഗബഹുജന സംഘടനകളും നല്കുന്ന സന്ദേശവും തീർച്ചയായും പ്രതീക്ഷയ്ക്കു വക നൽകുന്നു. നാടും വീടും വിട്ട് തലസ്ഥാനത്തെത്തിച്ചേർന്ന കുടുംബശ്രീ പ്രവർത്തകർ മഞ്ഞും വെയിലും മഴയും വകവെയ്ക്കാതെ നടത്തിയ സമരം അതിന്റെ ലക്ഷ്യം കൊണ്ടും രീതിശാസ്ത്രം കൊണ്ടും ഐതിഹാസികമായി മാറുകയായിരുന്നു.

സമരങ്ങൾ അനാവശ്യമെന്നും സമരങ്ങളെല്ലാം സമരാഭാസങ്ങളാകുന്നുമെന്നുമുള്ള അരാജക സമീപനത്തിനൊരു മറുപടി കൂടിയാകുന്നു കുടുംബശ്രീ സമരം. കാരണം ഒരു വലിയ ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കാനാണ് ജനശ്രീയെ മുൻനിർത്തി ചിലർ ശ്രമിച്ചത് എന്നുള്ളതാണ്. ആർക്കാണ് കുടുംബശ്രീയെ പേടിയെന്ന ചോദ്യമാണ് ചിന്തിക്കുന്ന മനസ്സുകളിൽ ഈ ഘട്ടത്തിൽ ഉയർന്ന ചോദ്യം. എന്തുകൊണ്ടെന്നാൽ ഉയർന്നതലത്തിലുള്ളൊരു ജനാധിപത്യ പ്രക്രിയയിലേക്കാണ് കുടുംബശ്രീ നടന്നടുത്തുകൊണ്ടിരുന്നത്, അതിലൂടെ കേരള സ്ത്രീയും. ഒരു ജനാധിപത്യ വ്യവസ്ഥയിൽ സാമ്പത്തിക വികേന്ദ്രീകരണം സാധ്യമാകുന്നത് നയരൂപീകരണം, വിഭവസമാഹരണം, നിർവ്വഹണം എന്നീ ഘട്ടത്തിലൂടെയാണ്. സോഷ്യൽ ആഡിററിംഗിനു വിധേയമായിക്കൊണ്ട് ഈ പ്രക്രിയകൾ ഫലപ്രദമായി പൂർത്തിയാക്കാൻ കഴിയുന്ന സംവിധാനമെന്ന നിലയിലാണ് കുടുംബശ്രീ പ്രസ്ഥാനം പ്രവർത്തിച്ചു വന്നിരുന്നത്, പരിമിതികളും അപവാദങ്ങളും ഇല്ലെന്നല്ല. അത്തരമൊരു ജനാധിപത്യ പ്രക്രിയയെയാണ് ഇവിടെ അട്ടിമറിക്കാൻ ശ്രമിച്ചത്. അതിനാലാണ് ഇത്രയേറെ ജനപിന്തുണ ആർജിക്കാൻ ഈ സമരത്തിനു കഴിഞ്ഞതും.

125 കൊല്ലങ്ങൾക്കു മുമ്പ് കേരളത്തിലെ സ്ത്രീകൾ ഉടുതുണിയുടെ രാഷ്ട്രീയം മുന്നോട്ടുവച്ചുകൊണ്ടു സമരം നയിച്ചവരാണ്. കേരളത്തിലെ അവർണ സ്ത്രീകൾക്ക് ഉടുപുടവകൾ ഉണ്ടാക്കാൻ മാത്രമല്ല അവ ധരിക്കാനും അവകാശമുണ്ടെന്നു സ്ഥാപിക്കാൻ സമരം ചെയ്യേണ്ടി വന്നു. ഇന്ത്യാചരിത്രത്തിൽ സ്ത്രീകൾ നടത്തിയ ആദ്യസ്വാതന്ത്ര്യ സമരമായി രേഖപ്പെടുത്തിയ ചേലാസമരം അഥവാ മേൽമുണ്ടു സമരത്തിന്റെ ഊർജ്ജം ഏററുവാങ്ങിയവരാണ് നമ്മൾ. മാനാഭിമാനത്തിനായിട്ടായിരുന്നു അന്നത്തെ സമരമെങ്കിൽ ഇന്നിവിടെ സ്ത്രീകൾ നടത്തിയത് നിലനില്പിനായുള്ള പോരാട്ടമാണ്. ചരിത്രമിതിനെ കേരള സ്ത്രീയുടെ രണ്ടാം സ്വാതന്ത്ര്യ സമരമായി രേഖപ്പെടുത്തുക തന്നെ ചെയ്യും.





# ഉയർത്തെഴുന്നേൽപ്പിൻെറ പെണ്ണെഴുത്തുകാർ

**പ്രമോദ് വെള്ളച്ചാൽ**
എം.ജി.കോളജ്, ഇരിട്ടി



പുരുഷാധിപത്യ സാമൂഹ്യ ഘടനയോടും അത് പ്രസരിപ്പിക്കുന്ന അധികാരചിഹ്ന വ്യവസ്ഥകളോടും മൂല്യ ബോധത്തോടും കലഹിച്ചു കൊണ്ടു തന്നെയാണ് ലോകത്തെവിടെയുമുള്ള വിപ്ലവ പ്രസ്ഥാനങ്ങൾ അവയുടെ പ്രത്യയശാസ്ത്രാധിഷ്ഠിതമായ സമരലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. സ്ത്രീ വിമോചനത്തിന്റെയും സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെയും പ്രശ്നങ്ങൾ ഇന്ത്യൻ വിപ്ലവാനുഭവത്തിന്റെ സംഘർഷങ്ങളിലൂടെ സൈദ്ധാന്തികമായി പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതാണ് ഇഎംഎസ് എഴുതിയ സ്ത്രീകളെ പ്പറ്റി എന്ന പുസ്തകം. ഈ പുസ്തകത്തിൽ ഇഎംഎസ് വിശദീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്ത്രീ - പുരുഷ സമത്വം നിലവിൽ വരുന്നത് വർഗ രഹിത സമൂഹത്തിൽ മാത്രമെന്നാണ്. സ്ത്രീയുടെ മേൽ പുരുഷന് ഇന്നുള്ള അധികാരം കായികമായ അന്തരത്തിന്റെ സന്തതിയല്ല, മറിച്ച് സാമൂഹ്യ ജീവിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റത്തിന്റെ ഭാഗമായാണ്. അങ്ങനെയാണ് പുരുഷന് സ്ത്രീ ഒരു അനുബന്ധമായി തീരുന്നത്. അഥവാ ഫെമിനിസ്റ്റുകളുടെ ഭാഷയിൽ Second Sex ആവുന്നത്. ആരോഗ്യകരമായ സ്ത്രീ - പുരുഷ സമത്വമാണ് കമ്മ്യൂണിസ്റ്റുകാർ വിഭാവനം ചെയ്യുന്നത് എന്ന് ഇഎംഎസ് വിശദമാക്കുന്നുണ്ട്. സ്ത്രീ - പുരുഷന്മാർക്ക് അവരവർക്ക് ഇഷ്ടമുള്ള ജോലി ചെയ്യുവാനും ഇഷ്ടമുള്ള ഇണയെ തിരഞ്ഞെടുക്കാനും ഇഷ്ടമുള്ള കാലത്തോളം ഒന്നിച്ചു ജീവിക്കുവാനും ഇഷ്ടമില്ലാതെ വരുമ്പോൾ ബന്ധം വേർപെടുത്താനും മറ്റൊരു ഇണയെ തിരഞ്ഞെടുക്കാനും സ്വാതന്ത്ര്യമുള്ള ഒരു ജീവിതരീതിക്കു വേണ്ടിയാണ് ജനാധിപത്യവും അതിന്റെ ഉയർന്ന രൂപമായ സോഷ്യലിസവും പ്രവർത്തിക്കുന്നത് - എന്ന് ഇഎംഎസ് വിശദമാക്കുമ്പോൾ അതിന്റെ അർത്ഥതലങ്ങളെ ദുർവ്യാഖ്യാനം ചെയ്യാനുള്ള സാധ്യതകളെ ക്കുറിച്ചും ബോധ്യമുണ്ടാവണം . അന്ന് ചന്ദ്രിക പത്രം കൊടുത്ത വ്യാ



ഖ്യാനം തന്നെ നോക്കുക. ഇഷ്ടമുള്ള പെണ്ണിനെ കെട്ടുക, ഇഷ്ടമല്ലെന്ന് തോന്നുന്നുമ്പോൾ മൊഴി ചൊല്ലുക, അങ്ങനെ ഒരേ സമയം നാലു പേരെ ഭാര്യമാരായി വയ്ക്കുക. ആ നാലു പേരിൽ ആരെ വേണമെങ്കിലും മൊഴി ചൊല്ലുക - ഇതിനെല്ലാം പുരുഷന് അധികാരമുണ്ട് . മഹത്തായ ഒരാശയം എങ്ങനെ പാരഡിവൽക്കരിക്കപ്പെടുന്നു എന്നതിന്റെ ഉദാഹരണമാണ് ചന്ദ്രികയിൽ വന്ന വ്യാഖ്യാനം.

സ്ത്രീകളുടെ പ്രസ്ഥാനത്തെക്കുറിച്ചുള്ള പരിപ്രേക്ഷ്യം അവതരിപ്പിച്ചുകൊണ്ട് ഇ.എം.എസ് ഇങ്ങനെ പറയുന്നു (1975). ഭാവി ഇന്ത്യയിൽ സ്ത്രീ - പുരുഷ ബന്ധം എന്തായിരിക്കുമെന്നതിനെക്കുറിച്ച് ആലോചിച്ച് നാം ഇപ്പോഴേ തല പുണ്ണാക്കേണ്ടതില്ല. പ്രാധാന്യമുള്ള കാര്യം എംഗൽസ് പറഞ്ഞതു പോലെയുള്ള ഒരു പുതിയ തലമുറ മനുഷ്യർ ഉദയം കൊള്ളുന്നതിന് സഹായിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമത്തിൽ നമ്മുടെ ഇന്നത്തെ തലമുറ എങ്ങനെ സ്വയം അർപ്പിക്കുന്നു എന്നതാണ്. അതായത് സോഷ്യലിസത്തിലേക്കും അന്തിമമായി കമ്മ്യൂണിസത്തിലേക്കും നയിക്കുന്ന ഒരു ജനകീയ ജനാധിപത്യ വ്യവസ്ഥ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രസ്ഥാനത്തിൽ പങ്കാളികളാവുക എന്നതാണ് കാര്യം. ഈ ലക്ഷ്യം മുന്നിൽക്കണ്ടു വേണം വനിതാ പ്രസ്ഥാനം, വിശേഷിച്ചും സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ പൊതുവെയും അവരുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. മാനവ വിമോചന പോരാട്ടങ്ങളുടെ അന്തിമ വിജയങ്ങളിൽ സാക്ഷാത്ക്കരിക്കപ്പെടുന്ന ഒന്നാണ് സ്ത്രീ വിമോചനം എന്ന് ചുരുക്കം.

ഇ.എം.എസ് പറഞ്ഞു വച്ച സ്ത്രീ വിമോചന പ്രത്യയ ശാസ്ത്രത്തെ അത്യന്തം ജാഗ്രതയോടെയും പ്രതിബന്ധതയോടും കൂടി സമീപിക്കുന്ന ജ്വലിക്കുന്ന ആശയങ്ങളുടെയും അനുഭവങ്ങളുടെയും പ്രതീക്ഷകളുടെയും പുസ്തകമാണ് കെ.കെ. ശൈലജ എഴുതിയ ഇന്ത്യൻ വർത്തമാനവും സ്ത്രീ സമൂഹവും എന്ന പുസ്തകം. കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ അന്തരീക്ഷത്തിലും സ്ത്രീ വിമോചന പോരാട്ടത്തിന്റെ സംഘർഷ ഭൂമിയിലും മുഴങ്ങി നിൽക്കുന്ന പേരാണ് കെ.കെ. ശൈലജ. താൻ കണ്ടതും അറിഞ്ഞതുമായ മനുഷ്യാനുഭവങ്ങളെ ഒരു കമ്മ്യൂണിസ്റ്റ് എന്ന നിലയിൽ പകർത്തി വയ്ക്കുമ്പോൾ എഴുത്തുകാരി പുലർത്തുന്ന സ്ത്രീപക്ഷ ചിന്തകളും മാതൃത്വത്തിന്റെ സ്നേഹവായ്പും വാത്സല്യവും ഈ ലേഖനങ്ങളിൽ സ്പഷ്ടമാണ്. കൊടുംക്രൂരതകൾക്കെതിരെ പ്രതികരിക്കാൻ ആഹ്വാനം ചെയ്യുന്ന സംഘടിത രാഷ്ട്രീയ ബോധ്യങ്ങളാണ് ഈ പുസ്തകത്തിലെ ലേഖനങ്ങൾ മിക്കതും.



മാർച്ച് മാസത്തിൽ നഷ്ടപ്പെട്ടു പോയവരെ സ്മരിച്ചു കൊണ്ട് മാർച്ചിന് ബാഷ്പാഞ്ജലി എന്ന ലേഖനമാണ് ആദ്യത്തേത്. കടുത്ത വ്യഥകളും ഉയിർത്തെഴുന്നേൽപ്പിന്റെ രജത രേഖകളും ശൈലജ ടീച്ചർ മാർച്ച് മാസത്തിൽ കാണുന്നുണ്ട്. ദുഃഖത്തിന്റെയും ദാരിദ്ര്യത്തിന്റെയും പടുകുഴിയിൽ നിന്ന് മനുഷ്യരാശിയെ രക്ഷിക്കാൻ തന്റെ ദൈവത്തോട് കേണപേക്ഷിച്ച യേശുവിന്റെ ദാരുണമായ മരണശേഷം കലണ്ടറിൽ ദുഃഖവെള്ളി അടയാളപ്പെടുത്തിയത് മാർച്ച് മാസത്തിലാണ്. യേശുവിന്റെ സ്വപ്നങ്ങൾക്ക് പ്രായോഗിക രൂപം നൽകിയ മഹാനായ കാൾ മാർക്സ്, ബ്രിട്ടീഷ് സാമ്രാജ്യത്തോട് പോരാടി വീരോചിതമായ മരണം ഏറ്റുവാങ്ങിയ ഭഗത് സിംഗ്, ജന്മിത്വത്തിനെതിരെ പോരാടി തൂക്കിലേറ്റപ്പെട്ട ധീര വിപ്ലവകാരികളായ കയ്യൂർ സഖാക്കൾ - അപ്പു, ചിരുകണ്ടൻ, കുഞ്ഞമ്പു നായർ, അബൂബക്കർ, പാവങ്ങളുടെ പടത്തലവനായ എ.കെ.ജി, വിവേചനത്തിന്റെ പൂണൂലും കുടുമയും മുറിച്ചെറിഞ്ഞ് നിസ്വരുടെ ഇടയിലേക്ക് ഇറങ്ങി വന്ന ഇ.എം.എസ് തുടങ്ങി ഒരു പാടു പേർ നഷ്ടപ്പെട്ട മാർച്ച് മാസത്തിന് ബാഷ്പാഞ്ജലിയും ചരമോപചാരവും അർപ്പിച്ചു കൊണ്ടാണ് പുസ്തകം ആരംഭിക്കുന്നത്. വ്യത്യസ്തമായ ഇരുപത്തെട്ടു ലേഖനങ്ങളാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

തൊഴിലാളി വർഗം സ്വപ്നം കാണുന്നത് സോഷ്യലിസ്റ്റ് സമൂഹമാണ്. മുതലാളിത്തത്തിന്റെ മനുഷ്യത്വരഹിതമായ, മത്സരാധിഷ്ഠിതമായ സമീപനങ്ങളെ തിരുത്തിക്കൊണ്ടു മാത്രമേ അത്തരമൊരു സമൂഹ സൃഷ്ടി സാധ്യമാവുകയുള്ളൂ. സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ ഭാഗമായുണ്ടാകുന്ന കടുത്ത വിവേചനങ്ങളും കെടുതികളും മറനീക്കി പുറത്തുവന്നു കൊണ്ടിരിക്കുന്ന അവസരത്തിലാണ് തൊഴിലാളികൾ ഇത്തവണ മെയ്ദിനം ആചരിച്ചത്. സ്വാഭാവികമായും പുത്തൻ ഉദാരവൽക്കരണ സമീപനങ്ങളോടുള്ള കടുത്ത എതിർപ്പാണ് എല്ലാ പ്രദേശത്തും അവർ രേഖപ്പെടുത്തിയിരിക്കുക - എന്ന് മെയ്ദിനത്തിൽ ആവേശം ഉൾക്കൊള്ളാൻ ആഹ്വാനം ചെയ്യുന്ന ശൈലജ ടീച്ചർ പുലർത്തുന്ന രാഷ്ട്രീയമായ സൂക്ഷ്മതയും പ്രത്യാശയും ഇവിടെ വ്യക്തമാണ്.



മണ്ണിന്റെ മക്കളുടെ സ്വപ്ന സാക്ഷാത്ക്കാരത്തിന് 50 വയസ്സ് എന്ന ലേഖനത്തിൽ വേനൽ മഴ പോലെ മലയാളികളുടെ മനസ്സിൽ ആശ്വാസമുളവാക്കിയ സംഭവങ്ങളായ കേരളപ്പിറവിയും തുടർന്ന് 1957 ൽ ആദ്യ കേരള മന്ത്രിസഭയുടെ അധികാരാരോഹണവും സ്മരിക്കപ്പെടുന്നു. സ്വതന്ത്ര ഭാരതത്തിലെ ഫെഡറൽ ഭരണ വ്യവസ്ഥയ്ക്ക് കീഴിൽ കേരളത്തിന്റെ ജനാധിപത്യ സ്വപ്നങ്ങൾ പൂവണിയിക്കാനുള്ള തീവ്രപരിശ്രമമായിരുന്നു ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിയതെന്ന് ശൈലജ ടീച്ചർ പറയുന്നു. ഒന്നേ കാൽ കോടി മലയാളികളുടെ പ്രശ്നങ്ങൾ എന്ന പേരിൽ ഇ.എം.എസ് എഴുതിയ ലേഖനവും പിന്നീട് അദ്ദേഹം കേരളം മലയാളികളുടെ മാതൃഭൂമി എന്ന പേരിൽ നടത്തിയ വിപുലവും ശാസ്ത്രീയവുമായ പഠനവും അതാണ് വ്യക്തമാക്കുന്നത്. ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ കമ്മ്യൂണിസ്റ്റുകാർക്കും ഇടതുപക്ഷത്തിനുമുള്ള പങ്കെന്ത് എന്ന ചോദ്യത്തിന്റെ ഉത്തരം ബ്രിട്ടീഷ് സാമ്രാജ്യത്വവും നാടുവാഴിത്തവും കൂടി ചവിട്ടിക്കുഴച്ചിട്ട ഒരു ജന സമൂഹത്തെ എങ്ങനെയാണ് ഒരു അന്തസ്സുറ്റ സമൂഹമായി വളർത്തിയെടുത്തത് എന്നതു തന്നെയാണ്. മലബാറിലെ ജന്മിമാരുടെ ക്രൂരമായ മൃഗീയവിനോദങ്ങൾ എണ്ണമറ്റതായിരുന്നു. ഇന്നത്തെ ഗ്വാണ്ടനാമോ തടവറകളെ വെല്ലുന്ന മർദ്ദന സംവിധാനങ്ങളായ പഴശ്ശായികുന്നും ഓടത്തുപാലം കഴുമരം തുടങ്ങിയവ കുപ്രസിദ്ധങ്ങളായിരുന്നു. അന്ന് ഏറ്റവും ക്രൂരമായി പീഢിപ്പിക്കപ്പെടത് സ്ത്രീകളായിരുന്നു. അതെല്ലാം ചെറുത്തും അതിജീവിച്ചും നട്ടെല്ലുള്ള ഒരു ജനതയെ ഉണർത്തിയെടുത്ത വിപ്ലവപ്രവർത്തനമായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ നിർവ്വഹിച്ചത്.

നവോത്ഥാനത്തിന്റെ വഴിത്താരയിലൂടെ എന്ന ലേഖനത്തിൽ ടീച്ചർ പറയുന്നു. സ്ത്രീകളുടെ അന്തസ്സുറ്റ നിലനില്പ് പോലും ചോദ്യം ചെയ്യപ്പെടുന്ന ജീർണതയ്ക്കെതിരെ നമുക്ക് പോരാട്ടം ശക്തമാക്കണം. ഇന്ന് കേരളത്തിലെ സ്ത്രീകളിൽ വലിയൊരു വിഭാഗം നിസ്സംഗതയിലോ ഉറക്കത്തിലോ ആണ്. ഫ്യൂഡൽ ആചാരാനുഷ്ടാനങ്ങളുടെ തിരിച്ചു വരവും മുതലാളിത്ത ആഗോളവൽക്കരണത്തിന്റെ കെണികളും കുടുംബ ബന്ധങ്ങളെ ശിഥിലമാക്കി. സ്വീകരണ മുറിയിലെ വെള്ളിത്തിരകളിൽ തെളിയുന്നത് മുതലാളിത്ത സംസ്കാരത്തിന്റെ ജീർണിച്ച വശങ്ങളാണ്. അമേരിക്കയിൽ അവിവാഹിത അമ്മമാരുടെ എണ്ണം പെരുകുന്നു എന്ന് നാം അത്ഭുതം കുറിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ അച്ഛനാരെന്ന് നിശ്ചയമില്ലാത്ത കുഞ്ഞുങ്ങളുടെ എണ്ണം പെരുകുന്നത് നാം അവഗണിക്കുന്നു. ഒരു പക്ഷെ ഏറ്റവും പുതിയ അനുഭവങ്ങൾ സൂചിപ്പിക്കുന്നത് പതിമൂന്ന് വയസ്സുകാരി പോലും പീഢിതയായി ഗർഭം ധരിക്കേണ്ടി വരുന്ന ദുരവസ്ഥയാണ്. രാഷ്ട്രീയ മൂല്യ ബോധങ്ങളുടെ അഭാവങ്ങൾ സൃഷ്ടിക്കുന്ന ആസക്തികൾ നേരിടണമെങ്കിൽ ഉണർന്നിരിക്കുന്ന ഒരു സമൂഹം ആവശ്യമാണ്.

സമൂഹത്തിൽ എന്നും രണ്ടു വർഗ്ഗങ്ങൾ മാത്രമാണുള്ളത്. മേലാളനും കീഴാളനും. മർദ്ദകനും മർദ്ദിതനും. നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോ (NCRB) യുടെ കണക്കു പ്രകാരം ഓരോ 20 മിനിറ്റിലും ഒരു ദളിതൻ ഇന്ത്യയിൽ ആക്രമിക്കപ്പെടുന്നു. സ്ത്രീകൾ ഓരോ മിനിറ്റിലും ബലാൽസംഗം ചെയ്യപ്പെടുന്നു. ദളിതരുടെ പുതുവർഷം ശോഭനമായെങ്കിൽ എന്ന ലേഖനം പീഢന കഥകളുടെ ഏറ്റു പറച്ചിലല്ല, മറിച്ച് സമഗ്രമായ പ്രശ്ന പരിഹാരത്തിനുള്ള രാഷ്ട്രീയ നിർദ്ദേശങ്ങൾ കൂടിയാണ്. ശൈലജ ടീച്ചർ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങൾ നോക്കുക - ഇന്ത്യയിൽ ദളിത് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണമെങ്കിൽ സമഗ്രമായ ഭൂപരിഷ്കരണം നടത്തണം. ഭൂസ്വാമിമാരുടെ വഞ്ചനാപരവും ജനവിരുദ്ധവുമായ കൂട്ടുകെട്ട് ഇന്ത്യൻ ഭരണാധികാരികൾ ഉപേക്ഷിക്കണം . ദളിത് ക്ഷേമ പദ്ധതികൾ കടലാസിൽ ഒതുക്കിയാൽ പോരാ പ്രാവർത്തികമാക്കാൻ സർക്കാർ ശ്രദ്ധ ചെലുത്തണം. ജാതി ബോധത്തിനെതിരായി ശക്തമായ ബോധവൽക്കരണം നടത്തണം. വിവേചനത്തിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണം. ഇന്ത്യൻ പൗരന്മാരിൽ സമത്വ ബോധവും വ്യക്തിപരമായ അഭിമാന ബോധവും ഉളവാക്കാൻ നടപടി സ്വീകരിക്കണം.

വർത്തമാന സ്ത്രീ സമൂഹത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും ദുരിതങ്ങളും പരിശോധിക്കുകയാണ് അധിനിവേശ കാലത്തെ സ്ത്രീ എന്ന ലേഖനം. അധിനിവേശ കാലം സ്ത്രീ സമൂഹത്തിനായി പുതിയ തടവറകൾ തീർത്തു കൊണ്ടി

രിക്കുകയാണ്. ബലപ്രയോഗത്തിലൂടെ മാത്രമല്ല മാനസികമായ അടിത്തം സൃഷ്ടിച്ചും സ്ത്രീകളെ മേധാവിത്തത്തിന്റെ ഇരുളിലേക്ക് നയിക്കുന്നു. തങ്ങൾ അകപ്പെട്ടിരിക്കുന്ന മഹാ നരകത്തിന്റെ കാഠിന്യം മനസ്സിലാക്കാൻ കഴിയാതെ സ്ത്രീകൾ നിസ്സംഗരായി മാറുന്ന കാഴ്ച അസഹനീയമാണ്. നാവ് പറിച്ചെറിയപ്പെട്ടവരുടെ നാവാകുക, നിശ്ശബ്ദതയുടെ കയങ്ങളിൽ ചവിട്ടിത്താഴ്ത്തപ്പെട്ടവരുടെ ഗർജ്ജനമാവുക എന്ന മനുഷ്യത്വപരമായ രാഷ്ട്രീയസമരമാണ് പുതിയ കാലത്ത് സ്ത്രീകൾ ഏറ്റെടുക്കേണ്ടത്. അത്തരമൊരു പൊതുബോധം സമൂഹത്തിലുണ്ടാക്കുന്ന പ്രവർത്തനമാണ് യഥാർത്ഥമായ സ്ത്രീ വിമോചന രാഷ്ട്രീയം. അങ്ങനെ അത് നിലനിൽപിന്റെ മരമായിത്തന്നെ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് നിർഭയം ചിറകു വിരിച്ച് പറക്കേണ്ട സ്ത്രീ സമൂഹത്തെ ഭയത്തിന്റെയും ജാള്യതയുടെയും കാപട്യത്തിന്റെയും ഇടുങ്ങിയ ലോകത്തേക്ക് തള്ളിവിട്ടത് ഉപഭോഗാർത്തിയുടെ തത്വശാസ്ത്രമാണെന്ന് ശൈലജ ടീച്ചർ നിരീക്ഷിക്കുന്നു. കടുത്ത സ്ത്രീ വിരുദ്ധ ആചാരങ്ങളെ സംരക്ഷിക്കുന്ന സമീപനമാണ് ഫ്യൂഡലിസത്തിന്റെ ബീജങ്ങളിൽ നിന്നും ഉയിർക്കൊണ്ട മുതലാളിത്ത ഭരണക്രമങ്ങൾ പുലർത്തുന്നത്. ഉടന്തടിച്ചാട്ടം(സതി), പിശാചു വേട്ട (Witch Hunting), ജാത്യാചാര കൊലപാതകം (Honor Killing) തുടങ്ങിയ പേരുകളിൽ സ്ത്രീകളെ കുരുതി കൊടുക്കുന്ന രീതി ഇന്നും ചിലയിടങ്ങളിൽ സജീവമാണ്. സ്ത്രീയെ ശരീരം മാത്രമായി ചുരുക്കി അധിനിവേശത്തിനുള്ള സ്ഥലികളായി (Space) സമീപിക്കുന്നത് മറ്റൊരർത്ഥത്തിൽ ആഗോള രാഷ്ട്രീയത്തിന്റെ രൂപകം കൂടിയാണ്. അവകാശപ്പോരാട്ടങ്ങളോട് ഐക്യദാർഢ്യം പുലർത്തുന്ന സമഭാവനയുടെ തിളയ്ക്കുന്ന രാഷ്ട്രീയമാണ് ഓരോ ലേഖനത്തിലും ടീച്ചർ അവതരിപ്പിക്കുന്നത്.

ആത്മീയ വ്യവസായത്തിന്റെ പേരിൽ നടക്കുന്ന ക്രിമിനലിസത്തിനെതിരെ ജാഗ്രതയുണർത്താനുള്ള ശ്രമമാണ് കേരളത്തെ ജീർണതയിൽ നിന്നും മോചിപ്പിക്കുക എന്ന ലേഖനം. സന്തോഷ് മാധവന്മാരും വിനു സ്വാമികളും പടച്ചു വിടുന്ന നവോത്ഥാന വിരുദ്ധ തരംഗങ്ങളിൽ പലപ്പോഴും ഇരകളായി കുരുങ്ങിപ്പോവുന്നത് സ്ത്രീകൾ തന്നെയാണ്. പൊതുവെ മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണെന്ന നിലയിൽ കപട ആത്മീയക്കാരുടെ വലയിൽ വീഴാനും വളരെ എളുപ്പമാണ്. ഈ അപഖ്യാതിയിൽ നിന്ന് പുറത്തു കടക്കാനുള്ള ആഹ്വാനമാണ് ടീച്ചർ നൽകുന്നത്. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്ന സ്ത്രീ സമൂഹത്തിന് മാത്രമേ വിമോചനത്തിന്റെ വഴികൾ വെട്ടിത്തെളിക്കാൻ സാധിക്കുകയുള്ളു. സ്ത്രീ സമൂഹത്തെ പൊതു ധാരയിലേക്ക് കൈ പിടിച്ചുയർത്താൻ കേരള നിയമസഭ പാസാക്കിയ സ്ത്രീ സംവരണ ബില്ലിന്റെ പിറകിൽ ഇടതുപക്ഷമായിരുന്നു എന്നുള്ളത് അവരുടെ സ്ത്രീപക്ഷ സമീപനത്തിന്റെ മാതൃകാപരമായ ഉദാഹരണമാണ്. ലിംഗസമത്വ ബോധത്തിലൂടെ ഒരു വലിയ ശാക്തീകരണ പരിപാടി തന്നെയാണ് ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ആദ്യ മന്ത്രിസഭ മുതൽ ഇടതുപക്ഷം കേരളത്തിൽ നിർവ്വഹിച്ചു പോരുന്നത്.

മാതൃത്വത്തിന്റെ സ്നേഹവായ്പുകളും കരുണാർദ്രമായ തലോടലുകളും ലോകത്തിലെ മുഴുവൻ കുട്ടികളോടും കാണിക്കാൻ സാധിക്കുമ്പോഴാണ് മാതൃത്വമെന്ന വികാരത്തിന്റെ നന്മയും വലിപ്പവും നമ്മളറിയേണ്ടത്. കുഞ്ഞുങ്ങളോട് കരുണ കാണിക്കുക എന്ന ടീച്ചറുടെ ലേഖനം ഇതാണ് കാണിച്ചു തരുന്നത്. ബാലവേലയും പീഢനവുമായി കഴിയേണ്ടി വരുന്ന ഇന്ത്യൻ കുഞ്ഞുങ്ങളുടെ ദുഃസ്ഥിതി ഇന്ന് ഇവിടെ പരിശോധിക്കപ്പെടുന്നത്. ഇന്ത്യയുടെ മതേതര ബോധങ്ങളുടെ മിനാരങ്ങൾ അടിച്ചു തകർക്കപ്പെട്ട ഡിസംബർ 6 നെ ക്ഷമിക്കാൻ പറ്റാത്ത തെറ്റ് എന്നാണ് ടീച്ചർ വിളിക്കുന്നത്. എല്ലാ വിധത്തിലുമുള്ള സംഘർഷങ്ങളിലും കൂടുതൽ കൂടുതൽ പീഡിതരാവുന്നത് സ്ത്രീകളും കുഞ്ഞുങ്ങളുമാണ് എന്ന ബോധവും അത്തരം വിപത്തുകളെ സംഘടിതമായി ചെറുക്കുവാൻ ഇടതുപക്ഷ രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക മാത്രമാണ് പോംവഴി എന്നും തിരിച്ചറിയുന്ന കമ്മ്യൂണിസ്റ്റുകാരിയുടെ ജീവിത വീക്ഷണങ്ങളുടെ മഴവിൽ വികാരങ്ങളും അതിന്റെ രാഷ്ട്രീയ ചുവപ്പുമാണ് ശൈലജ ടീച്ചറുടെ പുസ്തകത്തെ ചരിത്ര പോരാട്ടങ്ങൾക്ക് ഇന്ധനം പകരുന്ന അക്ഷര വെളിച്ചമായി മാറ്റിത്തീർക്കുന്നതും, മനുഷ്യപ്പറ്റിന്റെ മഹാമേരുവായി നിലനിർത്തുന്നതും.

സ്ത്രീകളെപ്പറ്റി എന്ന പുസ്തകത്തിൽ ഇ.എം.എസ് അവതരിപ്പിച്ച സ്ത്രീപക്ഷ പരിപ്രേക്ഷ്യത്തിന്റെ ഇടനാഴികളിലൂടെ പരുപരുത്ത വർത്തമാന ഇന്ത്യൻ വർത്തമാനത്തിന്റെ നേർക്കാഴ്ചകൾ തൊട്ടറിയുന്ന മഹിളാ വിമോചന പ്രവർത്തകയുടെ മാർക്സിയൻ ദർശനവും ചരിത്ര ബോധവും പോരാട്ട വീര്യവും കടമകളുടെ ഓർമ്മകളുമാണ് ഇന്ത്യൻ വർത്തമാനവും സ്ത്രീ സമൂഹവും എന്ന തന്റെ ലേഖന സമാഹാരത്തിൽ കൂടി കേരളീയ രാഷ്ട്രീയ സന്ദർഭങ്ങളിലെ പെൺവാക്കായി ശൈലജ ടീച്ചർ അവതരിപ്പിക്കുന്നത്.


**ഇന്ത്യൻ വർത്തമാനവും**
**സ്ത്രീ സമൂഹവും**
കെകെ.ശൈലജ
ചിന്ത പബ്ലിഷേഴ്സ്
വില 75 രൂപ

**സ്ത്രീകളെപ്പറ്റി**
ഇഎംഎസ്.
ചിന്ത പബ്ലിഷേഴ്സ്
വില 80 രൂപ

## സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# സ്വയം വിരമിക്കൽ പദ്ധതി

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. കെ എസ് ആർ part III (പെൻഷൻ) ലെ റൂൾ 56 ലാണ് സ്വയം വിരമിക്കൽ പദ്ധതിയെപ്പററി പരാമർശിക്കുന്നത്.
2. സർവ്വീസിൽ നിന്ന് സ്വയം വിരമിക്കുന്നതിന് പെൻഷന് യോഗ്യമായ 20 വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്.
3. 20 വർഷത്തിന് താഴെയുളള സർവ്വീസ് ഒരു കാരണവശാലും റൗണ്ട് ചെയ്ത് 20 ആക്കുകയില്ല.
4. സ്വയം വിരമിക്കാൻ ഉദ്ദേശിക്കുന്ന തീയതിക്ക് 3 മാസം മുമ്പെങ്കിലും നിയമന അധികാരിക്ക് സർവ്വീസിൽ നിന്ന് വിരമിക്കാൻ ഉദ്ദേശിക്കുന്ന കാര്യത്തിന് നോട്ടീസ് കൊടുത്തിരിക്കണം.
5. വ്യക്തമായ കാരണമുണ്ടെങ്കിൽ 3 മാസത്തിൽ താഴെയുള്ള കാലത്തെ നോട്ടീസും നിയമന അധികാരിക്ക് സ്വീകരിക്കാം.
6. സ്വയം വിരമിക്കുന്ന ഉദ്യോഗസ്ഥന് പെൻഷന് യോഗ്യമായ 20 വർഷത്തെ സർവ്വീസുണ്ടെന്ന് അക്കൗണ്ടൻറ് ജനറൽ സർവ്വീസ് ബുക്കും മററും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. അതിന് ശേഷം മാത്രമേ നിയമന അധികാരി വിരമിക്കുന്നതിനുള്ള അനുമതി നൽകാൻ പാടുള്ളൂ.
8. മുൻകൂർ അവധി (leave not due) യിൽ ഇരിക്കുന്ന കാലത്താണ് ഉദ്യോഗസ്ഥൻ വിരമിക്കുന്നതെങ്കിൽ അവധി തുടങ്ങുന്ന തീയതി മുതൽ തന്നെ പ്രസ്തുത ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്ന് വിരമിക്കുന്നതായി കണക്കാക്കും.
9. വിരമിക്കുന്നതിനുള്ള നോട്ടീസ് കൊടുത്തതിനു ശേഷം നിയമന അധികാരി വിസമ്മതമൊന്നും രേഖപ്പെടുത്തുന്നില്ലെങ്കിൽ നോട്ടീസിൽ പററുന്ന ദിവസം മുതൽ തന്നെ ഉദ്യോഗസ്ഥൻെറ വിരമിക്കലിന് പ്രാബല്യം ഉണ്ടാകും.
10. കടുത്ത ശിക്ഷണ നടപടി ഉണ്ടായേക്കാവുന്ന അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥനെ സ്വയം വിരമിക്കാൻ അനുവദിക്കുകയില്ല.
11. സ്വയം വിരമിക്കുന്ന ഉദ്യോഗസ്ഥന് പെൻഷൻ യോഗ്യമായ സർവ്വീസ് പരമാവധി 5 വർഷം കൂടി നൽകുന്നതാണ്.
12. ഇങ്ങനെ സർവ്വീസ് കൂട്ടിക്കൊടുമ്പോൾ ആകെ പെൻഷന് യോഗ്യമായ സർവ്വീസ് 30 വർഷത്തിൽ കൂടാൻ പാടില്ല.
13. അതുപോലെ തന്നെ, ഇത്തരത്തിൽ കൂട്ടിക്കൊടുക്കുന്ന സർവ്വീസ് കാലം, സ്വയം വിരമിക്കുന്നതിനുള്ള തിയതിയും സ്വാഭാവികമായി വിരമിക്കേണ്ട തീയതിക്കുമിടയിലുള്ള കാലത്തേക്കാൾ അധികരിക്കാനും പാടില്ല

# സർവ്വീസ് പംക്തി

**?** സർവ്വീസിൽ പ്രവേശിച്ചതിന് ശേഷമുള്ള ആദ്യ ഇൻക്രിമെൻറ് സംബന്ധിച്ച് അടുത്ത കാലത്ത് പുറത്തിറങ്ങിയ ഉത്തരവ് ഒന്ന് വിശദമാക്കാമോ?

**=** ആറാം യു ജി സി ശമ്പള പരിഷ്കാരമനുസരിച്ച് എല്ലാവർക്കും ഇൻക്രിമെൻറ് തീയതി ജൂലൈ ഒന്നിനാണ്. ജൂലായ് ഒന്നിന് ആറുമാസം പുതുക്കിയ ശമ്പള സ്കെയിലിൽ പൂർത്തിയാക്കിയാൽ അടുത്ത ഇൻക്രിമെൻറ് പ്രസ്തുത ജൂലൈ 1 ന് ലഭിക്കണം. ഇങ്ങനെ 6 മാസം പൂർത്തിയാക്കിയില്ലെങ്കിൽ അടുത്ത ഇൻക്രിമെൻറ് അതിനടുത്ത ജൂലൈ 1 ന് മാത്രമേ ലഭിക്കുകയുള്ളൂ. എന്നിരുന്നാലും പ്രൊബേഷൻ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നമുള്ളതു കൊണ്ട്, ജോലിയിൽ പ്രവേശിച്ചതിനു ശേഷമുള്ള ആദ്യ ഇൻക്രിമെൻറിൻെറ കാര്യത്തിൽ അവ്യക്തയുണ്ടായിരുന്നു. അത് പരിഹരിച്ചു കൊണ്ട് കോളജ് വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അതനുസരിച്ച് ജോലിയിൽ പ്രവേശിച്ചതിന് ശേഷമുള്ള ആദ്യ ഇൻക്രിമെൻറ് പ്രോബേഷൻ വിജയകരമായി പൂർത്തിയാക്കുന്ന തിയതിക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ആദ്യ ഇൻക്രിമെൻറ് തീയതിക്ക് ശേഷം അടുത്ത ജൂലൈ 1 ന് 6 മാസമോ അതിൽ കൂടുതൽ കാലമോ ഉണ്ടെങ്കിൽ രണ്ടാമത്തെ ഇൻക്രിമെൻറ് പ്രസ്തുത ജൂലൈ 1 ന് ലഭിക്കും. അടുത്ത ജൂലൈ 1 ന് 6 മാസത്തിനു താഴെ മാത്രമേ കാലദൈർഘ്യമുള്ളുവെങ്കിൽ രണ്ടാമത്തെ ഇൻക്രിമെൻറ് അതിനടുത്തോ ജൂലൈ 1 നാണ് ലഭിക്കുക. ഉദാഹരണത്തിന്,ഒരധ്യാപകൻ സർവ്വീസിൽ പ്രവേശിച്ചത് 2010 ഫെബ്രുവരി 15 നാണെങ്കിൽ അദ്ദേഹത്തിൻെറ ആദ്യഇൻക്രിമെൻറ് പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കി 2011 ഫെബ്രുവരി 15 ന് ലഭിക്കും. രണ്ടാമത്തെ ഇൻക്രിമെൻറ് 2012 ജൂലൈ ഒന്നിനേ ലഭിക്കുകയുള്ളൂ അതുപോലെ തന്നെ, 2010 സെപ്തംബർ 15 ന് ലഭിക്കും. അദ്ദേഹത്തിൻെറ രണ്ടാമത്തെ ഇൻക്രിമെൻറ് 2012 ജൂലൈ 1 ന് ലഭിക്കുന്നതാണ്.

**?** ലീവ് എടുത്ത് വിദേശ രാജ്യങ്ങൾ സന്ദർശിക്കാൻ ഉദ്ദേശിക്കുന്നു. അതിന് ഗവൺമെൻറിൻെറ സമ്മതം ആവശ്യമുണ്ടോ ? വിശദമാക്കാമോ?

**=** വ്യക്തിപരമായ ആവശ്യങ്ങൾക്കായി 4 മാസത്തിൽ കവിയാത്ത കാലത്തേക്ക് വിദേശയാത്ര നടത്തുന്നതിന് ലീവ് അനുവദിക്കുന്ന അധികാരിയുടെ സമ്മതം മാത്രമേ ആവശ്യമുള്ളൂ. ഔദ്യോഗിക സന്ദർശനത്തിനോ അല്ലെങ്കിൽ 4 മാസത്തിൽ കൂടുതൽ കാലയളവിലുള്ള സമയത്തേക്കോ വിദേശ സന്ദർശനം നടത്തുന്നതിന് ഗവൺമെൻറിൻെറ അനുമതി ആവശ്യമാണ്

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ, തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697

കണ്ണൂർ-കാസർഗോഡ്




# കണ്ണൂർ സർവ്വകലാശാലയിലേക്ക് അധ്യാപക മാർച്ചും ധർണയും

കണ്ണൂർ സർവ്വകലാശാല സിൻഡിക്കേററിൻെറ ജനാധിപത്യ വിരുദ്ധ അക്കാദമിക് വിരുദ്ധ നിലപാടുകൾ തിരുത്തണമെന്നും അക്കാദമിക് പരിഷ്കാരങ്ങൾ ഏകപക്ഷീയമായി അട്ടിമറിക്കരുതെന്നും രജിസ്ട്രാറുടെയും സെക്യൂരിററി ഓഫീസറുടെയും സസ്പെൻഷൻ പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് സർവ്വകലാശാല കോളജ് അധ്യാപക സംയുക്ത സമരസമിതി മാർച്ചും ധർണയും സംഘടിപ്പിച്ചു. എ കെ പി സി ടി എ, എ കെ ജി സി ടി, കണ്ണൂർ യൂണിവേഴ്സിററി ടീച്ചേഴ്സ് കലക്ടീവ് എന്നിവയുടെ പ്രവർത്തകർ നടത്തിയ ധർണ ടി. വി രാജേഷ് എം എൽ എ ഉദ്ഘാടനം ചെയ്തു.

കെ.എസ്.ടി.എ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിററി അംഗം കെ. സി ഹരികൃഷ്ണൻ, ഡി വൈ എഫ് ഐ ജില്ലാ സെക്രട്ടറി അഡ്വ. പി. സന്തോഷ്, എ കെ ജി സി ടി ജില്ലാ പ്രസിഡൻറ് ഡോ. പി എം ഇസ്മായിൽ, എൻ ജി ഒ യൂണിയൻ ജില്ലാ പ്രസിഡൻറ് സി എച്ച് പ്രദീപ് കുമാർ, എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ് കുമാർ, എംപ്ലോയീസ് യൂണിയൻ പ്രസിഡൻറ് കെ. പി സുധീർചന്ദ്രൻ, ടീച്ചേഴ്സ് കലക്ടീവ് ജനറൽ സെക്രട്ടറി ഡോ. പി ബാബു ആൻേറാ എന്നിവർ പ്രസംഗിച്ചു. എ കെ പി സി ടി എ ജില്ലാ സെക്രട്ടറി നിശാന്ത് എ സ്വാഗതവും എ കെ ജി സി ടി ജില്ലാ സെക്രട്ടറി ഡോ. പി പി ജയകുമാർ നന്ദിയും പറഞ്ഞു. വൈസ് ചാൻസലറുമായി തുടർന്ന് നടന്ന ചർച്ചയിൽ എ കെ പി സി ടി എ ജില്ലാ പ്രസിഡൻറ് കൃഷ്ണൻ വണ്ണാരത്ത്, സംസ്ഥാന സെക്രട്ടറി ഡോ.കെ പ്രദീപ് കുമാർ ഡോ. പി എം ഇസ്മയിൽ, ഡോ. പി ബാബു ആൻേറാ എന്നിവർ പങ്കെടുത്തു






# കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റിനെതിരെ സമര പ്രഖ്യാപന കൺവെൻഷൻ

ജനാധിപത്യ വിരുദ്ധ നീക്കങ്ങളിലൂടെ കണ്ണൂർ സർവ്വകലാശാലയെ തകർക്കാനുള്ള സിൻറിക്കേറ്റിന്റെ നീക്കത്തിനെതിരെ സർവ്വകലാശാലാ സമര സമിതി സമര പ്രഖ്യാപന കൺവെൻഷൻ നടത്തി. ഒക്ടോബർ 19 ന് ഉച്ചയ്ക്ക് 2 മണിക്ക് സർവ്വകലാശാല സെനറ്റ് ഹാളിൽ കൺവെൻഷൻ സിപ.പി.ഐ (എം) കേന്ദ്ര കമ്മിറ്റി അംഗം സ. പി.കെ. ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ, എ.കെ.ജി.സി.ടി.എ, കണ്ണൂർ യൂണിവേഴ്സിറ്റി ടീച്ചേഴ്സ് കലക്ടീവ്, കണ്ണൂർ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ എന്നിവയുടെ നേതൃത്വത്തിലാണ് സമര സമിതി രൂപീകരിച്ചത്.

സർവ്വകലാശാല പ്രവർത്തനം സ്തംഭിപ്പിക്കുന്ന നടപടിയിൽ നിന്ന് സിൻറിക്കേറ്റ് പിന്മാറുക, അനുവദിച്ച അധ്യാപക തസ്തികകളിൽ ഉടൻ നിയമനം നടത്തി പഠന വകുപ്പുകൾ ശക്തിപ്പെടുത്തുക, സ്ഥിരം ജീവനക്കാരെ നിയമിക്കുക, അന്യായമായ ഫീസ് വർദ്ധനവ് പിൻവലിക്കുക, സി.സി.എസ്.എസ് പരിഷ്ക്കാരം അട്ടിമറിക്കാതിരിക്കുക, സർവ്വകലാശാലാ സമിതികളുടെ പുനഃസംഘടനയും ഡീൻ നിയമനവും ഉടൻ നടത്തുക, സർവ്വകലാശാലയ്ക്കുള്ള സർക്കാർ ധനസഹായം വർദ്ധിപ്പികാനാവശ്യമായ നടപടികൾ സ്വീകരിക്കുക, സിൻഡിക്കേറ്റിന്റെ രാഷ്ട്രീയ പ്രേരിത നടപടികൾ അവസാനിപ്പിക്കുക, ഗവേഷണ രംഗത്തെ അവ്യക്തതകൾ പരിഹരിക്കുക എന്നീ ഒമ്പതിന അവകാശ പത്രിക വൈസ് ചാൻസലർക്ക് സമർപ്പിച്ചു.

യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ പ്രസിഡണ്ട് കെ.പി. സുധീർ ചന്ദ്രൻ അധ്യക്ഷനായി. എ.കെ.പി.സി.ടി.എ സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ്കുമാർ, എ.കെ.ജി.സി. ടി സംസ്ഥാന സെക്രട്ടറി ഡോ. എം. എ. വൽസലൻ, ടീച്ചേഴ്സ് കലക്ടീവ് നിർവ്വാഹക സമിതിയംഗം ഡോ. പി.എ. വിൽസൺ എന്നിവർ സംസാരിച്ചു. എ.കെ.പി.സി.ടി.എ. ജില്ലാ സെക്രട്ടറി നിശാന്ത് എ സ്വാഗതവും എ.കെ.ജി.സി.ടി ജില്ലാ സെക്രട്ടറി ഡോ. പി.പി. ജയകുമാർ നന്ദിയും പറഞ്ഞു. സമിതി ഭാരവാഹികൾ - ഡോ. കെ. പ്രദീപ്കുമാർ (ചെയർമാൻ), ഡോ.പി. ഓമന (വൈസ് ചെയർമാൻ), കെ.പി. സുധീർ ചന്ദ്രൻ (കൺവീനർ), ഡോ. പി. ബാബു ആന്റോ (ജോയിന്റ് കൺവീനർ)

**മലപ്പുറം**

# സ്ത്രീസമൂഹം പോരാട്ടത്തിന് തയ്യാറാവണം

എ. കെ പി സി ടി എ മലപ്പുറം ജില്ലാ വനിതാ സമ്മേളനം 28.09.2012 കോട്ടയ്ക്കൽ ആയുർവേദ കോളജ് ആഡിറേറാറിയത്തിൽ വെച്ചു നടത്തി. സമ്മേളനം പ്രമുഖ സാഹിത്യകാരി ശ്രീമതി ബി എം സുഹറ ഉൽഘാടനം ചെയ്തു. സമൂഹം സ്ത്രീ ജീവിതത്തെ ചില ഏകപക്ഷീയ വ്യാഖ്യാനങ്ങളിൽ ഒതുക്കി നിർത്തുകയും മുൻധാരണയോടെ സമീപിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടു തന്നെ തങ്ങളുടെ സ്വാ






തന്ത്ര്യം ഉറപ്പുവരുത്തുന്നതിനു വേണ്ടി സ്ത്രീ സമൂഹം ഉണർന്നു പ്രവർത്തിച്ച് പോരാടേണ്ടതുണ്ടെന്നും അവർ അഭിപ്രായപ്പെട്ടു. തുടർന്ന് സ്ത്രീയും മാധ്യമവും എന്ന വിഷയത്തിൽ അഡ്വ. പി എം ആതിര മുഖ്യപ്രഭാഷണം നടത്തി. സ്ത്രീ മാധ്യമങ്ങളെ കാണുന്ന രീതിയും മാധ്യമങ്ങൾ സ്ത്രീയെ കാണുന്ന രീതിയും വേർതിരിച്ചു വിലയിരുത്തേണ്ടതുണ്ട്. സ്ത്രീയെ ശരീരം മാത്രമായി കാണുന്ന മാധ്യമ




പ്രവർത്തനത്തിൽ സ്ത്രീ പീഡനം പോലും ശിക്ഷാർഹമായി ചിത്രീകരിക്കപ്പെടുന്നില്ല. സ്ത്രീകളുടെ ചിന്താപരവും സർഗാത്മകവുമായ മാനങ്ങളും അവയുടെ രാഷ്ട്രീയവും തമസ്ക്കരിക്കപ്പെടുന്നതിൽ അവർ ഉൽക്കണ്ഠ രേഖപ്പെടുത്തി. ജില്ലാ പ്രസിഡന്റ് പ്രൊഫ. പി. സായുദേവിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. പി.മമ്മദ്, സെക്രട്ടറി പ്രൊഫ. ഡി.കെ. ബാബു, കോഴിക്കോട് ജില്ലാ പ്രസിഡന്റ് പ്രൊഫ. മാലിനി എന്നിവർ സംസാരിച്ചു. ഡോ. എൻ.ജെ. ജീന സ്വാഗതവും ഡോ. എ.സി. മീരാദേവി നന്ദിയും പറഞ്ഞു.

**Vinodkumar Edachery**
*RSM Sndp Yogam College, Koyilandy*





# Don Quixote

Don Quixote,
You live through
Myriads of births
Bask in the sunshine
Of immortality
Findfans
In hot youths
Staunch revolutionaries
Suicide bombs
Blind believers
Extremists—all are you.
Your attack on windmill
Still thrill a lot
How awesome
Were your exploits
Still I can't help
Telling one thing—
Always it is extremists
Your devout fans
Your spirit glows In the zeal of terror.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology, Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818




# കേന്ദ്ര സർവ്വകലാശാലയിലെ അധ്യാപക നിയമനം ഹൈക്കോടതി റദ്ദാക്കി

കേന്ദ്ര സർവ്വകലാശാല ജന്തുശാസ്ത്ര (അനിമൽ സയൻസ്) വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനം ഹൈക്കോടതി റദ്ദാക്കി. ഈ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനം ലഭിച്ച തമിഴ്മണി ശിവാനന്ദയ്ക്ക് സർവ്വകലാശാല ആവശ്യപ്പെട്ട യോഗ്യതയില്ലെന്ന് കാണിച്ച് തൊട്ടടുത്ത റാങ്കുകാരനായ ബംഗളൂരു സ്വദേശി ഗുരുശങ്കര നൽകിയ ഹർജിയിലാണ് വിധി.

അധ്യാപക നിയമനത്തിലുണ്ടായ അഴിമതി ആരോപണം ശരിവയ്ക്കുന്നതാണ് ഹൈക്കോടതി വിധി. ഇതുമായി ബന്ധപ്പെട്ട് പത്തോളം കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. വിധിയുണ്ടാകുന്ന ആദ്യ കേസാണിത്.

അധ്യാപക നിയമനത്തിൽ അവിഹിത ഇടപെടൽ ഉണ്ടായിട്ടുണ്ടെന്നതിന്റെ തെളിവായാണ് തമിഴ് മണിയുടെ നിയമനത്തെ കോടതി വിലയിരുത്തിയത്. എല്ലാ നിയമനങ്ങളും അസാധുവാക്കണമെന്നതടക്കമുള്ള ഹർജികളിലാണ് ഹൈക്കോടതിയിൽ വാദം നടന്നു വരുന്നത്.

# ഫ്ളാഷ് ബാക്ക്

## എ.കെ.പി.സി.ടി.എ.യുടെ രൂപീകരണം

**1958** ഡിസംബർ 21-ാം തിയ്യതി എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിൽ വച്ചാണ് എ കെ പി സി ടി എ രൂപീകരിക്കപ്പെട്ടത്. പ്രൈവററ് കോളജ് അധ്യാപക പ്രസ്ഥാനത്തിന് ബീജാവാപം ചെയ്തത് പ്രൊഫ. എം. പി. പോളായിരുന്നു. അദ്ദേഹം തുടങ്ങിവെച്ച സംഘടിത പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോയത് തിരുവനന്തപുരം എം. ജി. കോളജ് ലക്ചറർ ആയിരുന്ന ശ്രീ. വിജയൻ നായരാണ്. ഈ പ്രസ്ഥാനത്തിന് വ്യക്തമായ ഒരു സംഘടനാരൂപമുണ്ടായത് 1952 മാർച്ച് 16-ാം തീയതിയാണ്. അന്ന് തിരുവനന്തപുരത്ത് നടന്ന കൺവെൻഷനിൽ വച്ച് തിരുവിതാംകൂർ യൂണിവേഴ്സിററി പ്രൈവററ് കോളജ് ടീച്ചേർസ് യൂണിയൻ രൂപമെടുത്തു. കൊല്ലം എസ്. എൻ. കോളജ് പ്രിൻസിപ്പളായിരുന്ന ശ്രീ. എ. രാമയ്യരായിരുന്നു ആദ്യത്തെ പ്രസിഡന്റ്. 1956-ൽ സംഘടനയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിററി പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി മാററി. 1957 ൽ തിരുവനന്തപുരത്ത് വച്ച് നടന്ന രണ്ടാമത്തെ കൺവെൻഷനിൽ വച്ച് ഈ സംഘടന കേരള പ്രൈവററ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (KPCTA) എന്നായി രൂപാന്തരപ്പെട്ടു. 1957-ൽ തന്നെ കൊച്ചി മലബാർ പ്രദേശത്ത് പ്രൊഫ. നാരായണസ്വാമി, പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ എന്നിവരുടെ നേതൃത്വത്തിൽ മലബാർ - കൊച്ചിൻ പ്രൈവററ് കോളജ് ടീച്ചേർസ് അസോസിയേഷൻ (MCPCTA) എന്നൊരു സംഘടന നിലവിൽ വന്നു. ഈ രണ്ടു സംഘടനകളും സംയോജിച്ചാണ് 1958-ൽ എ കെ പി സി ടി എ ജന്മമെടുത്തത്. പ്രൊഫ. പി. സി. ജോസഫ് (സെന്റ് തോമസ് കോളജ്, പാല), പ്രൊഫ. കെ. വേലായുധൻ നായർ ( എസ്. എൻ. കോളജ്, കൊല്ലം), പ്രൊഫ. വി. ആർ. സുബ്രഹ്മണ്യൻ (സെന്റ് തോമസ് കോളജ്, തൃശൂർ) തുടങ്ങിയവരാണ് ഈ ലയനസംരംഭത്തിന് മുൻകയ്യെടുത്ത് എ കെ പി സി ടി എ സ്ഥാപിച്ച നേതാക്കൾ. കേരളത്തിലുടനീളമുള്ള പ്രൈവററ് കോളജ് അധ്യാപകർ അങ്ങനെ ഇദംപ്രഥമമായി ഒരു കൊടിക്കീഴിൽ അണിനിരന്നു.



എം.സി.പി.സി.ടി സ്ഥാപക നേതാവ്
**പ്രൊഫ. നാരായണ സ്വാമി**



എ.കെ.പി.സി.ടി.എ പ്രഥമ പ്രസിഡൻറ്
**പ്രൊഫ.പി.സി.ജോസഫ്**



എ.കെ.പി.സി.ടി.എ പ്രഥമ ജന. സെക്രട്ടറി
**വി. ആർ. സുബ്രഹ്മണ്യം**



എ.കെ.പി.സി.ടി.എ ആദ്യകാല പ്രസിഡൻറ്
**പ്രൊഫ. കെ. വേലായുധൻ നായർ**

# ഡോക്ടറേററ്



കേരള സർവ്വകലാശാലയിൽ നിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച കൊല്ലം എസ്.എൻ. വനിതാ കോളജ് അധ്യാപിക **കെ. ലീനാ കുമാരി.** മാർ ഇവാനീയോസ് കോളജിലെ ഡോ. മേരിജോർജിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



അണ്ണാമല യൂണിവേഴ്സിററിയിൽ നിന്നും ഫിസിക്കൽ എഡ്യൂക്കേഷനിൽ ഡോക്ടറേററ് നേടിയ കരമന എൻ.എസ്.എസ്. വനിതാ കോളജ് അധ്യാപിക **ടി.വൃന്ദാകുമാരി.** *Comparison of Selected Psychological Variables Between Male and Female Hockey Players of Different Age Categories in Kerala.* എന്ന വിഷയത്തിൽ ഡോ. മംഗയാർകർസിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



കൊച്ചി ശാസ്ത്ര- സാങ്കേതിക സർവ്വകലാശാലയിൽ നിന്നും ബോട്ടണിയിൽ ഡോക്ടറേററ് നേടിയ പയ്യന്നൂർ കോളജ് അധ്യാപകൻ **ഇ. ഹരികൃഷ്ണൻ.** *ഇന്ത്യൻ സമുദ്രമേഖലയിലെ സൂക്ഷ്മ പായലുകൾ* എന്ന വിഷയത്തിൽ കുസാററ് മറൈയിൻ സയൻസ് വിഭാഗത്തിലെ ഡോ. കെ.ജെ.ജോസഫിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം

2012 ജൂലായ് 19 മുതൽ 22 വരെ സ്റ്റീവൻസ് ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി, ന്യൂജേഴ്സി (യു.എസ്.എ) യിൽ വച്ച് നടന്ന *High Freequency Data Models with Applications to Finance- 2012* കോൺഫറൻസിൽ പ്രബന്ധം അവതരിപ്പിച്ച മാല്യയങ്കര എസ്. എൻ. എം. കോളജ് അധ്യാപകൻ **ഡോ.കെ. കെ. തമ്പി.**





പരുമല ഡി.ബി പമ്പാ കോളജ് അധ്യാപകൻ **ഡോ. വി. പ്രകാശ്** രചിച്ച *In - Migration of Workers to Kerala* എന്ന പുസ്തകം മഹാത്മാഗാന്ധി സർവ്വകലാശാല പ്രൊ. വൈസ് ചാൻസലർ ഡോ. രാജൻവറുഗീസ് പ്രകാശനം ചെയ്യുന്നു.

R.No. 36025/81
No. 237

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2012-2014
Rs. 11/-
November 2012




Edited , Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494,
Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar